Mr. Speaker: I hope the House is aware of what I have said now. I don't wish to go against the expressed provisions of the Rules.

ശ്രീ. ഈ. പി. ഗോപാലൻ: വിഷയത്തിൽനിന്നു വിട്ടുപോകരുതെന്നുള്ള നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ടു് ഞാൻ പറയുകയാണു്. പ്രത്യേകിച്ചും ഇതുപോലുള്ള ഒരു ബില്ലിന്റെ കാര്യത്തിൽ ഒരു വിഷയത്തെ സംബന്ധിച്ചു് അമെൻറുമെൻറു് മൂവു് ചെയ്തു സംസാരിക്കുന്ന അവസരത്തിൽ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട മററു സംഗതികളെ സ്പർശിക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയല്ല. ഉദാഹരണത്തിനു് gross produce നോക്കുക. ഈ കാര്യം നിർണ്ണയിക്കുന്നതിനു് ലാൻറു്, പ്രതിഫലം, ഈ മാതിരിയുള്ള കാര്യങ്ങളെ സ്പർശിക്കേണ്ടതായിട്ടുണ്ടു്. സ്വാഭാവികമായി ഈ മാതിരിയുള്ള കാര്യങ്ങളൊക്കെ സ്പർശിക്കേണ്ടിവരും.

മി. സ്പീക്കർ: Repetition കഴിയുന്നത്ര ഒഴിവാക്കണം. കാര്യങ്ങൾ ചുരുക്കിപ്പറയുന്നതിനു് ശ്രദ്ധിക്കണമെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ ഉച്ചതിരിഞ്ഞിരിക്കുന്നതു് സാദ്ധ്യമല്ലെന്നുള്ള കാര്യം ഞാൻ നേരത്തേ കമ്മിററിയിൽ പറഞ്ഞതാണു്. അങ്ങനെ വേണമെങ്കിൽ ഞങ്ങളെക്കൂടാതെ നടത്തിക്കൊള്ളണം. എത്ര ദിവസം വേണമെങ്കിലും അസംബ്ലി നീട്ടിക്കൊള്ളണം. പക്ഷേ ഞങ്ങൾക്കു് ഉച്ചതിരിഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: മര്യാദക്കാരായ പി. എസ്സ്. പി. ക്കാർക്കു് ഉച്ചതിരിഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല

ശ്രീ. പൊന്നറ ജി. ശ്രീധർ; സർ, ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഉച്ചതിരിഞ്ഞു് അഞ്ചുമണിക്കുശേഷം നേരം വെളുക്കുന്നതുവരെ വേണമെങ്കിലും ഇരിക്കാം. പക്ഷേ ഉച്ചസമയത്തിരിക്കുവാൻ പ്രയാസമാണു്. കാരണം എന്താണെന്നുവച്ചാൽ ഉച്ചക്കു് ഊണുകഴിഞ്ഞു് സാധാരണ ഒന്നു ഉറങ്ങുന്ന പതിവുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഇന്നു പോകുന്ന രീതിയിൽ പോകുകയാണെങ്കിൽ തിങ്കളാഴ്ചമുതൽ ഉച്ചതിരിഞ്ഞു് ഇരിക്കേണ്ടിവരും. ഈ സഭ ആരംഭിച്ചപ്പോൾ തന്നെ ഞാൻ ഈ വിവരം അറിയിച്ചിട്ടുള്ളതാണു്. ഉച്ചതിരിഞ്ഞു് എത്ര മണിവരെ ഇരിക്കണമെന്നുള്ളതിനെപ്പററി ഞങ്ങളുടെ ഭാഗത്തുനിന്നു് ഒരു നിർബന്ധവുമില്ല. ഇവിടെ ശ്രീ. പൊന്നറ ശ്രീധർ പറയുന്നതുകേട്ടു, അഞ്ചുമണിക്കുശേഷം എത്ര മണിവരെ വേണമെങ്കിലും ഇരിക്കാമെന്നു്. എത്ര മണിവരെ ഇരിക്കണമെന്നുള്ളതു് സഭയാണു് തീരുമാനിക്കേണ്ടതു്. പ്രധാന പ്രതിപക്ഷം ഇതിനെ എതിർക്കുന്നതു് എങ്ങനെയാണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. അവർ മുൻപു് കാർഷിക ബന്ധനിയമത്തെപ്പററി ചർച്ച നടന്നുകൊണ്ടിരുന്നപ്പോൾ ഉച്ചതിരിഞ്ഞും രാത്രിയുംകൂടിയിരുന്നു ചർച്ചചെയ്തു പൂർത്തിയാക്കിയെന്നാണു് എന്റെ ഓർമ്മ.

ശ്രീ. ഈ. പി. ഗോപാലൻ: പകൽനേരം നാൽപ്പതോ നാൽപ്പത്തിയഞ്ചോ ദിവസംവരെ ചർച്ച ചെയ്തുകഴിഞ്ഞതിനുശേഷം തീരാഞ്ഞിട്ടു് യാതൊരു തരത്തിലും നിവൃത്തിയില്ലാത്തതുകൊണ്ടാണു് ഉച്ചതിരിഞ്ഞു് സെഷൻ വച്ചതു്.

ശ്രീ. പി. ടി. ചാക്കോ: എന്റെ ഓർമ്മ ശരിയാണെങ്കിൽ രാത്രിയിലും ഇരുന്നിട്ടുണ്ടു്.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963

Clause 2 (25)

Mr. Speaker: Order, Order. We need not go into a discussion about it. We pass on to Legislative Business. Now Smt. Gouri can continue her speech.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഇന്നലെ 33-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് സംസാരിക്കുകയായിരുന്നു. അത് ഞാൻ അവതരിപ്പിച്ചെങ്കിലും അത് കൈപ്പിശകുമൂലം എഴുതിയിട്ടുള്ളതാണ്. അതു press ചെയ്യുന്നില്ല. ഞാൻ ഉദ്ദേശിക്കുന്നത് 39-ാം നമ്പർ ഭേദഗതിയാണ് 1957 ഏപ്രിൽ 11 എന്നുള്ളതിന്റെ സ്ഥാനത്ത് 1963 സെപ്റ്റംബർ 18 എന്നാക്കണമെന്നാണ്. ആ നിലക്ക് ഭേദഗതി 38 ഞാൻ പ്രസ് ചെയ്യുന്നില്ല. 39 ആണ് പിന്നീടുള്ള എന്റെ ഭേദഗതി· അതിന്റെ കൂടെ 161-ം. സർ, അത് ഇന്നലെ ഞാൻ ദീർഘമായി സംസാരിച്ചു. കുടികിടപ്പുകാർക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങളും, അനുഭവങ്ങളും ഇവയെസംബന്ധിച്ച് വ്യക്തമായി ഇന്നത്തെ നിയമത്തിൽ ധാരണയില്ലാതെ വന്നിരിക്കുന്നതുകൊണ്ട്, അതിനുള്ള വകുപ്പുകളില്ലാതെ വന്നിരിക്കുന്നതുകൊണ്ട്, വേറെ സ്ഥലത്ത് 'and he has no interest in the land' എന്നും എഴുതിവച്ചതുകൊണ്ട്, ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നതിനും കടന്നാക്രമണം ചെയ്യുന്നതിനും, ഇല്ലാതാക്കുന്നതിനും ബന്ധപ്പെട്ട വസ്തു ഉടമസ്ഥന്മാർക്ക് ചെയ്യുന്നുണ്ട്. അതു നിയമമനുസരിച്ചു തടുക്കുവാൻ കുടികിടപ്പുകാരനു സാധ്യവുമല്ല. അതിനുവേണ്ടി കുടികിടപ്പുകാർക്ക് നിയമപരമായ യാതൊരു നടപടിക്കും പോകുവാൻ നിവൃത്തിയില്ലാതെ വന്നിട്ടുണ്ട്. സിവിലായും, ക്രിമിനലായും കുടികിടപ്പുകാർക്ക് പോകുവാൻ അവകാശങ്ങളില്ല. അതുകൊണ്ട് കുടികിടപ്പുകാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. നിയമപരമായ അവകാശങ്ങളും കിട്ടത്തക്കവിധത്തിൽ ആവശ്യമായ വ്യാഖ്യാനം ചേർക്കണം.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഈ അമൻറുമെൻറിൽ കസ്റ്റംസ് എന്നാണ് പറഞ്ഞിരിക്കുന്നത്. കസ്റ്റംസ് എന്നു പറഞ്ഞാൽ വേറെ അർത്ഥമാണ്. ഇതു് കസ്റ്റമാണോ, കസ്റ്റംസാണോ?

ശ്രീമതി കെ. ആർ. ഗൗരി: തിരുത്തലിനു് നന്ദി പറയുന്നു. കസ്റ്റംസ് എന്നല്ല, കസ്റ്റം എന്നുതന്നെയാണ്.

ശ്രീ. ടി. എ. തൊമ്മൻ: ഇവിടെ കൊടുത്തിട്ടുള്ള എല്ലാ അമൻറുമെൻറിലും കസ്റ്റംസ് എന്നുതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: എന്റെ ഭേദഗതിയെല്ലാം അസലാക്കുന്നതിനുള്ള ചുമതല മിസ്റ്റർ തൊമ്മനു് വിട്ടുകൊടുത്തിരിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: എന്നാൽ അതു് ഹാജരാക്കുന്ന ചുമതലകൂടി അദ്ദേഹത്തിനു വിട്ടുകൊടുക്കണം.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഭേദഗതികൾ ഞാൻതന്നെ ഹാജരാക്കണമെന്നു എനിക്കു് നിർബന്ധമൊന്നുമില്ല. മിസ്റ്റർ തൊമ്മൻ ഹാജരാക്കിയാലും. അതു് അനുവദിച്ചുകിട്ടണമെന്നു മാത്രമേ എനിക്കഭിപ്രായമുള്ളു.

ശ്രീ. ടി. എ. തൊമ്മൻ: സംശയം ഉണ്ടായാൽ അതു് തിരുത്താൻ പററിയ ആളാം ശ്രീമതി ഗൗരിക്കുണ്ടല്ലോ. അങ്ങനെ വല്ല സംശയവുമുണ്ടെങ്കിൽ ശ്രീ. ടി. വി. തോമസിനോട് ചോദിച്ചാൽ മതിയല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: അദ്ദേഹം ഇവിടെ ഇല്ലല്ലോ· അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ഈ കുഴപ്പം വരുകയില്ലായിരുന്നല്ലോ.

അപ്പോൾ ആ നിലക്ക് എന്റെ ഭേദഗതിയുടെ ഉദ്ദേശം ഇന്നു കിട്ടുന്ന ആനുകൂല്യങ്ങൾ—തമാശ പറഞ്ഞതിന്റെ ഇടക്ക്—ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊന്നും ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോകരുതെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. കസ്റ്റം പ്രകാരമോ, പ്രാക്ടീസ് പ്രകാരമോ കൃഷിക്കാരനു് കിട്ടിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കരുതെന്നും, ആ ആനുകൂല്യങ്ങൾ സുരക്ഷിതമാക്കാൻവേണ്ടിയുള്ള ഒരു വകുപ്പ് ഇതിൽ എഴുതിച്ചേർക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അടുത്ത എന്റെ ഭേദഗതി 293 ആണ്

LIBRARY ARCHIVES Kerala Legislative Assembly

In clause 2 (25), before the proviso, add a new explanation

"*Explanation*: For the purposes of this sub clause 'easement' means easements as defined in the Indian Easements Act, 1882 and includes, right to way, right to light, right to water, and right to movements."

Easement define ചെയ്യാൻ വിഷമമാണ്. അതുകൊണ്ടാണ് Indian Easement Act-ൽ ഉള്ളതിനു പുറമെ മററു കാര്യങ്ങൾ വ്യക്തമായി പറഞ്ഞിരിക്കുന്നതു്. ഈ ഭേദഗതിയുടെ ഉദ്ദേശം ഇന്നു് കുടികിടപ്പുകാരനു് കുടികിടപ്പിനോടനുബന്ധിച്ച് ഉള്ള അനുഭവാവകാശം സുരക്ഷിതമായിരിക്കണമെന്നതിനാലാണ്. ഈ ഭേദഗതി ശരിയായില്ല എങ്കിൽ അതിന്റെ സത്തയെ കണക്കിലെടുത്തു് മന്ത്രി ഭേദഗതി അവതരിപ്പിച്ചാൽ മതി. പല സ്ഥലങ്ങളിലും കുടികിടപ്പുകാർ താമസിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് ഈസ്മെൻറു് എന്നു പറയുന്നുണ്ടെങ്കിലും, ഈസ്മെൻറു് എന്ന കാര്യത്തിനു വ്യവസ്ഥയുണ്ടെങ്കിലുംപിന്നെയും അതു് ഡഫിനിററായി കൈകാര്യം ചെയ്യുന്നതിനു് സാദ്ധ്യമല്ലാത്തതുകൊണ്ടു്, അനുഭവമോ റൈററോ കുടികിടപ്പുകാരെ സംബന്ധിച്ച് ഈസ്മെൻറു് എന്തായിരിക്കണമെന്നുള്ളതിനു് ഒരു വ്യക്തമായ നിബന്ധന ഈ നിയമത്തിൽ ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്നാൽ വ്യക്തമായ നിബന്ധന ഒരു പക്ഷേ ഞാൻ എഴുതിയ വിധത്തിലല്ലായിരിക്കാം, അതു സ്വീകരിച്ചില്ലെങ്കിലും ഈസ്മെൻറിനെ സംബന്ധിച്ച് തീർച്ചയായും ഒരു വ്യക്തത ഉണ്ടാകേണ്ടതു് ആവശ്യമാണ്. അല്ലെങ്കിൽ പല കുടികിടപ്പുകാരും കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളമുള്ള കുളം നികത്തിക്കളയുകയോ, വെള്ളം എടുപ്പിക്കാതിരിക്കുകയോ, അല്ലെങ്കിൽ പുരയിടത്തിന്റെ വേലി പുരയിടത്തിൽ ഇല്ലാതാക്കുകയോ, വേറെ പുരവച്ചുകെട്ടുകയോ ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതാണ്. ഇപ്പോൾതന്നെ ജയപ്പൂർ സമ്മേളനം കഴിഞ്ഞതിനുശേഷം പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ വായിക്കുകയുണ്ടായി, ആ പ്രസ്താവനയിൽ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും, സോഷ്യലിസം കൂടുതൽ പണം ഒരുവശത്തു് കുന്നുകൂടികിടക്കുന്നതു് മാററാനും, നടപ്പാക്കാമെന്നുമാണ് പറയുന്നതു്. അപ്പവും, വെള്ളവും എല്ലാവർക്കും കൊടുക്കണമെന്നു ഞാൻ പറയുകയല്ല. തന്റെ അദ്ധ്വാനം കഴിഞ്ഞു് വൈകുന്നേരം തിരിയെ വീട്ടിൽവരുന്ന സാധാരണക്കാരനു് കിടന്നുറങ്ങാൻ ഒരിഞ്ചു, മററു ഭൂമി സ്വന്തമായില്ലാത്ത കുടികിടപ്പുകാരനു് അവന്റെ ഭാര്യയും, കുഞ്ഞുങ്ങളും മററു കുടുംബാംഗങ്ങളുമൊത്തു് സ്വൈരമായി താമസിക്കുന്നതിനുള്ള ഒരു വീടുണ്ടാകണമെന്നു മാത്രമേ പറയുന്നുള്ളു. കാർഷികബന്ധനിയമം വന്നതിനുശേഷവും കുടികിടപ്പുനിയമം വന്നതിനുശേഷവും കുടികിടപ്പുകാരൻ അന്നുമുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നതായ അവകാശങ്ങളുടെ പേരിൽ കടന്നാക്രമണം നടത്തുന്നതു തടയണമെന്നു മാത്രമേ പറയുന്നുള്ളു. 1960-നു ശേഷം ഈ കടന്നാക്രമണം ശക്തിയായി വർദ്ധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. ആ ബുദ്ധിമുട്ടുകൾ തടയുന്നതിനുവേണ്ടി ഈസ്മെൻറിൽ പ്രത്യേകം വ്യാഖ്യാനം കൊടുക്കണമെന്നു പറയുകയാണ്. അടുത്ത ഭേദഗതി 346 ആണ്.

"In clause 2 (25), delete "but otherwise has no interest in the land".

അടുത്തതായി ഇന്നു അനുഭവം കിട്ടുന്നതിനുവേണ്ടി തടസ്സമായി mortgage in possession ചേർത്തിരിക്കുന്നതുകൊണ്ടു ബുദ്ധിമുട്ടു് വരുന്നതാണ്. അതുകൊണ്ടു് അതു എടുത്തുകളയണം. ആ വിധത്തിലുള്ളതാണ് എന്റെ ഭേദഗതി നമ്പർ 348.

"In clause 2 (25), delete the last portion after "mortgagee in possession or" and substitute 'by a tenant from whom the land in which the kudikidappu is situate is liable to be resumed.'

ഇപ്പോഴത്തെ നിയമത്തിൽ Sub-clause 25-ന്റെ അവസാനഭാഗത്തിൽ പറയുന്നതു്.

"Provided that a person shall not be deemed to be a kudikidappukaran, if the aforesaid permission was granted after the 11th day of April,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

1957, by a mortgagee in possession or by a tenant who was not entitled to fixity of tenure under any law then in force.''

ഈ ഭേദഗതിയിൽതന്നെ ഇന്നത്തെ ഭൂമി, സമൂഹത്തിന്റെ ഭൂമി 11 ഏപ്രിൽ 1957 എന്നുള്ളതു് പുതിയ പരിഷ്കരണബില്ല് കൊണ്ടുവന്നിരിക്കുന്ന ദിവസമായ 18 സെപ്റ്റംബർ 1963 എന്നുകൂടി ചേർക്കണമെന്നുള്ളതാണു്. അതോടുകൂടി പഴയ ബില്ലിലുണ്ടായിരുന്ന വ്യവസ്ഥ റദ്ദു ചെയ്യുന്ന ഭൂമികളെ ബാധിക്കുന്ന രീതിയിലെങ്കിലും നിറുത്തണമെന്നുള്ള അഭ്യർത്ഥനയുണ്ടു്. ആ വകുപ്പു് എടുത്തുകളഞ്ഞാലും വേണ്ടകില്ല. ഈ അവസരത്തിൽ ഒരു കാര്യം ഞാൻ പറയുകയാണു്. അപ്പുറത്തുനിന്നുണ്ടാകുന്ന കൈപ്പിശകുകളും ബാക്കിയുമൊക്കെ വരുന്നതു് കുടികിടപ്പുകാരന്റെ ആനുകൂല്യങ്ങൾ കൂടുതൽ അങ്ങോട്ടു് കവർന്നെടുക്കത്തക്ക രീതിയിൽ ആകരുതു്. അതു് വളരെ ഖേദകരമാണു്.

50—52 ഇതു രണ്ടും ഒന്നുതന്നെയാണു്. ഇതുപോലുള്ള ഭേദഗതികൾ ശ്രീ. തൊമ്മനും അവതരിപ്പിച്ചിട്ടുണ്ടു്. ഞാൻ കൂടുതൽ ഭേദഗതികളെ സംബന്ധിച്ചു പറയുന്നില്ല. ശ്രീമാൻ തൊമ്മനും ഭേദഗതികൾ അവതരിപ്പിച്ചതായി കാണുന്നു. ഇതിൽ പ്രാക്ടിക്കലായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ടു്. ഇന്നു് സാധനങ്ങളുടെ വില വളരെയധികം വർദ്ധിച്ചിരിക്കുകയാണു്. ജന്മി ഉണ്ടാക്കുന്ന വീടുകൾക്കു് 400 ഉറുപ്പിക വിലയും 4 ഉറുപ്പിക വാടകയും എന്നു വയ്ക്കുന്നതു് മനസ്സിലാക്കാതെയാണു്. ഇന്നു് 100 ഓലക്കു് 25 രൂപ വിലയുണ്ടു്. ഒരു കല്ലൻമുളയ്ക്കു് വില അഞ്ചു രൂപ, അഞ്ചര രൂപ വരെയായിട്ടുണ്ടു്. ഗവൺമെന്റു തന്നെ പുറംപോക്കിൽ താമസിക്കുന്ന ആളുകളെ മാററിത്താമസിപ്പിക്കുമ്പോൾ വീടുവയ്ക്കാൻ കല്ലൻമുളയാണു് കൊടുക്കുന്നതു്. അങ്ങനെ ഒരു കെട്ടിടം വയ്ക്കുന്നതിനു 400 ക. 450 ക. എന്നുള്ള വിധത്തിൽ ഇന്നത്തെ നിയമത്തിൽ ഇരിക്കുന്നതു് അപര്യാപ്തമാണു്. ശ്രീ. കോരൻ അവതരിപ്പിച്ച ഭേദഗതിയിൽ ആയിരം രൂപവരെ വരും. ശ്രീ. ടി. എ. തൊമ്മൻ പറയുന്നതു് കെട്ടിടം ഉണ്ടായ കാലത്തു് ഇത്രയധികം സാധനത്തിനു് വിലക്കയററം ഇല്ലെന്നാണു്. സർ, ഏതായാലും ഇതൊരു പരിതാപകരമായിട്ടുള്ള സ്ഥിതിയാണു്. കെട്ടിടം ജന്മിയുടെ കൈയിൽ എങ്ങനെ വന്നുചേർന്നു എന്നുള്ളതിനു് ഒരു ചരിത്രമുണ്ടു്. ഞാൻ മുമ്പു സംസാരിച്ച അവസരത്തിൽ പറഞ്ഞോ എന്നറിയില്ല. സാധാരണ കെട്ടിടങ്ങൾ വയ്ക്കുകയാണെങ്കിൽ കാലാകാലം കഴിയുമ്പോൾ, കുടികിടപ്പുകാരൻ ഒരു ചാത്തു് വെച്ചുകെട്ടുക സ്വാഭാവികമാണു്. അങ്ങനെയല്ലെങ്കിൽ ജന്മി വളരെ സന്മനോഭാവം കാണിച്ചുകൊണ്ടു് കുടിയാനു് ഒരു വീടു വച്ചുകൊടുക്കണം. പാവപ്പെട്ട കുടികിടപ്പുകാരൻ കിടന്നുറങ്ങാമല്ലോ എന്നു വിചാരിക്കും. പക്ഷെ അതോടുകൂടി ഒരു വാടകച്ചീട്ടും വാങ്ങും. അവനെ സഹായിക്കുകയല്ല അവന്റെ അവകാശങ്ങൾ നഷ്ടപ്പെടുത്തുകയാണു് അതുമൂലം വരുന്നതു്. കുടികിടപ്പുകാരനുണ്ടായിരുന്ന കെട്ടിടം അവർ വച്ചിരുന്ന സ്ഥാനത്തുതന്നെ കെട്ടിടം ഉണ്ടെന്നു കാണിക്കാൻ പണ്ടു് ഒരു രജിസ്റ്റർ പ്രിപ്പയർ ചെയ്യുന്നതിനുള്ള സംരംഭം നടന്നിട്ടുണ്ടു്. അതു് അപ്രായോഗികമായതുകൊണ്ടു് അതു നടക്കാതിരുന്നിട്ടുണ്ടു്. ആ നിലയിൽ കെട്ടിടങ്ങളെ സംബന്ധിച്ചു് വില ഉയർത്തുന്നതിനും കെട്ടിടം വയ്ക്കുന്നതിനും വേണ്ടിയുള്ള ചെലവുകൾ അതുയർത്തുന്നതിനുവേണ്ടിയുള്ള സംരംഭം ഈവിധത്തിൽ ഉണ്ടാവുകയാണു്. ഞാൻ വ്യക്തമായിട്ടു് എത്ര തുകയെന്നു പറയുന്നില്ല. സാധനങ്ങളുടെ വിലക്കയററം കുടികിടപ്പുകാരന്റെ കെട്ടിടത്തിലെ സാധനങ്ങൾക്കും ബാധകമാണു്. അതും കണക്കിലെടുക്കണം. ഇന്നു കുടികിടപ്പുകാരെ സംബന്ധിച്ചു് പുതുക്കിപ്പണിയുന്നതിനു വ്യവസ്ഥയുണ്ടു്. പക്ഷെ അതിന്റെ പ്ലിന്തു് ഏരിയാ ശകലംകൂടി വലുതാക്കുന്നതിനു നിയമമില്ല. അതിൽ ഇത്രയാണു് എന്നുള്ള വിധത്തിൽ വലുതാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥയില്ല. ഇന്നു് കൂടുതലുള്ളതു് അംഗീകരിക്കുകയും അതേസമയത്തു് തീരെ ചെറുതായിരിക്കുന്നവ പുതുക്കിപ്പണിയുന്നതിനുള്ള അവകാശം കൊടുക്കുമ്പോൾ ഒരു മിനിമം പ്ലിന്തു് ഏരിയ ഇത്രയെന്നു് ഒരു വ്യവസ്ഥയുംകൂടി കൊടുക്കണം. വളർന്നുവരുന്ന സമുദായം 1977–ലെങ്കിലും സോഷ്യലിസം കരസ്ഥമാക്കണം. സോഷ്യലിസം വളരുന്നതിനു കിടന്നുറങ്ങുന്ന കൂര......

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: അതിൽ താമസിക്കുന്നവരുടെ അംഗസംഖ്യയും വർദ്ധിക്കുന്നു എന്നുള്ളതു് മനസ്സിലാക്കിയോ?

ശ്രീമതി കെ. ആർ. ഗൗരി: അംഗസംഖ്യ വർദ്ധിക്കുമ്പോൾ പോരാതെ വരും. കുറെ കാലം കഴിയുമ്പോൾ സാധാരണയായിട്ടു് അംഗസംഖ്യ വർദ്ധിച്ചുവരും. അങ്ങനെ അംഗസംഖ്യ വർദ്ധിക്കുമ്പോൾ മകൻ ഒരു പെൺകുട്ടിയെ കൊണ്ടുവരികയാണെങ്കിൽ അമ്മയും, അച്ഛനും, മകനും, മരുമകളും എല്ലാം ഒരു മുറിയിൽ കിടക്കുന്നതു ശരിയല്ല. അതുകൊണ്ട് അതെങ്കിലും നാം അംഗീകരിക്കണം.

ശ്രീ. കെ. ഭാർഗ്ഗവൻ: അംഗസംഖ്യ വർദ്ധിക്കുമെന്നു പറഞ്ഞതു് എല്ലാ കേസ്സിലും അംഗസംഖ്യ വർദ്ധിക്കുമെന്നാണോ?

ശ്രീമതി കെ. ആർ. ഗൗരി: എല്ലാ കേസ്സിലുമില്ലെങ്കിലും ഏതെങ്കിലും ഒരു വശത്തു് അംഗസംഖ്യ വർദ്ധിച്ചു എന്നുവരും.

ശ്രീ. പി. ടി. ചാക്കോ: ഇക്കാര്യമെല്ലാം അവർ തമ്മിൽ പറഞ്ഞാൽ പോരേ; സഭയിൽനിന്നു പറയണോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഭേദഗതിയുടെ കാര്യം പറയുകയാണു്. കൊച്ചുപിള്ളരായതുകൊണ്ടു് ഒരു അധികപ്രസംഗം ചോദിച്ചു. അതു തിരുത്തിക്കൊടുത്തു എന്നുമാത്രമേയുള്ളു. അപ്പോൾ ആ നിലയിൽ തത്വം എന്നുള്ള നിലയിൽ അംഗീകരിക്കുന്നുണ്ടല്ലോ? ഒരു വീട്ടിൽ അംഗസംഖ്യ വർദ്ധിക്കുമ്പോഴും ഇന്നത്തെ നിലയിലുള്ള ഒരു ചെറിയ മാളമാണെങ്കിൽ അതു പുതുക്കിപ്പണിയുന്നതിനുള്ള വ്യവസ്ഥ കൊടുക്കുമ്പോഴും ഒരു മാക്സിമമോ, മിനിമമോ എന്നുള്ള റ്റിപ്പു് ഏരിയ കൊടുക്കുന്നതു് നന്നായിരിക്കും. ഇതിനൊരു ഭേദഗതി എഴുതാൻ ആലോചിച്ചാലോചിച്ചിരുന്നു സാധിച്ചില്ല. അതുകൊണ്ടു് ഇതുംകൂടി സഭയുടെ മുമ്പാകെ വയ്ക്കുകയാണു് ഈ രാജ്യത്തു് ഒന്നുമില്ലാത്ത വിഭാഗക്കാരെ സംബന്ധിച്ചു്, എടുക്കുന്ന എല്ലാ തീരുമാനങ്ങളും അവധാനതയോടുകൂടി അവ അനുകൂലമാക്കാൻ നാം ശ്രമിക്കണം. കുടികിടപ്പുകാരനു Socialism ഞാൻ ആവശ്യപ്പെടുന്നില്ല. തൊഴിലാവശ്യപ്പെടുന്നില്ല. വലിയ മണിമാളിക ആവശ്യപ്പെടുന്നില്ല. ഉള്ളക്കുരയിൽ വിശപ്പാണെങ്കിൽപോലും കുടുംബവുമൊത്തു കിടന്നുറങ്ങാനുള്ള അവകാശം മാത്രമേ ഈ socialist യുഗത്തിൽ ഞാൻ ചോദിക്കുന്നുള്ളു. 2000 സംവത്സരങ്ങൾക്കുമുമ്പു് കുരിശിലേറിയ ക്രിസ്തുവിന്റെ അവസാനവചനങ്ങളാണു് ഞാനീയവസരത്തിൽ ഓർക്കുന്നതു്. "കേവലം വന്യമൃഗങ്ങൾക്കും അതുപോലെ ക്രൂരജന്തുക്കൾക്കും താമസിക്കുന്നതിനും, വിഹരിക്കുന്നതിനും കാടുകളുണ്ടു്. പാമ്പുകൾക്കു് ജീവിക്കുന്നതിനു് അവരുടേതായ മാളങ്ങളുണ്ടു്. പറവകൾക്കു് നിസ്സംശയമായി വിഹരിക്കാൻ ആകാശമുണ്ടു്, മനുഷ്യരുടെ മക്കൾക്കു് താമസിക്കുന്നതിനു് ഇടമില്ല."

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇതു പറയുന്നതു്, ഏതു ഭാഗത്തുനിന്നാണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: മഹാനായ യേശുക്രിസ്തുവിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് സംസാരിക്കുമ്പോൾ അതും നിയമസഭയിൽ സംസാരിക്കുമ്പോൾ ഇതുപോലെ അർത്ഥമില്ലാത്ത ചോദ്യം ശരിയല്ല. രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പു് യേശുക്രിസ്തു പറഞ്ഞതായിട്ടുള്ള വാക്കുകൾ "മനുഷ്യന്റെ മക്കൾക്കു തല ചായ്ക്കാൻ ഇടമില്ലെന്നു" പറയുന്നതു്, ആ ഒരു സ്ഥിതി നമ്മുടെ നാട്ടിൽ സോഷ്യലിസം പ്രഖ്യാപിച്ചു കഴിഞ്ഞു് പത്തു കൊല്ലം കഴിഞ്ഞതിനു ശേഷവും നിലനിൽക്കുന്നു. അതനുവദിക്കാൻ പാടില്ല. അതു തീരുക തന്നെ വേണം. അതിനാവശ്യമായിട്ടുള്ള നിലയിൽ ഒന്നുമില്ലാത്ത വിഭാഗത്തിനു്, ഒരിഞ്ചു ഭൂമിപോലുമില്ലാത്ത വിഭാഗക്കാരുടെ കാര്യം ചർച്ച ചെയ്യുമ്പോൾ, അവരുടെ അവകാശത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ, അവരുടെ അനുഭവങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ എല്ലാ ഭാഗത്തുനിന്നും ഒരുപോലെ കരുണ ഉണ്ടാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ സംസാരം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ഭേദഗതികളിൽ ചിലതു് ശ്രീമതി ഗൗരി വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് എല്ലാം ഭേദഗതികളെ സംബന്ധിച്ചും ഞാൻ വിശദീകരിക്കുന്നില്ല. 292-ാമത്തെ ഭേദഗതി എടുക്കാം. ഈ നിയമത്തിൽ പറയുന്നതു് കുടികിടപ്പുകാരനു് വസ്തു ഉടമസ്ഥന്റെ അനുവാദത്തോടുകൂടി വീടുവച്ചു താമസിക്കുന്നതിനുള്ള അവകാശമല്ലാതെ മറ്റൊരവകാശവും ഉണ്ടായിരിക്കാൻ പാടുള്ളതല്ല എന്നുള്ളതാണു്. അതിനാണു് എന്റെ ഭേദഗതി. ഈ ഭേദഗതിയിൽ പറയുന്നതു് കുടികിടപ്പുകാർക്കു് മുമ്പു് പറമ്പുടമസ്ഥന്മാർ നൽകിക്കൊണ്ടിരുന്ന പുര കെട്ടുന്നതിനുവേണ്ടിയുള്ള ഓല കിട്ടാനും അതുപോലെതന്നെ ഇതേവരെ പുരത്തേങ്ങ കിട്ടിക്കൊണ്ടിരിക്കുന്നതു കിട്ടാനും, താമസിക്കുന്ന വീടിനുചുറ്റും നടുതലകൾ എന്നറിയപ്പെടുന്ന സ്ഥിരംദേഹണ്ഡങ്ങളല്ലാത്ത ദേഹണ്ഡങ്ങൾ ഉണ്ടാക്കാനും അവകാശം ഉണ്ടായിരിക്കണമെന്നും ആ അവകാശമൊഴിച്ചു് താമസിക്കുന്നതിനുള്ള അവകാശവുംകൂടി ലഭിക്കാനുള്ള കാര്യത്തിലേക്കു് ഇതിന്റെ വ്യാപ്തി ഭേദപ്പെടുത്തണമെന്നും ആണു്. ഇതു് ഒരു പുതിയ ആനുകൂല്യം എന്നുള്ള നിലക്കു് ഭേദഗതി അവതരിപ്പിക്കുന്നതല്ല. നമ്മുടെ നാട്ടിലെ കുടികിടപ്പുകാരുടെ ചരിത്രം പരിശോധിക്കുമ്പോൾ ഈ ആനുകൂല്യം അവർക്കു് അനുവദിക്കേണ്ടതാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഈ കുടികിടപ്പുകാർക്കു് കിട്ടിയിട്ടുള്ള കൂരകൾ—അനധികൃതമായി കൈയേറി താമസിച്ചതുപോലെ—പറമ്പുടമസ്ഥന്മാരുടെ അനുവാദം കൂടാതെ താമസിച്ചിട്ടുള്ളതല്ല. കുടികിടപ്പുകാരെ സംബന്ധിച്ച നിയമം ഉണ്ടാക്കുന്ന സന്ദർഭത്തിൽ കുടികിടപ്പുകാർക്കും, കൃഷിക്കാർക്കും, മററു വിഭാഗക്കാർക്കും അങ്ങോട്ടുമിങ്ങോട്ടും ചില ആനുകൂല്യങ്ങൾ അനുവദിക്കണം. ഈ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുമ്പു് ഇതിന്റെയെല്ലാം അടിസ്ഥാനം എന്തെന്നു പരിശോധിച്ചിട്ടുള്ള കമ്മിററികളൊക്കെത്തന്നെ കുടികിടപ്പുകാരെ സംബന്ധിച്ചു് വിശദമായി പരിശോധിച്ചു് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ നോക്കിയാൽ ഈ ആനുകൂല്യം കുടികിടപ്പുകാർക്കു് കൊടുക്കേണ്ടതാണെന്നു് സമ്മതിക്കേണ്ടിവരും. കെ. ജി. ശിവസ്വാമി കമ്മിററി റിപ്പോർട്ടു് അത്തരത്തിലുള്ളതാണു്. കുടികിടപ്പുകാർക്കിടയിൽ, വിവിധ കുടികിടപ്പുകാരിൽനിന്നും പറമ്പുടമസ്ഥന്മാരിൽനിന്നും ശേഖരിച്ചിട്ടുള്ള തെളിവുകൾ ആ റിപ്പോർട്ടിൽ എഴുതിച്ചേർത്തിട്ടുണ്ടു്. അതിൽ കുടികിടപ്പുകാർക്കു മുമ്പുണ്ടായിരുന്ന ആനുകൂല്യാവകാശങ്ങളെ സംബന്ധിച്ചു് പ്രതിപാദിക്കുന്നുണ്ടു്. ആ അവകാശങ്ങൾ തുടരുന്നതിനു് പല പറമ്പുടമസ്ഥന്മാരും സമ്മതിച്ചതായിട്ടാണു് രേഖപ്പെടുത്തിയിട്ടുള്ളതു്. വളരെ വിസ്തൃതമായി കിടക്കുന്ന പറമ്പുകളിൽ ഒരു ഭാഗത്തു് കുടികിടപ്പുകാരെ പറമ്പുടമസ്ഥൻതന്നെ നിർബ്ബന്ധിച്ചു് വിളിച്ചു കൊണ്ടുപോയി താമസിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെ താമസിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശം അയാൾക്കു് ഒരു വീടുവച്ചു കെട്ടിക്കൊടുക്കുക എന്നുള്ള ദാക്ഷിണ്യപ്രകടനമല്ല. നേരേമറിച്ചു് ആ പറമ്പു് കാത്തുസൂക്ഷിക്കുകയും, ആ പറമ്പിൽ ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് മററാരും കളവു ചെയ്യപ്പെടാതിരിക്കാൻവേണ്ടി സംരക്ഷിക്കുകയും വിളവുണ്ടാകാൻ ആവശ്യമായിട്ടുള്ള തീപ്പുക ഏൽപ്പിക്കുക, വളം ഇടുക തുടങ്ങിയുള്ള ജോലികളെല്ലാം കുടികിടപ്പുകാരൻ ചെയ്യുക എന്നുള്ള നിലയിലാണു് താമസിപ്പിച്ചിട്ടുള്ളതു്. നാട്ടിൻപുറത്തു സാധാരണ പറയാറുണ്ടു് തീപ്പുകയില്ലാതെ പറമ്പുകളിൽ വേണ്ടത്ര വിളവുകൾ ഉണ്ടാവുകയില്ലെന്നു്. അതുകൊണ്ടു് തീപ്പുക ഏൽപ്പിക്കുന്നതിനും കാൽപ്പെരുമാററം ഉണ്ടാകുന്നതിനും കുടികിടപ്പുകാരെ കൊണ്ടുപോയി താമസിപ്പിക്കുന്നുണ്ടു്. ഈ നിയമങ്ങളെല്ലാം ഉണ്ടായതിനുശേഷവും ഇങ്ങനെ കൊണ്ടുപോയി താമസിപ്പിക്കുന്നുണ്ടു്. പണ്ടത്തെ കാരണവന്മാർ, മനുഷ്യർ സഞ്ചരിക്കുകയും തീപ്പുക ഏൽക്കുകയും ചെയ്താലേ തെങ്ങുകൾ കായ്ക്കുകയും, അതുപോലെ വിള ഉണ്ടാവുകയും ചെയ്യുകയുള്ളു എന്നു പറയാറുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഏതു് അമെൻഡ്മെന്റിനെപ്പററിയാണു് പറയുന്നതു്. ഏതെങ്കിലും ഭേദഗതിയെപ്പററിയാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 292-ാമത്തെ ഭേദഗതിയെ സംബന്ധിച്ചു് കുടികിടപ്പുകാർക്കു് പുതുതായിട്ടു് ദേഹണ്ഡിക്കാനും നടുതലകൾ ചെയ്യാനും അതു

പോലെ എല്ലാ അവകാശങ്ങളും കിട്ടാനും ഉള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചാണ്. ആ ആനുകൂല്യങ്ങൾ മുമ്പുണ്ടായിരുന്നു എന്നാണ് പറയുന്നത്.

ശ്രീ. പി. ടി. ചാക്കോ: ഈ വ്യവസ്ഥ അഗ്രേറിയൻ റിലേഷൻസ് ആക്ററിലുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ ഇല്ലെന്നുകരുതി എന്തെല്ലാം ആനുകൂല്യം കുടികിടപ്പുകാർക്ക് കൊടുക്കാൻ കഴിയുമെന്നു പറയുന്നതിൽ യാതൊരു തെററും ഇല്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. ടി. ചാക്കോ: അഗ്രേറിയൻ റിലേഷൻസ് ആക്ററുമാത്രം മതി വേറെ ഒരൊററ ഭേദഗതിയും വേണ്ട എന്നല്ലേ നിങ്ങൾ പറഞ്ഞിരുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മററുള്ള കാര്യങ്ങളെല്ലാം സ്വീകരിക്കാൻ തയ്യാററാണോ, എങ്കിൽ ഈ കാര്യം ആലോചിക്കാം.

ശ്രീ. പി. ടി. ചാക്കോ: അപ്പോൾ കുടികിടപ്പുകാർക്ക് അവകാശം കിട്ടണമെന്നുള്ളതല്ല കാര്യം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതെന്താണെന്നുള്ളതിനെ സംബന്ധിച്ച് ഈ ബിൽ അവസാനമായി പാസ്സാകുമ്പോൾ അറിയാൻ കഴിയും.

ശ്രീ. കെ. ഭാർഗ്ഗവൻ: അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ, അഗ്രേറിയൻ റിലേഷൻസ് ആക്ററിൽത്തന്നെയും നിലകൊള്ളുന്ന ആനുകൂല്യം കുടികിടപ്പുകാരന് അനുകൂലമായിട്ടുള്ള ആനുകൂല്യമാണെങ്കിൽ പരിഗണിക്കാൻ തയ്യാറാണോ?

ശ്രീ. പി. ടി. ചാക്കോ: അഗ്രേറിയൻ റിലേഷൻസ് ആക്ററിലുള്ളതിനേക്കാൾ വളരെക്കൂടുതൽ അവകാശം ഇതിൽ കൊടുത്തിട്ടുണ്ടെന്നു വായിച്ചു നോക്കിയാൽ മനസ്സിലാകും.

മി. സ്പീക്കർ: കുടികിടപ്പുകാരുടെ പ്രവർത്തനങ്ങളുടെ ചരിത്രപരമായ സംഗതികൾ പറഞ്ഞിട്ടു കാര്യമില്ല. കാര്യം വളരെ ചുരുക്കമായി പറഞ്ഞാൽ മതി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ ചരിത്രം പറയുകയല്ലായിരുന്നു. മുമ്പുണ്ടായിരുന്ന അവകാശങ്ങൾ, ആ അവകാശങ്ങൾ കൊടുക്കണമെന്നു പറയുകയാണ്.

മി. സ്പീക്കർ: അതെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് അതിനെപ്പററി അധികം പ്രതിപാദിച്ചിട്ടു കാര്യമില്ല. Simple ആയിട്ട് പറയണം.

ശ്രീ. എൻ. ഇ. ബലറാം: ചർച്ച അനാവശ്യമായി നീട്ടിക്കൊണ്ടു പോകണമെന്നുള്ളതല്ല. അഗ്രേറിയൻ റിലേഷൻസ് ആക്ടിലുള്ള ചില കാര്യം ഈ നിയമത്തിലില്ലാത്തത് ചോദിച്ചാൽ അതു പറയാൻ പാടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. പി. ടി. ചാക്കോ: പറയാൻ പാടില്ലെന്നല്ല പറഞ്ഞത്.

മി. സ്പീക്കർ: ഇവിടെ കൊടുത്തിട്ടുള്ള അമെൻഡുമെൻറിനെ സംബന്ധിച്ചു ചർച്ച ചെയ്താൽ മതി. ആവശ്യമില്ലാത്ത കാര്യങ്ങൾ പറയേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ അനുവദിച്ചിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യം അനുവദിക്കുന്ന കാര്യത്തിൽ ഇപ്പുറത്തുള്ളവരുടെ എല്ലാ സഹായസഹകരണങ്ങളും ഉണ്ടായിരിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. കാർഷികബന്ധബില്ലിൽ ഇല്ലാത്ത കാര്യത്തെ സംബന്ധിച്ചു പറഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രി ആക്ഷേപം പുറപ്പെടുവിച്ചത് എന്താണെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

സർ, എന്റെ ഭേദഗതിയെ സംബന്ധിച്ചു ഞാൻ സംസാരിച്ചുകൊള്ളട്ടെ. വലിയവലിയ പറമ്പുടമസ്ഥന്മാർ അവരുടെ പറമ്പുകൾ നന്നാക്കുന്നതിനു വേണ്ടി സാധുക്കളായ ആളുകളെ വിളിച്ചുകൊണ്ടുപോയി ആ പറമ്പുകളിൽ താമസിക്കാൻ സൗകര്യപ്പെടുത്തിക്കൊടുക്കുകയാണ് മുമ്പു ചെയ്തിട്ടുള്ളത്. അവിടത്തെ താമസക്കാർ ആ സ്ഥലങ്ങൾ നന്നാക്കുകയും കൃഷികൾ ചെയ്യുകയും മററും ചെയ്തുതുടങ്ങിയപ്പോൾ സ്ഥലം നന്നായതോടുകൂടി കുടികിടപ്പുകാരെ അവിടങ്ങളിൽനിന്നും ഇറക്കണമെന്നുള്ള ഒരതിമോഹം പറമ്പുടമസ്ഥന്മാർക്ക് ഉണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ ബലാൽക്കാരേണ ഇറക്കിവിടുന്ന ഒരു നയം തുടരുകയുമാണ് അനന്തരകാലങ്ങളിൽ ഉണ്ടായത്. വളരെ കൊല്ലങ്ങളായി അവിടങ്ങളിൽ താമസിച്ചുകൊണ്ട് ഭൂമി നന്നാക്കി ഫലഭൂയിഷ്ഠമാക്കിയപ്പോൾ ഇറങ്ങിപോകണമെന്നു നിർബന്ധിച്ചതിന്റെ ഫലമായി പോകാതിരിക്കുകയും ഉടമസ്ഥന്മാരുടെ ആക്രമണങ്ങൾ വളർന്നുവരികയും ചെയ്തതോടുകൂടി പല സ്ഥലങ്ങളിലും ഇതുസംബന്ധിച്ച് പ്രക്ഷോഭണങ്ങൾ ഉണ്ടായി. കുടികിടപ്പുകാരന്റെ അവകാശവാദങ്ങൾക്ക് എതിരായിട്ടുള്ള ആക്രമണത്തിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി കോടതിയെ ശരണം പ്രാപിക്കുകയും കേസു കൊടുക്കുകയും ചെയ്തതിന്റെ ഫലമായി കുടികിടപ്പുകാരനുള്ള താമസസൗകര്യം മാത്രം അനുവദിച്ചുകൊണ്ട് കോടതിയിൽ നിന്നും വിധിയുണ്ടാവുകയാണു ചെയ്തത്. ആ വിധിയുടെ അടിസ്ഥാനത്തിൽ, മുമ്പ് ജന്മിയിൽനിന്നും കിട്ടിക്കൊണ്ടിരുന്ന ഓല, കുല, പുരത്തേങ്ങ, ചില്ലറ കൃഷി നടത്താനുള്ള സൗകര്യങ്ങൾ ഇവയൊക്കെ നിഷേധിക്കുകയാണുണ്ടായത്. എന്നാൽ ചില ജന്മിമാർ നിയമംമൂലം നിഷേധിക്കപ്പെട്ട ഈ ആനുകൂല്യങ്ങൾ ഇപ്പോഴും കൊടുത്തുവരുന്നതായിട്ടുള്ള അനുഭവങ്ങളും ഉണ്ട്. എന്നുവരികിലും കുടികിടപ്പുകാരൻ കെട്ടിയിട്ടുള്ള പുരയിൽ താമസിക്കാമെന്നല്ലാതെ, മററു തരത്തിലുള്ള യാതൊരാനുകൂല്യങ്ങൾക്കും അർഹതയില്ലാത്ത വിധത്തിലാണ്, ഇപ്പോഴത്തെ നില.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ സംസാരിക്കുന്നത് ഏതു ഭേദഗതിയെക്കുറിച്ചാണ് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 292-ാമത്തെ ഭേദഗതിയെപ്പററിയാണ് ഞാൻ പറയുന്നത്. ആ ഭേദഗതി അനുസരിച്ച് ബില്ലിന്റെ ഈ ക്ലാസ്സിൽ ഒരു മാററം വരുത്തണമെന്നുള്ളതാണ് എന്റെ ഉദ്ദേശവും. അതായത്, വളരെ കൊല്ലങ്ങളായി കുടികിടപ്പുകാരൻ അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഒരു തരത്തിലും നഷ്ടപ്പെടുത്താതെ, വീണ്ടും നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയാണ് ഇത്. ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മറെറാരു ഭേദഗതിയുംകൂടി അവതരിപ്പിച്ചിട്ടുണ്ട്. ആ ഭേദഗതി നമ്പർ 294 ആണ്. അതിന്റെ ഉദ്ദേശംകൂടി ഞാനൊന്നു വിശദമാക്കാം.

മി. സ്പീക്കർ : ശ്രീമതി ഗൗരിയുടെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതാണോ ആ കാര്യം ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അതിൽനിന്നും വ്യത്യസ്തമാണ് എന്റെ ഭേദഗതി. എന്റെ ഭേദഗതിയിൽ പറയുന്നത്, കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം മേജർമുനിസിപ്പാലിററികളിലാണെങ്കിൽ, ഓരോ കുടികിടപ്പുകാരനും 5 സെൻറ് വീതവും, നാട്ടിൻപുറങ്ങളിലാണെങ്കിൽ 10 സെൻറ് വീതവും പെരുമാററസൗകര്യത്തിന് കൊടുക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, ശ്രീമതി കെ. ആർ. ഗൗരിയുടെ 293-ാം നമ്പർ ഭേദഗതിയിൽ, 1882-ലെ ഇൻഡ്യൻ ഈസ്മെൻറ് ആക്ടനുസരിച്ച് കുടികിടപ്പുകാരനു കിട്ടാനുള്ള അവകാശങ്ങളെപ്പററിയാണ് അതായത്, കുടികിടപ്പിരിക്കുന്ന ഭൂമിയിൽ പെരുമാററാനും, വെളിച്ചം കിട്ടാനും വെള്ളം കിട്ടാനും ഉള്ള സൗകര്യത്തെ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നത്. എന്റെ ഭേദഗതി വ്യത്യസ്തനിലയിലുള്ളതാണ്.

1957-നു മുമ്പുതന്നെ ചില വസ്തു ഉടമസ്ഥന്മാരുടെ നീതീകരിക്കാനാവാത്ത ചില പ്രവണതകളെപ്പററിയാണ് പറയുവാനുള്ളതു്. പ്രത്യേകിച്ച് എറണാകുളം, മട്ടാഞ്ചേരി ഈ ഭാഗങ്ങളിൽ ഉള്ള പറമ്പുകളിൽ താമസിക്കുന്ന കുടികിടപ്പുകാർക്കു അവരുടെ താമസത്തിനുപോലും, വസ്തു ഉടമസ്ഥന്മാർ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കുടികിടപ്പുകാരന്റെ വീട്ടിന്റെ ചുവരിനടുത്തു് കിടങ്ങു കുഴിക്കുക, മതിലു കെട്ടുക തുടങ്ങിയ ചില നടപടികൾ ഈ സ്ഥലങ്ങളിൽ എടുത്തുവരുന്നുണ്ട്. ഇനിയും നാട്ടിൻപുറങ്ങളിലാണെങ്കിൽ കുടികിടപ്പുകാരന്റെ പുരയ്ക്കു് തൊട്ടടുത്തു് റബ്ബർ മരം വച്ചു പിടിപ്പിക്കുക, തെങ്ങു നടാൻ കുഴികളെടുക്കുക മുതലായ കൃത്യങ്ങൾ അവിടെയും ചെയ്യുന്നുണ്ട്. ഇപ്രകാരം ഉടമസ്ഥന്മാർ പ്രവർത്തിക്കുന്നതുകൊണ്ട് ഒരു കുടികിടപ്പുകാരനു കഷ്ടിച്ച് ആ കുടിലിൽ താമസിക്കാമെന്നല്ലാതെ അതിനു ചുററും ഒന്നിറങ്ങി നടക്കുന്നതിനുപോലും സൗകര്യം കൊടുക്കുന്നില്ല. ഇപ്രകാരമുള്ള നടപടികളിൽ വളരെ അധികം പ്രതിഷേധശബ്ദങ്ങൾ ഉയർന്നിട്ടുമുണ്ട്. മട്ടാഞ്ചേരി T. D. റോഡിൽ ഒരു കുടികിടപ്പുകാരന്റെ കേസ്സിൽ ജഡ്ജി മി. വരദരാജയ്യർ അവർകളുടെ ബഞ്ചിൽ ഒരു വിധി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്, ആ വിധിയുടെ താൽപര്യമനുസരിച്ച്, ഒരു കുടികിടപ്പുകാരൻ വച്ചിരിക്കുന്ന പുരയിരിക്കുന്ന സ്ഥലമല്ലാതെ അതിനു ചുററുമുള്ള സ്ഥലം ഒരു ചെറിയ അളവിൽ പോലും ഉപയോഗിക്കാൻ പാടില്ല എന്നാണ്. മഴപെയ്താൽ വാരിയിൽനിന്നും വെള്ളം വീഴുന്നതിനപ്പുറത്തു് അവനു കാലുകുത്താൻ അവകാശമില്ലെന്നാണു ഈ വിധി കൊണ്ടു വന്നിരിക്കുന്നതു്. ഇപ്രകാരം ഉണ്ടായിട്ടുള്ള വിധിയിന്മേൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് പുതിയതായി ഉടലെടുക്കാൻപോകുന്നതെന്ന് ഒന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതേയുള്ളൂ. ഒരു കുടികിടപ്പുകാരന് ആ പുരയിൽ താമസിക്കാമെന്നല്ലാതെ, പുരയ്ക്കു വെളിയിൽ ഇറങ്ങി ഒന്നു ശുദ്ധവായു ശ്വസിക്കാൻപോലും അവകാശം കൊടുക്കുന്നില്ല. എന്നുവന്നാലെന്താണു സ്ഥിതി ? ചിലപ്പോൾ അവന്റെ പുരയുടെ നാലുചുററും, ഒരു ചെറിയ വഴിയിട്ടുകൊണ്ട് മതിലുകെട്ടി ഉടമസ്ഥൻ കെട്ടിടം വച്ചിരിക്കും. അങ്ങനെ വച്ചിരിക്കുന്നതൊക്കെ ജനപ്പെരുപ്പവും, സ്ഥലമഹിമയും ഉള്ള പ്രദേശങ്ങളിലാണ്. പ്രത്യേകിച്ചും എറണാകുളം, മട്ടാഞ്ചേരി, വൈപ്പിൻകര ഈ പ്രദേശങ്ങളിൽ തുറമുഖവും. വലിയ വലിയ ഫാക്ടറികളും വ്യാപാരശാലകളും മററും വർദ്ധിച്ചിരിക്കുന്നതുകൊണ്ട് കെട്ടിടങ്ങൾ കെട്ടി നല്ല വാടക ലഭിക്കുന്നതിനുവേണ്ടി ഉടമസ്ഥന്മാർ ശ്രമിക്കുമ്പോൾ, ആ ശ്രമത്തിന്റെ ഫലമായി ഉപദ്രവം നേരിടുന്നതു് അവിടങ്ങളിലെ കുടികിടപ്പുകാർക്കാണ്. വസ്തു ഉടമസ്ഥന്മാരുടെ ഇപ്രകാരമുള്ള നടപടികളിൽ കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നം പരിഹൃതമാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അവർക്ക് വെളിയിലേക്ക് ഒന്നിറങ്ങുന്നതിനും, കുടിക്കാൻ വെള്ളമെടുക്കുന്നതിനും സൗകര്യമില്ലാതെ വന്നിരിക്കുന്ന ഒരവസ്ഥയാണ് ഇപ്പോൾ ഉള്ളതു്. ഉദാഹരണം പറയാം. അര ഏക്കറുള്ള ഒരു പറമ്പിൽ ഒന്നോ രണ്ടോ കുടികിടപ്പുകാർ ഉണ്ടെന്നിരിക്കട്ടെ. പറമ്പുടമസ്ഥൻ എട്ടും പത്തും സെൻറ് വീതം ഭാഗിച്ച് അവിടെയൊക്കെ മതിലും കെട്ടിടവും കെട്ടുകയാണെങ്കിൽ കുടികിടപ്പുകാർ കുടിക്കാൻ വെള്ളം കോരുന്ന കിണർ അല്ലെങ്കിൽ കുളം മററൊരു പുരയിടത്തിലായിരിക്കും സ്ഥിതിചെയ്യുന്നതു്. ആ ഭാഗം മതിലുകൊണ്ട് കെട്ടി അടച്ചിരിക്കുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ ഇവരുടെ ആവശ്യത്തിനു വേണ്ടിയുള്ള വെള്ളം എവിടെനിന്നും കിട്ടാനാണു പോകുന്നതു് ? അങ്ങനെ കുടിക്കാനുള്ള വെള്ളമെടുക്കുന്നതിനു പോലും തടസ്സമുണ്ടാക്കിയ കാരണത്താൽ ഇതു സംബന്ധിച്ച് പല കേസ്സുകളും ഉണ്ടായിട്ടുമുണ്ട്. തൃപ്പൂണിത്തുറയ്ക്കടുത്ത മരട്ടിൽ ഇങ്ങനെ ഒരു കേസ് ഉണ്ടായതു് എനിക്കറിയാം. ഉടമസ്ഥൻ പത്തു സെൻറു വീതം വസ്തു വിററു. വാങ്ങിയവർ വേലികെട്ടി. അതോടെ മുമ്പത്തെ താമസക്കാരായ കുടികിടപ്പുകാർ ഉപയോഗിച്ചിരുന്ന കുളത്തിലേക്കു അവർക്കു പോകാനും കുടിക്കുന്ന വെള്ളമെടുക്കാനും അനുവാദമില്ലാതായി. മനുഷ്യന്റെ പ്രാഥമിക അവകാശ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ങ്ങളിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് കുടിക്കാനുള്ള വെള്ളം. അതിനുകൂടി സമ്മതിക്കുകയില്ല എന്നു വന്നാൽ, അവിടങ്ങളിൽ താമസിക്കുന്ന കുടികിടപ്പുകാർക്ക് മറെറന്തു മാർഗ്ഗങ്ങളാണുള്ളതെന്നു ഗവണ്മെൻറു് ദയവായി ഒന്നാലോചിച്ചുനോക്കേണ്ടതാണ്. കുടികിടപ്പുകാരും മനുഷ്യരാണ്. മനുഷ്യത്വത്തിന്റെ പേരിൽ ഈ വിധ ആവശ്യങ്ങൾ നിറവേററിക്കൊടുക്കേണ്ടതു് ഗവണ്മെൻറിന്റെ ഒരു കർത്തവ്യം കൂടിയാണ്. അതിനുവേണ്ടി ഞാൻ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ആ ഭേദഗതി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. മൂന്നാമതായി എന്റെ മറെറാരു ഭേദഗതി ഉള്ളതു് നമ്പർ 299 ആണ്. ഹട്ട് അല്ലെങ്കിൽ കുടിലിനെ സംബന്ധിച്ചിടത്തോളം, 400 രൂപയിൽ കവിയാൻ പാടില്ലെന്നുള്ളതു് 1000 രൂപ എന്നാക്കി മാററുകയും, വാടക 4 രൂപയിൽ കവിയാൻ പാടില്ലെന്നുള്ളതു് 10 രൂപയിൽ കവിയാൻ പാടില്ല എന്നാക്കി മാററുകയും ചെയ്യണമെന്നാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. സർ, കൊച്ചിയിലെ ചില ഭാഗങ്ങളിലുള്ള പറമ്പുടമസ്ഥന്മാരും കുടിപാർപ്പുകാരും തമ്മിൽ സൗഹാർദ്ദത്തിന്റെ പേരിൽ ചില ആനുകൂല്യങ്ങളും വിട്ടുവീഴ്ചകളും മററും നൽകിയിരുന്നു. എന്നാൽ എറണാകുളം, കൊച്ചി, മട്ടാഞ്ചേരി ഈ സ്ഥലങ്ങളിൽ പാർക്കുന്ന കുടികിടപ്പുകാർ അവർക്കു സാമ്പത്തികമായി മുമ്പിലത്തേക്കാൾ വരവു കൂടുതലുള്ളതുകൊണ്ടു് അവരുടെ കുടിലുകളും മററും പരിഷ്ക്കരിച്ചു് ചെറിയ ചെറിയ കെട്ടിടങ്ങളായി മാററിയിട്ടുണ്ട്. കുടിലിനു പകരം ഒരു നല്ല വീടുണ്ടാക്കുന്നതിനുംകൂടി മുൻകാലങ്ങളിൽ പറമ്പുടമസ്ഥന്മാർ അനുവാദം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വച്ചിട്ടുള്ള ഒരു മാതിരി നല്ല കെട്ടിടങ്ങൾക്ക് കൂലിചാർത്തു എഴുതിവാങ്ങാൻ തുടങ്ങിയിരിക്കുകയാണ്. അതായതു് ഇവിടെ താമസിക്കണമെങ്കിൽ, പുര എന്റെ വകയാണെന്നു കാണിച്ചു് എഴുതിത്തരണമെന്നാണ് ഉടമസ്ഥന്മാർ അവകാശപ്പെടുന്നതു്. അങ്ങനെ നിർബന്ധിക്കുമ്പോൾ, ചില പാവപ്പെട്ട കുടികിടപ്പുകാരൻ എഴുതിക്കൊടുക്കുകയും ചെയ്യും. അതേസമയത്തു് എഴുതിക്കൊടുക്കാത്ത കുടികിടപ്പുകാരും ഉണ്ട്. 1000 രൂപ മുതൽ 2000 രൂപ വരെ ചെലവുചെയ്തു ഉണ്ടാക്കിയ കെട്ടിടങ്ങൾ ആ പ്രദേശങ്ങളിൽ കുറെ അധികം ഉണ്ട്. ആ പ്രദേശങ്ങളിൽ 1000 രൂപാ ചെലവാക്കി ഒരു കെട്ടിടം വച്ചുകൊടുത്താൽ തീർച്ചയായും 10 രൂപ വാടക കിട്ടുന്നതാണ്. 400 രൂപയിൽ താഴെ വിലയുള്ള വീടുകളേ കുടികിടപ്പാകൂ എന്നു വന്നാൽ ഈ കുടികിടപ്പുകാർ കഷ്ടത്തിലാകും. ഇതെല്ലാം വാടകക്കെട്ടിടങ്ങളാകും, നിയമപ്രകാരം വാടകക്കാരെ ഒഴിപ്പിക്കുകയും ചെയ്യാം. പുര തങ്ങളുടേതാണെന്നും കുടികിടപ്പുകാരുടെ ഭാഗത്തു തെളിവില്ലെന്നുംകൂടി വന്നാൽ സ്ഥിതി ഭയങ്കരമാണ്. സർ, ഈ കാര്യം സംബന്ധിച്ചു് ഈ തിരുവനന്തപുരത്തുതന്നെ ഒരു കേസ്സ് ഉണ്ടായിട്ടുണ്ട്. 400 രൂപയിൽ കൂടുതൽ വിലവരുന്ന കെട്ടിടമാണ് എന്നു പരാതിപ്പെട്ടുകൊണ്ടു് ഒരാൾ ഹൈക്കോടതിയിൽ കൊടുത്ത കേസിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ, 400 രൂപയിൽ കുറവായിട്ടേ വീടിനുവേണ്ടി ചെലവാക്കിയിട്ടുള്ളു എന്നും ആ കാരണത്താൽ, ഒഴിപ്പിക്കാൻ പാടില്ല എന്നു കീഴ്ക്കോടതി തീരുമാനിച്ചിരിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ടു് പിന്നീടു് വാദി കൂടുതൽ വില കിട്ടണമെന്നു കാണിച്ചു് ഒരു റിവിഷൻ പെററിഷൻ കൊടുക്കുകയും, കമ്മിഷൻ വില കണക്കാക്കിയ അവസരത്തിൽ, കുടികിടപ്പുകാരൻ അവിടെ വച്ചിട്ടുള്ള കക്കൂസിന്റെ വിലകൂടെ കണക്കാക്കണമെന്നു് കോടതി പറഞ്ഞിരിക്കുന്നു. അതിന്റെ വിലകൂടി കണക്കാക്കിയപ്പോൾ തുക 400 രൂപയിൽ കൂടുതലാകുകയും, ആ തുക തന്നു് ഒഴിപ്പിക്കേണ്ടതാണെന്നു കോടതി ആവശ്യപ്പെടുകയുമാണ് ചെയ്തതു്. ഇപ്രകാരം കുടിലിനെ ചെറിയ കെട്ടിടമാക്കി മാററിയിട്ടുള്ള കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം, അവരെ അവിടെ നിന്നും ഒഴിപ്പിക്കുന്നതിനു് ഇടയാക്കിയിട്ടുള്ള ഈ 400 ക. തത്വം മാററണമെന്നതു് വെറും ന്യായം മാത്രമാണെന്നു കാണിക്കാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ആ കാരണത്താൽ, എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. കാർത്തികേയൻ : സർ, എന്റെ ഭേദഗതികൾ ഞാൻ ഇവിടെ വായിക്കാം.

In clause 2 (25) In line 3, after the words 'tenant in possession' and before the words 'to erect' insert the word "fit"

and in clause 2 (25) Explanation III, in the last line, after the words "in possession" and before the words "to erect a homestead" insert the word "fit"

എന്റെ ഭേദഗതിയുടെ ഉദ്ദേശം നിർവ്വഹിക്കുന്നതിനുവേണ്ടി ഈ ബില്ലിന്റെ ക്ലാസ്സ് 74 (4)-ൽ സെലക്റ്റ് കമ്മിറ്റി ഒരു മാറ്റംവരുത്തിയിട്ടുണ്ട്. പക്ഷെ ആ മാറ്റം ക്ലാസ്സ് 2 (25)-ൽ കൂടിവരുത്തണമെന്നാണ് എന്റെ ഉദ്ദേശം.

ശ്രീമതി കെ. ആർ. ഗൗരി : "fit to erect" എന്നു മാറ്റുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതരത്തിലുള്ള പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നുണ്ടോ ?

ശ്രീ. പി. എസ്സ്. കാർത്തികേയൻ : മറിച്ചുണ്ടാകാൻ ന്യായമില്ല കാരണം, ഒരു കുടികിടപ്പ് ഇരിക്കുന്ന സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു മാറണമെന്നുപറയുമ്പോൾ ബില്ലിലെ ക്ലാസ്സ 74—IV അനുസരിച്ചു കുടികിടപ്പുകാരനു പുരവയ്ക്കുവാൻ പറ്റിയ സ്ഥലം കൊടുക്കണമെന്ന തത്വം സിലക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ക്ലാസ്സ 2–25–ലെ നിർവ്വചനമനുസരിച്ചു ഒരാൾക്കു ഉടമനിലയിലോ കൈവശനിലയിലോ ഏതെങ്കിലും ഭൂമിയുണ്ടെങ്കിൽ അയാൾ കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽ വരുന്നതല്ല. ഒന്നുകൂടി വിശദീകരിച്ചുപറഞ്ഞാൽ ഇപ്പോൾ ഇരിക്കുന്ന നിർവ്വചനമനുസരിച്ചു ഒരാൾക്കു ഉടമയിലോ മററുവിധത്തിലോ വല്ല വെള്ളക്കെട്ടോ പാറക്കെട്ടോ കൈവശമുണ്ടെങ്കിൽ അയാൾ കുടികിടപ്പുകാരനാകുകയില്ല. അങ്ങനെ വരുമ്പോൾ ക്ലാസ്സ 74—IV–ൽ സിലക്റ്റ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്ന ഭേദഗതികൊണ്ടുള്ള പ്രയോജനം ആക്കും സിദ്ധിക്കുകയില്ല. ഈ വൈരുദ്ധ്യം പരിഹരിക്കേണ്ടതും ആവശ്യമാണ് ആറുഏഴുഅടി താഴ്ചയുള്ള വെള്ളച്ചാലോ മറ്റോ പാട്ടമായോ മറ്റോ ഉള്ള ഒരാൾ, കുടികിടപ്പുകാരനായുണ്ടെങ്കിൽ, ഇപ്പോഴത്തെ നിർവ്വചനമനുസരിച്ചു അയാൾ കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽനിന്നും പുറത്തുപോകുകയും പുരയിടഉടമസ്ഥനു അയാളെ ഒഴിപ്പിക്കുകയും ചെയ്യാവുന്നതാണ്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതി നാം ഒഴിവാക്കേണ്ടതാണ്. ആ വിധത്തിലുള്ള യാതൊരു ബുദ്ധിമുട്ടുകളും കുടികിടപ്പുകാർക്കുണ്ടാകാതിരിക്കുന്നതിനും കുടികിടപ്പുകാർക്കു ശരിയായ സംരക്ഷണം കിട്ടുന്നതിനുമാണ് ഞാനീ ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്നത്. എന്റെ ഭേദഗതികൾ മന്ത്രിയും സഭയും സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ഓ. കോരൻ : സർ, എന്റെ ഭേദഗതി ഞാനിവിടെ അവതരിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനമായി പറഞ്ഞിട്ടുള്ളതു In clause
10 a. m.] 2 (25) Explanation I, after 'dwelling house' substitute which has a value not exceeding 1,000 rupees or the monthly rent which does not exceed eight (8) rupees. എന്നാണ്, ഇതു പ്രധാനമായിട്ടും ഗവണ്മെന്റുഭാഗത്തുനിന്നും അംഗീകരിക്കുമെന്നാണെന്റെ വിശ്വാസം. കാരണം, ഇന്നു ഗവണ്മെന്റുതന്നെ ഹരിജനങ്ങൾക്കു വീടുവയ്ക്കുന്നതിനായി ആയിരം രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നതു. ചില സ്ഥലങ്ങളിൽ ഉൾക്കുടികിടപ്പുകാരായിട്ടുള്ളവർ ജന്മിയുടെ സമ്മതത്തോടുകൂടി ആയിരവും അതിലധികവും രൂപ ചെലവുചെയ്തു വീടുപണിയുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ഇവിടെ നാന്നൂറു രൂപയിൽ കൂടുതലായിട്ടുള്ള വീടുകൾ പണിയാൻ പാടില്ല എന്നുപറഞ്ഞാൽ അതുമൂലം അനവധി ആളുകളെ ഒഴിപ്പിക്കാനും അവരെ വഴിയാധാരമാക്കാനും ഇടയുണ്ടെന്നുള്ളതുകൊണ്ടാണ് ഗവണ്മെന്റു ഈ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു. പ്രത്യേകിച്ചു നമ്മുടെ നാട്ടിൽ ജന്മിയുടെ പറമ്പിൽ പശുവിനെ കെട്ടാനുള്ള തൊഴുത്തുകൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഓ. കോരൻ] :

പോലും ആയിരവും രണ്ടായിരവും രൂപ ചെലവഴിച്ചു ഉണ്ടാക്കുന്നതായി നാം കണ്ടുവരുന്നുണ്ടു്. അതു മാത്രമല്ല നമ്മുടെ രാജ്യം ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിക്കുവേണ്ടിയുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടിരിക്കുകയുമാണു്. ആ അവസരത്തിൽ ഈ കാർഷികതൊഴിലാളികൾ അല്ലെങ്കിൽ കുടികിടപ്പായി കിടക്കുന്ന ആളുകൾ ഇത്ര രൂപ വിലവരുന്ന വീടുകൾമാത്രമേ ഉണ്ടാക്കാൻ പാടുള്ളുഎന്നു വയ്ക്കുകയാണെങ്കിൽ മനുഷ്യന്റെ കാര്യം പോകട്ടെ മൃഗങ്ങൾക്കുപോലും ഇത്രയും കൂടുതൽ പണം ചെലവുചെയ്തു തൊഴുത്തുകൾ ഉണ്ടാക്കാൻ വ്യവസ്ഥയുണ്ടെങ്കിൽ ഈ നാട്ടിൽ ഇരവുപകലില്ലാതെ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന ഈ കുടികിടപ്പുകാർ താമസിച്ചുകൊണ്ടിരിക്കുന്ന, അവർ പാക്കുന്ന വീടിനു നാനൂറു രൂപയിൽ കൂടുതൽ വരാൻപാടില്ലാ എന്നു പറയുന്നതു ഒരു സോഷ്യലിസ്റ്റുവ്യവസ്ഥിതിക്കും നമ്മുടെ ലക്ഷ്യത്തിനും കടകവിരുദ്ധമായിട്ടുള്ള ഒന്നാണു്. അതുകൊണ്ടാണു് ഞാൻ അതിനെ ശക്തിമത്തായി എതിർക്കുന്നതു്. അതുകൊണ്ടു് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം സോഷ്യലിസ്റ്റുവ്യവസ്ഥിതി കൈവരുത്തുക എന്ന ലക്ഷ്യത്തിൽ ഗവണ്മെന്റു ഏതുഭാഗത്തു നിൽക്കുന്നു എന്നുള്ളതു ചിന്തിക്കുമ്പോൾ ഈ രണ്ടുകാര്യം എടുത്താൽ അതു വളരെ വ്യക്തമായി നമുക്കു മനസ്സിലാക്കാൻ സാധിക്കും. ജന്മിയുടെ പറമ്പിൽ താമസിച്ചുകൊണ്ടിരിക്കുന്ന കുടികിടപ്പുകാരൻ അവിടെ തലമുറയായി ജീവിച്ചുകൊണ്ടിരിക്കുന്ന ഒരുവനാണു്. അങ്ങനെയുള്ള ഒരു കുടികിടപ്പുകാരനെ മലബാർഭാഗത്തും മററുള്ള സ്ഥലങ്ങളിലുംതന്നെ കുടികിടപ്പു താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ ജന്മി പണിക്കുവേണ്ടി വിളിക്കുകയാണെങ്കിൽ അയാൾക്കു ഒന്നര രൂപ പുറമേനിന്നു കൂലി ലഭിക്കുമെന്നുണ്ടെങ്കിൽ അതിനുപകരം ജന്മി കൊടുക്കുന്നതു ഒന്നേകാൽ രൂപയോ, പന്ത്രണ്ടണയോ ആയിരിക്കും. പാലക്കാട്ടുതാലൂക്കിൽ മൂന്നിടങ്ങഴി നെല്ലും പെരുന്തൽമണ്ണ താലൂക്കിലും മൂന്നിടങ്ങഴി നെല്ലു കൂലിയായി കൊടുക്കുന്ന സമ്പ്രദായമാണു്. കാരണം, അയാൾ ജന്മിയുടെ പറമ്പിൽ താമസിക്കുകയാണെന്നുള്ളതുകൊണ്ടാണു്. ഏതുവിധത്തിൽ നോക്കിയാലും ഇവരുടെ ഈ ന്യായം അംഗീകരിക്കണം എന്നുള്ളതിനു വളരെ അധികം ന്യായം കാണുന്നുണ്ടു്. സർ, കൊല്ലങ്ങളായി ഇവർ ജന്മിയുടെ ഭൂമിയിൽ കുടികിടപ്പുകാരായി കഴിഞ്ഞിരുന്നതുകൊണ്ടു് കൂലിയായും മററും വളരെ അധികം പണം ഇവരിൽനിന്നും പിടിച്ചെടുത്തിട്ടുണ്ടു്. എന്നിട്ടും അവർ താമസിക്കുന്ന കുടിലിനു ഇന്നവിലയേ വയ്ക്കാൻ പാടുള്ളു എന്നു പറയുന്നതു ശരിയല്ല. മാത്രമല്ല, ഇവരുടെ വീടു് ഈ നാനൂറു രൂപ കൊണ്ടു പണിപൂർത്തിയാക്കുന്നതിനും സാദ്ധ്യമല്ല. സാധനങ്ങൾക്കു വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണു്. അതുകൊണ്ടു് നാനൂറു രൂപയ്ക്കുള്ള വീടു എന്നു പറഞ്ഞാൽ മഹാകവി കുമാരനാശാൻ പാടിയിട്ടുള്ളതുപോലെ—

"അങ്ങിടത്തായ്‌ മേഞ്ഞു നാളേറെയായ്‌ നിറ-
മഞ്ഞു പതിഞ്ഞ പാഴ്‌ പുല്ലുമാടം
കാണാം ചെറുതായകലെ നിന്നാലൊരു
കൂണെന്നപോലെ വയൽവരമ്പിൽ"

പുലയൻ ചാത്തൻ താമസിക്കുന്ന പാഴ്‌കുടിലിനെ ചിത്രീകരിച്ചുകൊണ്ടു ഏററവും വ്യക്തമായ ഒരു ചിത്രമാണു് മഹാകവി കുമാരനാശാൻ നമ്മുടെ മുമ്പിൽ വരച്ചുകാണിക്കുന്നതു്. ഏതായാലും ഒരു കൂണുപോലെയുള്ള കുടിൽ പോലും നാനൂറു രൂപ ചെലവഴിച്ചാൽ പണിയാൻ സാദ്ധ്യമല്ല. പകൽ മുഴുവനും അവൻ അദ്ധ്വാനിച്ചതിനുശേഷം വീട്ടിൽചെന്നാൽ അവനൊന്നു നീണ്ടുനിവന്നു കിടക്കുവാനോ നിൽക്കുവാനോ പററുന്ന വീടു പണിയാൻപോലും പാടില്ലാ എന്നു പറയുന്നതു ഏററവും തെററായിട്ടുള്ളതാണു്. അതുകൊണ്ടുകൂടിയാണു് മഹാകവി കുമാരനാശാൻ പറഞ്ഞിട്ടുള്ളതു ഇവിടെ ഉദ്ധരിച്ചതു്.

ശ്രീ. ജാർജ്‌ജോസഫ്‌ പൊടിപ്പാറ : ഇതേത്രപത്തിൽ ഒന്നുരണ്ടു പദ്യം അങ്ങു് നടത്തുകയാണു് നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഓ. കോരൻ: അതുകൊണ്ടു ഗവണ്മെൻറു ഈ നാന്നൂറു രൂപ എന്നുള്ള തത്വം അംഗീകരിക്കുന്നതു ന്യായമല്ല.

ഒന്നുകൂടി പറയാനുണ്ടു്. അനേകം സ്ഥലങ്ങളിലും ഈ കുടികിടപ്പുകാരായി കിടക്കുന്ന ആളുകൾ വരമ്പിലും ആറിൻെറയും തോടിൻെറയും അരികിലുമാണു് കുടികെട്ടിക്കിടക്കുന്നതു്. അവിടെ ചേരയും മററു ഇഴജന്തുക്കളും എപ്പോഴും ഇഴഞ്ഞുകേറുന്നതിനു എളുപ്പമുണ്ടു്. ഓലയും മററും കൊണ്ടുണ്ടാക്കിയിട്ടുള്ള വീടുകളാണു് അവരുടേതു്. അങ്ങനെ ചേരയും പാമ്പും ഒന്നും ഇഴഞ്ഞുവരാതിരിക്കാൻതക്കവണ്ണം ഒരു വീടുണ്ടാക്കാൻ തീർച്ചയായും ഈ നാന്നൂറു രൂപ പോരാ. ഈ നാന്നൂറു രൂപ എന്നുവച്ചിട്ടുള്ളതു വളരെക്കാലം മുമ്പുള്ളതാണു്. അതുകൊണ്ടു ആ നിബന്ധന നിശ്ചയമായും ഗവണ്മെൻറു അംഗീകരിക്കരുതു്. ഇതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമായതുകൊണ്ടാണു് ഞാനീക്കാര്യം ഊന്നിപ്പറയുന്നതു്. മറെറാന്നു്, ഈ നാട്ടിൽ ഈ കുടിൽകെട്ടി താമസിച്ചുകൊണ്ടിരുന്നവർ ഇവിടെ സ്വന്തമായിട്ടു വീടില്ലാത്തവരും ഭൂമിയില്ലാത്തവരാണെന്നും ഉള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടു് അവർക്കു സ്വന്തമായി ഭൂമി നൽകുന്നതിനു വേണ്ടിയാണു് ആചാര്യവിനോബാഭാവേ അദ്ദേഹത്തിൻെറ ഭൂദാനസന്ദേശം നാട്ടിൽ പ്രചരിപ്പിച്ചതു്. അതിൻെറ ഫലമായി ലക്ഷക്കണക്കിനു ഭൂമി ദാനമായിലഭിച്ചു. ഏററവും പ്രധാനമായിട്ടുള്ള ഒരു കാര്യമാണെന്നു ജനങ്ങൾ മനസ്സിലാക്കി എന്നുള്ളതു അദ്ദേഹത്തിനു ദാനമായി കിട്ടിയ ഭൂമിയുടെ കണക്കുകൊണ്ടു നമുക്കു മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. പി. ടി. ചാക്കോ: ഈ ഭൂമിയുടെ കാര്യത്തെപ്പററിയും ആ വിഷയത്തെക്കുറിച്ചും സംസാരിക്കാൻ നല്ല ഒരു അവസരം കൊടുക്കാം. ഭൂദാനം സംബന്ധിച്ചുള്ള നിയമനിർമ്മാണത്തിനായി ഇപ്പോൾ നടപടി നടന്നുകൊണ്ടിരിക്കുകയാണു്. അപ്പോൾ അതേപ്പററി പറയാൻ വളരെ നല്ല ഒരു അവസരം കൊടുക്കാം.

ശ്രീ. ഓ. കോരൻ: ബഹുമാനപ്പെട്ട മന്ത്രി എന്നെ പറയാൻ സമ്മതിക്കുകയില്ലെങ്കിൽ വേണ്ട. ഞാൻ ഈ കുടിൽകെട്ടി താമസിക്കുന്ന ആളുകളെപ്പററി പറയുകയാണു്. ബഹുമാനപ്പെട്ട മന്ത്രിക്കു ഇതു കേൾക്കുമ്പോൾ പക്ഷെ സംശയമുണ്ടാകാം. ഈ കുടികിടപ്പുകാരുടെ യഥാർത്ഥമായിട്ടുള്ള കാര്യങ്ങൾ എല്ലാവരും മനസ്സിലാക്കാൻവേണ്ടി പറയുകയാണു്. അതു സമ്മതിക്കുകയില്ലെങ്കിൽ വേണ്ട. വളരെ വേദനയോടുകൂടിയാണു് ഞാനീക്കാര്യം പറയുന്നതു്. കുടികിടപ്പുകാരെസംബന്ധിച്ചു ഈ നിബന്ധന മാറേറണ്ടതു മൂന്നു സംഗതികൾ വച്ചുകൊണ്ടാണു്: ഭൂമി ഇത്രസെൻറിൽ കുറവായിരിക്കണം, വളരെ ചുരുങ്ങിയ സ്ഥലത്തുമാത്രമേ വീടുകെട്ടാൻ പാടുള്ളു എന്നുള്ളതെല്ലാമാണു്. അതുകൊണ്ടു് പ്രധാനമായിട്ടും സ്ഥലത്തിൻെറ കാര്യം ഇവിടെ വരുന്നതുകൊണ്ടാണു് ഭൂദാനപ്രശ്നം ഉന്നയിക്കാൻ കാരണമായതു്. പണ്ഡിററു ജവഹർലാൽ നെഹ്റുതന്നെ ഇവിടെ ഒരു സോഷ്യലിസ്ററുവ്യവസ്ഥിതി അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്കു ഇന്നു രാജ്യത്തെ മുന്നണിയിലേക്കു നയിക്കുവാൻ പരിശ്രമിക്കുന്ന തൊഴിലാളിവിഭാഗങ്ങൾക്കു ന്യായമായിട്ടുള്ള പാർപ്പിടസൌകര്യം ഉണ്ടാക്കേണ്ടതു് ആവശ്യമാണു്.

Mr. Speaker: The hon. Member may please talk on the amendment.

ശ്രീ ഓ. കോരൻ: ഈ ചെററക്കുടിലിനെപ്പററി അദ്ദേഹം പറയുന്നുണ്ടു് ഡൽഹിയിലെ ചെററക്കുടിലുകളെ പൊളിച്ചുമാററി നല്ല വീടുകൾ പണിചെയ്യേണ്ടതു് ആവശ്യമാണു് എന്നു്.

മി. സ്പീക്കർ: പിന്നേയും അതു് എന്തിനാണു് ആവർത്തിക്കുന്നതു്?

ശ്രീ. ഓ. കോരൻ: ഗവണ്മെൻറു കൈക്കൊള്ളുന്ന നയത്തെപ്പററി പറയുകയാണു്. ഗവണ്മെൻറിൻെറ സോഷ്യലിസ്ററു ചിന്താഗതി മാററിവയ്ക്കുന്നതിനു് ഇടവരുന്ന ഒരു സംഗതിയാണു് ഇതു് എന്നുള്ളതുകൊണ്ടാണു് ഞാനിതിനെ എതിർക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : You have put forward sufficient illustrations and arguments.

ശ്രീ. ഓ. കോരൻ : ഈ കുടിൽവച്ചുകെട്ടുന്നതിനെപ്പററി ചിന്തിക്കുമ്പോൾ വളരെ വേദനയുണ്ടാകുന്ന ഒരു കാര്യമായതുകൊണ്ടാണ് ഈ വകുപ്പിൽ നാനൂറു രൂപ എന്നുള്ളതുമാററി അതു ആയിരം രൂപ എന്നാക്കണം എന്നുള്ള എന്റെ ഭേദഗതി ഇത്രയും കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ടി. എ. തൊമ്മൻ : രണ്ടു ഭേദഗതികളാണ്—267-ം 270-ം—ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. കുടികിടപ്പുകാരന്റെ നിർവ്വചനത്തിനു കുറച്ചുകൂടി ആനുകൂല്യം കിട്ടുന്നതിനുവേണ്ടിയുള്ള ഭേദഗതികളാണ് ഇതു്. സെലക്റ്റു കമ്മിററി ഹാജരാക്കിയ ബില്ലിലും നിലവിലുള്ള നിയമത്തിലും കുടികിടപ്പുകാരെ സംബന്ധിച്ചുള്ള വ്യവസ്ഥ ഒരു കുടികിടപ്പുകാരനു മറേറതെങ്കിലും വസ്തു ഉണ്ടായിരുന്നാൽ ആ ആൾ കുടികിടപ്പുകാരനായിരിക്കുകയില്ല എന്നാണ്. ഓരോരുത്തർക്കുള്ള വസ്തു ഒരു കുടിൽവയ്ക്കുവാൻ പററിയ സ്ഥലമല്ലെന്ന് വരാം. വെള്ളക്കുഴിയോ, പാറക്കെട്ടോ ആയിരിക്കും അയാളുടെ വസ്തു; അതു് ബുദ്ധിമുട്ടുകൾക്ക് ഇടയാക്കും. ഒരു കുടിൽ വയ്ക്കുന്നതിനു പററിയ ഭൂമിയായിരിക്കണം കുടികിടപ്പുകാരനു വേണ്ടതു്. ആ ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

'kudikidappukaran' means a person who has neither a homestead nor any land either as owner or as tenant in possession on which he could erect a homestead and—'

കഴിഞ്ഞകാലങ്ങളിൽനിന്നും വളരെ പുരോഗമനപരമായ ഒരു ഭേദഗതിയാണ് ഇതു്, ഇതു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

270-ൽ പറയുന്നതു്, ഹട്ട് എന്നുള്ളതിന്റെ ഡെഫനിഷനെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നതു്, നാനൂറു രൂപ വില അല്ലെങ്കിൽ നാലു രൂപ വാടകയോ ഏതെങ്കിലും ഒന്നായിരിക്കണം എന്നുള്ളതാണ്. ഈ വില നിശ്ചയിക്കുന്നതിനെപ്പററിയാണ് വിഷമമുണ്ടെന്നു ഞാൻ ആദ്യമേ പറഞ്ഞതു്. അതായതു് ആ കുടിൽകെട്ടുന്ന അവസരത്തിൽ ഉള്ള വിലയാണോ തർക്കമുണ്ടാകുമ്പോൾ ആ അവസരത്തിലുള്ള വിലയാണോ, അതോ വിധിയുണ്ടാകുന്ന അവസരത്തിലുള്ള വിലയാണോ, അതോ ഒഴിപ്പിക്കുന്ന അവസരത്തിൽ ഉള്ള വിലയാണോ. ആ തർക്കം ഒഴിവാക്കുന്നതിനുവേണ്ടി അതു വ്യക്തമാക്കേണ്ടതാണ്. മി. രാമകൃഷ്ണൻ അതു സൂചിപ്പിക്കുകയുണ്ടായി. അതു വ്യക്തമാക്കുന്നതിനു് ഈ നാനൂറു രൂപ എന്നു വില നിശ്ചയിക്കുന്നതു് അതു നിർമ്മിക്കുന്ന അവസരത്തിലാണ്. അതുകഴിഞ്ഞു വിലവർദ്ധിച്ചാലും, അതല്ല വിധിയുടെ കാലത്തു വിലവർദ്ധിച്ചാലും, ഒഴിപ്പിക്കുന്ന കാലത്തു വില വർദ്ധിച്ചാലും തരക്കേടില്ല അതു നിർമ്മിക്കുന്ന അവസരത്തിലുള്ള വിലയാണ് കണക്കിലെടുക്കേണ്ടതു് എന്നുള്ളതിലേക്കാണ്. അതു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : At the time of the construction, the building will yield a monthly rent of Rs. 4. ഈ പണിഞ്ഞുകൊണ്ടിരിക്കുന്ന അവസരത്തിൽ വാടക നാലു രൂപ കിട്ടുമെന്നാണ് പറയുന്നതു്. ഈ പണിഞ്ഞുകൊണ്ടിരിക്കുന്ന അവസരത്തിൽ നാലു രൂപ വാടക കിട്ടുമെന്നു നിശ്ചയിക്കുന്നതെങ്ങിനെയാണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എ. തൊമ്മൻ : പണി പൂർത്തിയാകുന്ന അവസരത്തിലാണ വാടക നിശ്ചയിക്കുന്നതു്.

Shri N. S. Krishna Pillai : Whether it can be said that at the time of the construction, the building will yield a rent of Rs. 4 or during the course of the construction the building will yield a rent of Rs. 4.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ. പി. ഗോപാലൻ</u> : തർക്കത്തിനു ഒരുവഴിയുംകൂടിയായി. അത്രയേയുള്ളു.

<u>ശ്രീ. എം. നാരായണക്കുറുപ്പ്</u> : ഇപ്പോൾ ഈ പുതിയ നിയമപ്രകാരം ഏതു് ഏരിയായിലും പുതുക്കിപ്പണിയാനും റീബിൽഡു ചെയ്യാനും സൗകര്യം നൽകുന്നുണ്ടു്. അപ്പോൾ എങ്ങനെയാണു് ഈ ആദ്യകാലത്തുണ്ടായിരുന്ന വാല്യൂ കണക്കാക്കൽ എന്നു് എനിക്കു ചെറിയ ഒരു സംശയമുണ്ടു്.

<u>ശ്രീ. ടി. എ. തൊമ്മൻ</u> : അതിനെ സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥകളാണുള്ളതു്. റീബിൽഡു ചെയ്യുന്നതിനു പ്രത്യേകം വ്യവസ്ഥകളാണു്. 'at his own risk' എന്നാണു് വ്യവസ്ഥ.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ</u> : ഈ വകുപ്പിനു് 268, 269, 297, 347, 349, 354 എന്നിങ്ങനെ ആറു ഭേദഗതികൾ ഞാൻ കൊടുത്തിട്ടുണ്ടു്. ഈ ഭേദഗതികളിൽ ചിലതു് കാർഷികബന്ധനിയമത്തിൽ ഇല്ലാതിരുന്ന ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രി മുമ്പു് അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷികബന്ധനിയമത്തിൽ യാതൊരു മാററവും വരുത്തരുതെന്നു് ഞങ്ങൾ പറയുന്നില്ല. കാർഷികബന്ധനിയമത്തിൽ ഇത്രയേറെ സമൂലമായ മാററങ്ങളോടുകൂടി ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവന്നതിനെയാണു് ഞങ്ങൾ ആക്ഷേപിക്കുന്നതു്. മുൻനിയമത്തിൽ കുറെ ആനുകൂല്യം കൂടി നൽകണമെന്നു മുമ്പുതന്നെ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതും ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ളതുമായ ചില കാര്യങ്ങളാണു് ഞാൻ ഉന്നയിക്കുന്നതു്. എൻെറ ആദ്യത്തെ ഭേദഗതി ഇന്നു് കുടികിടപ്പുകാർക്കു് പരമ്പരാഗതമായോ നാട്ടാചാരമനുസരിച്ചോ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്കു് ഉറപ്പു വരുത്താൻ ഒരു വ്യവസ്ഥകൂടി ചേർക്കണമെന്നുള്ളതാണു്. എനിക്കു് മുമ്പു സംസാരിച്ചവർ അതിനെക്കുറിച്ചു് സംസാരിച്ചിട്ടുണ്ടു്. എന്നാൽ ഞാൻ ഒന്നുകൂടി അതാവർത്തിക്കാൻ ആഗ്രഹിക്കുന്നതു് ഇതു സംബന്ധിച്ചു് ചില മുൻവിധികൾ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഉണ്ടെന്നുള്ളതുകൊണ്ടാണു്. എൻെറ ഭേദഗതി അംഗീകരിക്കണമെങ്കിൽ അദ്ദേഹത്തിൻെറ മുൻവിധികൾക്കു് മാററമുണ്ടാകണം. ഈ സഭയിലും വെളിയിലും കുടികിടപ്പുകാരും, കുടിയാന്മാരും ജന്മിമാരെയും വസ്തു ഉടമസ്ഥന്മാരെയും ഭൂമിയിൽ കയററാതിരിക്കുന്ന കഥകൾ അദ്ദേഹം പല പ്രാവശ്യം ആവർത്തിച്ചിട്ടുണ്ടു്. പ്രത്യേകമായി അദ്ദേഹം വൈക്കവും, ചേർത്തലയും എടുത്തുപറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു എൻെറ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹം പരിഗണിക്കുന്നതു് പലപ്പോഴും പ്രകടിപ്പിച്ചിട്ടുള്ള അദ്ദേഹത്തിൻെറ മുൻവിധിയുടെ അടിസ്ഥാനത്തിലായിരിക്കുകയില്ലേ എന്ന ആശങ്കയുണ്ടു്. ചേർത്തലയും വൈക്കവും കോസ്റ്റൽഏരിയാ ആയതുകൊണ്ടു് ആളുകൾ വളരെയേറെ തിങ്ങി താമസിക്കുന്നുണ്ടു്. മററു സ്ഥലങ്ങളെപ്പോലെ ഭൂമിക്കു് അത്ര സുലഭതയില്ല. അതുകൊണ്ടു് അവിടെ കുടികിടപ്പുകാരുടെ പ്രശ്നം കുറച്ചു അക്യൂട്ടായിരിക്കും. അതുകൊണ്ടായിരിക്കും ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ സ്ഥലങ്ങളുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതെന്നു തോന്നുന്നു. ചേർത്തലയിൽ തെങ്ങുകയററം സംബന്ധിച്ചു തർക്കമുണ്ടായതിനു പോലും കുടികിടപ്പുകാർ വസ്തു ഉടമസ്ഥന്മാരെ പുരയിടങ്ങളിൽ കയററാതെയിരുന്നുവെന്നു പറഞ്ഞിട്ടുണ്ടു്. എന്താണു് വാസ്തവത്തിൽ ഉണ്ടായതു്? ഈ ഗവണ്മെൻറു അധികാരത്തിൽ വന്നതിനുശേഷം കുടികിടപ്പുകാർക്കു് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ടു്. അവർക്കു് ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ പലതും നിഷേധിക്കപ്പെട്ടിട്ടുണ്ടു്. അങ്ങനെ നിഷേധിക്കുന്നതിനു പോലീസ് വസ്തു ഉടമസ്ഥർക്കു് ആനുകൂല്യം നൽകിയിട്ടുമുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽ ഇത്തരം കേസുകൾ ഉണ്ടായിട്ടുണ്ടു്. ഇത്തരം കാര്യങ്ങൾ ഞാൻതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുമുണ്ടു്. ഒരു കുടികിടപ്പുകാരനെ മാററുന്നതിനു് പരമ്പരാഗതമായോ, നാട്ടാചാരമായോ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വെട്ടികുറയ്ക്കുകയാണു ചെയ്യുന്നതു്. എൻെറ നിയോജകമണ്ഡലത്തിലുള്ള കരിപ്രദേശങ്ങളിലും, കായൽപ്രദേശങ്ങളിലുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. ശ്രീനിവാസൻ]

സ്ഥലങ്ങൾ വെട്ടിപ്പൊക്കി തെങ്ങിൻതോപ്പ് ഉണ്ടാക്കിയിട്ടുള്ളതിനു പ്രതിഫലമായി കുടികിടപ്പുകാരായ ആളുകൾക്ക് എട്ടും, പത്തും തെങ്ങ് സ്വന്തമായി അനുഭവിക്കാനുള്ള അവകാശം ജന്മിമാർ കൊടുത്തിരുന്നു. ഒരു തെങ്ങു മുതൽ 20 തെങ്ങുവരെ വിട്ടുകൊടുത്തിട്ടുള്ള നിരവധി കേസുകൾ ഉണ്ട്. എന്നാൽ ഇന്നു ആ അവകാശം നിഷേധിക്കുകയാണ്. ആ തെങ്ങുകളിൽ കയറാൻ കുടികിടപ്പുകാരെ സമ്മതിക്കുന്നില്ല. അങ്ങനെ തെങ്ങിൽ കയറി അനുഭവം എടുക്കുകയാണെങ്കിൽ കേസാകും. പോലീസ് സ്റ്റേഷനിൽ വിളിച്ചു കൊണ്ടുപോയി അവരെ ഭീഷണിപ്പെടുത്തി ഇത്ര നാളിനകം സ്ഥലത്തുനിന്നു ഇറങ്ങിക്കൊടുക്കണമെന്നു പറഞ്ഞു മാററിക്കുന്നുണ്ട്. പത്തും, നൂറും രൂപാ പ്രതിഫലം കൊടുത്തു പറഞ്ഞയക്കാറുമുണ്ട്. ഇങ്ങനെയെല്ലാം സംഭവിക്കുന്നതുകൊണ്ട് കുടികിടപ്പുകാർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾക്ക് ഉറപ്പുണ്ടാകത്തക്കവിധത്തിൽ ഈ നിയമത്തിൽ വ്യവസ്ഥ കൊള്ളിക്കണമെന്നാണ് ഞാൻ പറയുന്നതു് എങ്ങനെ വ്യവസ്ഥയുണ്ടാക്കാമെന്നുള്ളതിനെക്കുറിച്ചു പുറകെ ആലോചിക്കുമെന്നുള്ളതാണ്. എൻെറ ഈ ഭേദഗതി തീർച്ചയായും അവരുടെ അവകാശങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനു സഹായിക്കുമെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് ആ ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു്.

അടുത്ത 259-ാമത്തെ ഭേദഗതിയിൽ ആവശ്യപ്പെടുന്നതു് രണ്ടാമത്തെ പ്രൊവൈസോ നീക്കം ചെയ്യണമെന്നാണ്. ശ്രീമതി ഗൗരി അതിനെപ്പററി സംസാരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഫാക്ടറി, വർക്ക്ഷോപ്പ് എന്നിവകളോട് ബന്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെ കുടികിടപ്പുകാരായി പരിഗണിക്കുകയില്ലെന്നാണ് രണ്ടാമത്തെ പ്രൊവൈസോവിൽ പറഞ്ഞിട്ടുള്ളതു്. ഇന്നു് സാധാരണയായി കുടികിടപ്പുകാർക്ക് കിട്ടിയിരിക്കുന്ന പല ആനുകൂല്യങ്ങളും ഇല്ലാതാകുകയാണ്. അതുകൊണ്ടാണ് ഈ ഭാഗം മാററണമെന്നു ഞാൻ പറയുന്നതു്.

297-ാമത്തെ ഭേദഗതി ഈസ്‌മെൻറിൻെറ കാര്യത്തെ പററിയുള്ളതാണ്. ശ്രീമതി ഗൗരി അവതരിപ്പിച്ച ഭേദഗതിയിൽ നിന്നു വ്യത്യസ്ഥമായി Kitchen garden ഉണ്ടാക്കാനുള്ള അവകാശം കൂടി ഉൾക്കൊള്ളുന്നതാണ് എൻെറ ഭേദഗതി. ഇതു് സാങ്കേതികമായി വിഷമം ഉണ്ടാക്കുമോ എന്നു എനിക്കറിവില്ല. എൻെറ ഉദ്ദേശം ബഹുമാനപ്പെട്ട മന്ത്രി മനസിലാക്കണമെന്നു് എനിക്കപേക്ഷയുണ്ട്. ഇവിടെ കുടികിടപ്പുകാർ നടുതല കൃഷികൾ, അതായതു് വെണ്ടയോ, വാഴയോ മറേറാ കൃഷി ചെയ്യുന്നുണ്ട്. സാധാരണയായി തങ്ങൾക്കു കിട്ടിയിരുന്ന പറമ്പുകളിൽ അങ്ങനെയുള്ള കൃഷികൾ ചെയ്യുന്നുണ്ട്. അങ്ങനെ സ്വന്തം മുററത്തു കൃഷി ചെയ്തിട്ടുള്ള വാഴകളെ വസ്തു ഉടമകൾ വെട്ടിക്കളഞ്ഞ കേസുകൾ ഉണ്ട്. തങ്ങൾക്ക് ഈസ്‌മെൻറുറൈററുള്ള സ്ഥലങ്ങളിൽ എന്തെങ്കിലും നടുതല കൃഷി ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കണമെന്നാണ് ഞാൻ കിച്ചൻഗാർഡൻ എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതു്.

അടുത്തതു് ഭേദഗതി 347 ആണ്. 1957 ഏപ്രിൽ 11-ാംനു വരെയുള്ള കുടികിടപ്പുകാരുടെ അവകാശങ്ങൾ പരിരക്ഷിക്കത്തക്കവിധത്തിലാണ് ഇവിടെ പ്രൊവൈസോ ചേർത്തിട്ടുള്ളതു്. അതു് 1961 ഫെബ്രുവരി 15 എന്നാക്കണമെന്നാണ് എൻെറ ഭേദഗതി. അതായതു്, ഭേദഗതികളോടുകൂടി കാർഷികബന്ധനിയമം നടപ്പിലാക്കിയ അവസരംവരെ ശ്രീമതി ഗൗരി ഈ നിയമനിർമ്മാണം നടപ്പിലാക്കുന്നതു വരെ എന്നാക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. ആ ഭേദഗതി കൂടുതൽ ശരിയായിരിക്കുമെന്നു തോന്നുന്നു. 1128-ൽ കുടികിടപ്പുകാർക്ക് സ്ഥിരാവകാശം നൽകിയ നിയമം വന്നു. അന്നുവരെയുള്ള ആനുകൂല്യങ്ങൾ അംഗീകരിക്കപ്പെട്ടു. അതുകൊണ്ട് കാർഷികബന്ധനിയമം നടപ്പിലാക്കിയ അവസരംവരെയെങ്കിലും കുടികിടപ്പുകാർക്ക് ഫിക്സിററി ഉണ്ടാക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിൽ ചേർക്കണമെന്നാണ് എൻെറ ഭേദഗതിയുടെ ഉദ്ദേശം. 349-ാംനമ്പർ ഭേദഗതി ശ്രീമതി ഗൗരി അവതരിപ്പിച്ച ഭേദഗതിക്കു തുല്യമായതുകൊണ്ട് ഞാൻ അതിനെക്കുറിച്ചു സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

354-ാംഭേദഗതി ഞാൻ മുൻപു പറഞ്ഞതുപോലെ 1961 ഫെബ്രുവരി 15-ാംനു- എന്നു് എക്സ്പ്ലനേഷനിൽ മാററം വരുത്തുന്നതാണു്. കാർഷിക ബന്ധനിയമം നിലവിൽവന്ന അവസരംവരെയെങ്കിലും കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം fixity ഉണ്ടാകണമെന്നുള്ളതാണു ഉദ്ദേശം. കാർഷിക ബന്ധനിയമത്തിൽ ഇല്ലാതിരുന്നതു് പുതുതായി ഈ നിയമത്തിൽ സ്വീകരിക്കാതിരുന്നാൽ കുടികിടപ്പുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന്റെ കാര്യം പ്രത്യേകം പരിഗണിക്കണമെന്നാണു് ഞാൻ പറയുന്നതു്. പല കോടതിവിധികളും ഉണ്ടായിട്ടുണ്ടു്. കുടികിടപ്പുകാരനും, ജന്മിയും സൗഹാർദ്ദത്തിൽ കഴിയുന്നില്ലെങ്കിൽ കുടികിടപ്പുകാരെ ദ്രോഹിക്കാൻ കഴിയുന്ന പലതും ഇതിലുണ്ടു്. ഒരു കുടികിടപ്പുകാരന്റെ ഭാര്യയും. കുട്ടികളും അയാളുടെ കുടികിടപ്പിൽ പ്രവേശിക്കരുതെന്നു കോടതി വിധിയുണ്ടായിട്ടുണ്ടു്. യഥാർത്ഥത്തിൽ പേരുകാരനായ കുടികിടപ്പുകാരൻ മറെറാരു സ്ഥലത്തു ജോലിക്കു പോയിരുന്നു. അയാളുടെ ഭാര്യയും കുട്ടികളും ആ സ്ഥലത്തു പ്രവേശിക്കാൻ പാടില്ലെന്നു വിധിയുണ്ടായിട്ടുണ്ടു്. ഇതുപോലെയുള്ള നിരവധി കോടതിവിധികൾ ഉണ്ടായിട്ടുണ്ടു്. ഇത്തരം വിധികൾ ഉണ്ടാകാനുള്ള പഴുതുകൾ അടയ്ക്കേണ്ടതാവശ്യമാണു്.

ശ്രീ. പി. ടി ചാക്കോ : ഇങ്ങനെ പഴുതുണ്ടാകാതിരിക്കാൻ കുടികിടപ്പുകാരന്റെ അവകാശങ്ങളെ സംബന്ധിച്ചു പറയുന്നിടത്തല്ലേ മാററം ചെയ്യേണ്ടതു്?

ശ്രീ. പി. എസ്. ശ്രീനിവാസൻ : അതെ. പക്ഷെ ഈ പറഞ്ഞിട്ടുള്ള അവരുടെ അവകാശങ്ങൾക്കു് പരിരക്ഷ ഉണ്ടാകണമെങ്കിൽ അതു് ഭൂമിയിലുള്ള interest ആയി കണക്കാക്കുതെങ്കിൽ ഇവിടത്തന്നെ വരേണ്ടതാണു്. അതുകൊണ്ടു് ഈ ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : കുടികിടപ്പുകാരന്റെ നിർവചനത്തിൽ രണ്ടു explanation കൂടി ചേർക്കണമെന്നാണു് എന്റെ രണ്ടു ഭേദഗതികൾമൂലം ആവശ്യപ്പെട്ടിട്ടുള്ളതു്. കുടികിടപ്പുകാരനു് ഈ നിയമം മൂലം കൊടുക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ നിയമത്തിൽ പഴുതുകൾ കണ്ടുപിടിച്ചു അതിൽ കൂടി തട്ടിക്കൊണ്ടുപോകാനും, നഷ്ടപ്പെടുത്താനും ഇടവരാത്ത നിലയിൽ ഈ രണ്ടു എക്സ്പ്ലനേഷനും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ കരുതുകയാണു്. എന്റെ ഭേദഗതി 295-ം, 296-ം ആണു്, കുടികിടപ്പുകാർക്കു് ആനുകൂല്യം കൊടുക്കുന്ന പലതും നടപ്പിൽ വന്നിരുന്നു. പക്ഷെ, അതു് നടപ്പിലാക്കാൻ തുടങ്ങുന്ന സന്ദർഭം മുതൽ കുടിയിറക്കൽ എന്നു പറയാൻ പാടില്ലാത്ത വിധം നിയമത്തിന്റെ അകത്തുനിന്നു ഏതെങ്കിലും പഴുതു കണ്ടുപിടിച്ചു കുടിയിറക്കുന്ന സ്വഭാവമുണ്ടു്. ഈ അടുത്തകാലത്തു് കുടിയിറക്കുന്ന അളുകൾ വളരെ ചുരുക്കമാണു്. മററു പല നിയമങ്ങളും ഉപയോഗപ്പെടുത്തി കുടികിടപ്പുകാരെ ശല്യപ്പെടുത്തി അവിടെനിന്നും താനെ ഇറക്കുന്ന സമ്പ്രദായങ്ങളാണു് സ്വീകരിക്കുന്നതു്. വേറൊന്നു് നിയമത്തിൽതന്നെയുള്ള പഴുതുപയോഗിച്ചു കോടതിയെ സമീപിച്ചു ഇറക്കുക എന്നുള്ളതാണു്. ഒന്നാമത്തെ ഭേദഗതിയിൽ പറയുന്നതു് ഇങ്ങനെയാണു്.

Explanation : 1. A Member of a joint family who is having family properties for the whole family not more than fifty cents in extent, which is not divided or not in his possession will not be considered as a person who is owning or possessing land for the purposes of this sub-section. ഇങ്ങനെ ഒരു സംരക്ഷണം കൊടുത്തില്ലെങ്കിൽ കൂട്ടുകുടുംബത്തിലെ ഏതെങ്കിലും ആധാരപ്രകാരം എവിടെയെങ്കിലും ഒരു സ്ഥലത്തു് തന്റെ പേരിൽകൂടി ഒരു ജന്മാവകാശം കിടക്കുന്നുണ്ടെങ്കിൽ അതുവച്ചു് കുടി ഒഴിപ്പിക്കാനുള്ള അവസരം കിട്ടും. കൂട്ടായ്മ ഉടമസ്ഥതയിലുള്ള വസ്തുവിൽ ഒരാളിനു് കുടിവയ്ക്കാൻ സാദ്ധ്യമല്ലെന്നു വരും. അച്ഛന്റെയോ, അമ്മയുടെയോ മരണശേഷം മക്കൾക്കു് അഞ്ചോ, പത്തോ സെൻറു സ്ഥലം പൊതുവായി അവകാശപ്പെടുമ്പോൾ കുടികിടപ്പിൽനിന്നു ഇറങ്ങിപ്പോകേണ്ടിവരും. അത്തരം ചില കേസുകൾ കോടതിയിൽ കഴിഞ്ഞ കാലത്തു് വന്നിരുന്നതിന്റെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

ത്തിലാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. പിന്നെ സ്വന്തമായ പേരിൽ വസ്തു ഉണ്ടെങ്കിലും ഭാഗം വയ്ക്കാത്തതുകൊണ്ടു് കൈവശം കിട്ടാത്തതു കാണും. അഞ്ചും പത്തും സെൻറുള്ള കുടുംബം ഭാഗം വയ്ക്കുക എന്നുള്ളതു് വളരെ ശ്രമകരമായ കാര്യമാണു്.

അതു അത്ര പ്രായോഗികമല്ല. 5—ം, 10—ം അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിൽ, അഞ്ചോ, പത്തോ സെൻറു സ്ഥലം ആരെങ്കിലും ഒരാൾ കൈവശം വച്ചിരിക്കും. മററുള്ളവർക്കു് അതു ഭാഗിച്ചുകിട്ടണമെന്നു് ആഗ്രഹം ഉണ്ടായാൽ തന്നെയും, കൈവശക്കാരൻ പെട്ടെന്നു് അതിനു വഴങ്ങി എന്നു വരികയില്ല. പിന്നെ, നിയമപ്രകാരം ഭാഗം വയ്പിക്കാൻ ശ്രമിക്കണം. മുപ്പതു സെൻറു സ്ഥലം ഭാഗം വയ്പിക്കാൻ ആരെങ്കിലും കക്ഷിചേർന്നു കോടതിയിൽ കേസ്സു കൊടുക്കണം. അങ്ങനെ കോടതിയിൽപോയി കുടുംബസ്വത്തു ഭാഗം വയ്പിക്കാൻ വിധി സമ്പാദിക്കുക അസാദ്ധ്യമാണു്. അതുകൊണ്ടു് ഏതെങ്കിലും കൂട്ടായ്മ ഉടമ്പടിവ്യവസ്ഥയിൽ എവിടെയെങ്കിലും ഭൂമിയുണ്ടെങ്കിലും അയാളുടെ കുടികിടപ്പു് ഒഴിപ്പിക്കണമെങ്കിൽ ഈ വിശദീകരണം കൂട്ടിച്ചേർക്കണമെന്നാണു് എൻെറ അഭിപ്രായം.

അടുത്ത ഭേദഗതിയെപ്പററി എനിക്കു മുൻപു സംസാരിച്ച ഒന്നു രണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ പലരും, ആരെയെങ്കിലും ഒഴിപ്പിക്കണമെങ്കിൽ, ഒന്നുകിൽ വഴികെട്ടി അടയ്ക്കും; കന്നുകാലികൾ കയറി കൃഷി നശിപ്പിക്കാതിരിക്കാനാണെന്നു പറയുക; അങ്ങനെ മററുള്ളവരെ തടസ്സപ്പെടുത്തും. വേറൊരു കൗശലം, മുററത്തുവരെ കൃഷി ചെയ്തു വെളിയിലോട്ടു ഇറങ്ങാൻവയ്യാത്തമട്ടിൽ അസൗകര്യം ഉണ്ടാക്കുകയാണു്. കൂടാതെ, കുളിക്കാനും, കുടിക്കാനുമുള്ള വെള്ളം കൊടുക്കാതെ അസൗകര്യങ്ങൾ ഉണ്ടാക്കുക, ഇങ്ങനെ പലതരത്തിൽ പ്രയോഗിക്കാറുണ്ടു്. വളരെ പ്രമാദമായ തൈക്കൽ സംഭവംതന്നെ, ചീരമാധവിയുടെ കുടിക്കുന്ന കുളം നികത്തി കുടിയൊഴിപ്പിക്കാൻ ശ്രമിച്ചതാണല്ലോ. താമസിക്കുന്നതിനു തൊട്ടടുത്തുള്ള പുരയിടത്തിൽ ശവം മറവുചെയ്യുക എന്നിങ്ങനെയുള്ള ദ്രോഹപ്രവൃത്തികൾമൂലം ആളുകളെ വിരട്ടിയോടിക്കുന്ന ഒരു സമ്പ്രദായമാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. എൻെറ വിശദീകരണം കൊടുക്കുന്നില്ലെങ്കിൽ, ഈസ്മെൻറിനു് സൗകര്യം കിട്ടുകയില്ല. ആളുകളെ ശ്വാസംമുട്ടിച്ചു് കുടിയിറക്കിവിടുന്ന സമ്പ്രദായത്തെ തടയാൻ എൻെറ രണ്ടു ഭേദഗതികളും സ്വീകരിക്കുമെന്നു് വിശ്വസിക്കുകയാണു്.

[Deputy Speaker in the chair]

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: മാഡം, ഞാൻ ഒരു പ്രസംഗം ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. 4 രൂപാവരെ വാടക കിട്ടണമെങ്കിൽ, 800 രൂപാ വരെ വിലപിടിപ്പുള്ള കെട്ടിടം ആയിരിക്കണം. മുളയ്ക്കുംമററും ഇന്നു വില കൂടിയിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ, എൻെറ മററുപല സുഹൃത്തുക്കളും 1000 ക. വരെ കണക്കാക്കി ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു മന്ത്രി 1000 ക. എന്നുള്ള ഭേദഗതി സ്വീകരിച്ചാൽ, എൻെറ 800 ക. യുടെ ഭേദഗതി ആവശ്യമായി വരികയില്ല. ഇതു സംബന്ധിച്ച കാര്യം മന്ത്രിക്കു മനസ്സിലായിട്ടുണ്ടു്. സർ, ഒരു സംഗതി എനിക്കു പറയാനുള്ളതു്, ഈ നിയമം പാസ്സായതിനുശേഷം, ചെറിയ കുടിലുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കു നല്ല ഉറക്കമില്ല. ഒരു മഹാകവി പാടിയിട്ടുണ്ടു്.

"കൊട്ടാരം ചിന്തയാൽ ജാഗരംകൊള്ളുന്നു
കൊച്ചു കുടിൽക്കത്രേ നിദ്രാസുഖം." എന്നു്

ഇന്നു് കൊട്ടാരങ്ങളിൽ താമസിക്കുന്ന ജന്മിമാർ, പാവപ്പെട്ട കുടികിടപ്പുകാരെ ഇറക്കിവിടുവാനുള്ള ഉപായങ്ങളെപ്പററി ചിന്തിച്ചു് ജാഗരംകൊള്ളുകയാണു്. ആ സംഗതി മനസ്സിലാക്കി എൻെറ ഭേദഗതി സ്വീകരിക്കണം. ആദ്യം പ്രസിഡൻറിൻെറ നിർദ്ദേശം അനുസരിച്ചു് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെപ്പററി ചർച്ചചെയ്ത അവസരത്തിൽ ചില ഭേദഗതികൾ നാം വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ തുടർന്ന് ഇന്നുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ചില വ്യാഖ്യാനങ്ങളും ഉണ്ടായി. വാസ്തവത്തിൽ, ഒരു കൊല്ലം തുടർച്ചയായി താമസിച്ചുവരുന്ന ഉൾക്കുടികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നിയമം മലബാറിലുണ്ടായിരുന്നു. അവർക്കുതന്നെ രേഖയില്ലാത്ത കൈവശമുണ്ടായിരുന്നാൽമതി സംരക്ഷണം നൽകേണ്ടതാണ്. അങ്ങനെയുള്ളവരെ ഒഴിപ്പിക്കുകയാണെങ്കിൽ, താമസിക്കാൻപോലും സ്ഥലമില്ലാതെ പാവങ്ങളും വിഷമിക്കേണ്ടിവരും. ഈ കാര്യം ഓർത്ത് അവർക്കു സംരക്ഷണം നൽകുന്നതിന് എന്റെ ഭേദഗതിയോ, ഈ ഭാഗത്തുനിന്നോ, ആ ഭാഗത്തുനിന്നോ അവതരിപ്പിച്ചിട്ടുള്ള മറേറതെങ്കിലും ഭേദഗതിയോ സ്വീകരിച്ച് ഈ ഉദ്ദേശം നിറവേററണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : മാഡം, 322-ാമത്തെ ഭേദഗതിയാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. കുടികിടപ്പുകാരുടെ ഡഫനിഷനിലെ ആദ്യത്തെ ഖണ്ഡികയിൽ, "Who has no homestead or land, either as owner or as tenant in possession, to erect a homestead" എന്നഭാഗം നീക്കിക്കളയണമെന്നാണ് ഭേദഗതി. അങ്ങനെ വന്നാൽ, "Who has been permitted with or without an obligation to pay rent by a person in lawful possession of any land to have the use and occupation of a portion of such land for the purpose of erecting a homestead, or എന്നു മാതിരിയാകും. കുടികിടപ്പുകാരൻ എന്നുള്ളത് ഡിഫൈൻ ചെയ്യുന്ന അവസരത്തിൽ, "Who has no homestead or land, either as owner or as tenant in possession, to erect a homestead എന്ന വിശേഷണം ചേർക്കുന്നത് ഈ ഘട്ടത്തിൽ വൈഷമ്യം ഉണ്ടാക്കും. അത്, ഒഴുകുന്ന തോണിക്ക് ഒരു ഉന്തുപോലെയാണ് കലാശിക്കുക. കുടികിടപ്പുകാരന് കൊടുത്തുകഴിഞ്ഞിട്ടുള്ള ഒരുഅവകാശം, വളരെ വിഷമം പിടിച്ച ഒരു പരിതഃസ്ഥിതിയിൽ ഇന്ന് അനുഭവിച്ചുവരുന്ന അവസരത്തിൽ, ഇല്ലാതാക്കി ചെയ്യുന്നതിന് സഹായകമായി, ഉപയോഗിക്കുന്നവരുടെ കൈയിൽ ഇതും ഒരായുധമായി പരിണമിക്കും.

മാഡം, കുടികിടപ്പുകാർക്ക് അവകാശംകൊടുക്കുന്ന, ആദ്യത്തെ നിയമനിർമ്മാണം, കേരളത്തിൽ, മലബാർഭാഗത്താണുണ്ടായിട്ടുള്ളതെന്നാണ് ഞാൻ കരുതുന്നത്. 1930—ലെ മലബാർ കുടിയായ്മ നിയമത്തിൽ, കുടികിടപ്പുകാർക്കു കൊടുത്ത നിർവ്വചനം ഇവിടെ വായിക്കുന്നതു പ്രസക്തമാണെന്നു ഞാൻ വിചാരിക്കുന്നു. മലബാർ ടെനൻസി ആക്ററിൽ നിന്നാണ് ആ ഭാഗം ഞാൻ വായിക്കുന്നത്.

"Ulkudi or kudikidappu means any portion of a garden land which is situated in Fort Cochin or in any other area which the State Government may, by notification in the gazette, specify in this behalf and in which a person is allowed to put up a hut and reside therein or is allowed to reside in a hut put up by the landlord at the landlord's pleasure, whether such person has agreed to pay rent or not"

ഈ സംസ്ഥാനത്തുതന്നെ പല ഭാഗത്തും, സംഗതിവശാൽ പാർപ്പിടങ്ങളായിട്ട് ഉപയോഗിക്കുന്നതിനു മാത്രമായിട്ട് ആളുകളും കുടിലുകളും വയ്ക്കുന്ന സാഹചര്യമാണ്, ഇത്തരം ഒരു നിയമനിർമ്മാണത്തിന് പ്രേരണ നൽകിയിട്ടുള്ളത്. ഇവിടെ സ്വത്തിന്റെയൊന്നും കാര്യമില്ല; വലിയ സമ്പാദ്യത്തിന്റെ കാര്യമല്ല; അതിനേക്കാളും അടിയിലുള്ള, മനുഷ്യന്റെ പ്രാഥമികമായ ആവശ്യമാണ് മുന്തിനില്ക്കുന്നത്. എങ്ങിനെയെങ്കിലും ഒരു കൂരയിൽ കയറി പാർക്കുക എന്നുള്ളത്. അത് ജന്തുസഹജമായ ഒരു ആവശ്യമാണ്.

Deputy Speaker : Please do not go to the general principles. Confine your speech to the amendment.

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : എന്റെ ഭേദഗതിയുമായി വളരെയധികം ബന്ധപ്പെട്ടതാണ് ഈ കാര്യമെന്നു ഞാൻ വിശ്വസിക്കുന്നു. കുടികിടപ്പിനെ

2/154/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ള നിയമനിർമ്മാണത്തിൽ, കാണുന്ന നിർവ്വചനത്തെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്. അത് ഇവിടെ ഒട്ടും അസംഗതമല്ലെന്നാണ് എൻെറ വിശ്വാസം.

അങ്ങനെ ജന്തുസഹജമായ ഒരു ആവശ്യം നിറവേററുന്നതിന്, മനുഷ്യൻെറ പ്രാഥമികമായ ഒരാവശ്യത്തിന്ന്, നിയമപരമായ സംരക്ഷണം നൽകേണ്ടതായി വന്നതാണ് വിഷമം. സ്വകാര്യ സ്വത്തിനെ സംബന്ധിച്ചിടത്തോളം ആരൊക്കെ എന്തെല്ലാം പരിശുദ്ധി കല്പിച്ചാലും, 1930-ൽ അനുവദിച്ചുകൊടുത്തിട്ടുള്ള ഒരു അവകാശമെന്ത, കുറച്ചാൻ ഈ വകുപ്പ് സഹായം നൽകുന്നില്ല. സ്വത്തിൽ യാതൊരവകാശവുമില്ലാതെയാണ് കുടികിടപ്പുകാരൻ കയറി താമസിക്കുന്നത്. പലപ്പോഴും, ജന്മി ഉടമസ്ഥൻ, കുടിൽകെട്ടി, അവിടത്തേക്ക് ക്ഷണിച്ചുവരുത്തി ആളുകളെ താമസിപ്പിക്കുന്ന പതിവും ധാരാളമുണ്ടായിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: ഇതെല്ലാം നേരത്തേനടന്ന പ്രസംഗത്തിൻെറ ആവർത്തനം മാത്രമാണ്. ബഹുമാനപ്പെട്ട മെമ്പർ ചുരുക്കിപ്പറഞ്ഞു അവസാനിപ്പിച്ചാൽകൊള്ളാം.

ശ്രീ. ഇ. പി. ഗോപാലൻ: ആവർത്തനം കൂടാതെ കഴിക്കാം.

ഡെപ്യൂട്ടി സ്പീക്കർ: ചേർത്തല മെമ്പർ പറഞ്ഞതിൻെറ ആവർത്തനമാണധികവും.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ ഈ പറയുന്നത് മറെറാരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായി ഞാൻ കേട്ടില്ല.

മാഡം, ഏതായാലും ഒരു സ്വത്തുടമസ്ഥതയുടെ കാര്യമായി ഈ പ്രശ്നത്തെ ചുരുക്കാൻ പാടില്ല. ഉടംകുടി-കുടികിടപ്പുകാരും മനുഷ്യരാണ്; അവരുടെ പ്രാഥമികമായ താമസസൗകര്യത്തിന്, സാമൂഹിക നീതിയുടെ പേരിൽ, നിയമപരമായ സംരക്ഷണം നൽകണം. അങ്ങനെയൊരു തത്വത്തെ ആധാരമാക്കിവേണം പുതിയ നിയമനിർമ്മാണം നടത്തേണ്ടത്. ഉടംകുടി-കുടികിടപ്പുകാരന് മററവിടെയെങ്കിലും കുറച്ചു സ്ഥലമുണ്ടായി എങ്കിൽ അതൊരു ഡിസ്ക്വാളിഫിക്കേഷനായിത്തീരുക; കുടികിടപ്പവകാശം നഷ്ടപ്പെടുക, ഇതു് ശരിയല്ല. ഒരു കുടികിടപ്പുകാരന് മറെറാരു സ്ഥലം വാങ്ങാൻ വേണ്ടത്ര കഴിവുണ്ടാകുന്നതു് അപൂർവ്വമാണ്. കൊച്ചി മുതലായ പ്രദേശങ്ങളിൽ ചിതൽപ്പുററുപോലെയുള്ള കുടിലുകളിൽ പാർക്കുന്നവരെ, അവിടെ നിന്നും ഓടിക്കുന്നതിന് സൌകര്യം നൽകുന്ന പഴുതുകൾ നിയമത്തിൽ ഉണ്ടാകാൻ പാടില്ല. വേറെ സ്ഥലമുണ്ടാകാനുള്ള സാധ്യതകുറവാകയാൽ, അക്കാരണം പറഞ്ഞു് ഉപദ്രവമുണ്ടാക്കുന്നതിന് സൌകര്യപ്പെടുത്തുന്ന വ്യവസ്ഥ ഇതിൽ ഉടംപ്പെടുത്തേണ്ടകാര്യമില്ല.

മററവിടെയെങ്കിലും താമസസൗകര്യമുണ്ടായൽ, കുടികിടപ്പവകാശം നഷ്ടപ്പെടുമെന്ന വ്യവസ്ഥ ഇന്ന് അവർ അനുഭവിച്ചുവരുന്ന സൌകര്യത്തെ വിഘാതപ്പെടുത്തുകയാവില്ലെ എന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്. അതുകൊണ്ടു് ഈ ഡെഫനിഷനിലെ, കുടികിടപ്പുകാരെ, കുടികിടപ്പുകാരനല്ലാതാക്കിത്തീർക്കുന്ന, അതിന് അനർഹരാക്കിത്തീർക്കുന്ന ഭാഗം ഇതിൽനിന്ന് എടുത്തുകളയേണ്ടതാണ്.

"Who has been permitted by a person in lawful possession" എന്നുള്ളതെല്ലാം നിലനില്ക്കുന്നുണ്ട്. അവർക്ക് ഉണ്ടാകുന്ന വിഷമതകളെ പരിഹരിക്കാനായിട്ടുള്ള ഒരു നിർദ്ദേശം മാത്രമാണ് ഞാൻ ഇവിടെ വയ്ക്കുന്നത്. ഈ അവകാശം കുടികിടപ്പുകാരന് കൺഫർ ചെയ്തിട്ടുള്ള ചരിത്രം എടുത്തു പരിശോധിച്ചാൽ, ഇതു തികച്ചും ന്യായമാണെന്നു ബോധപ്പെടും. മാഡം, ഇതു്, നിലവിലുള്ള നിയമത്തിലെ ഒരു ഭാഗം എടുത്തുകളയാൻ വേണ്ടിയാണ് പറയുന്നതു്. ഈ ഭാഗം കുടികിടപ്പുകാർക്കു് ഉപദ്രവകരമാണ് എന്നുള്ളതു് കൊണ്ടു്, കാർഷികബന്ധനിയമത്തിന് വളരെയധികം പരിശുദ്ധി കല്പിച്ചു് അതിൽ മാററം വരുത്തുന്നതിനെ എതിർക്കുവാൻ ഈ ഘട്ടത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം കാണിക്കുന്നവരുണ്ടാകും. അവരാണ് നിലവിലുള്ള നിയമത്തിൽ, കുടിയാനും കുടികിടപ്പുകാരനും അനുകൂലമായ പല വകുപ്പുകളും.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെപ്പററി പറയാതെ, ഭേദഗതിയെപ്പററി സംസാരിച്ച് അവസാനിപ്പിച്ചാൽ കൊള്ളാം.

ശ്രീ. ഈ. പി. ഗോപാലൻ : ഭേദഗതിയെപ്പററിയാണ് പറയുന്നത്. ഭേദഗതിയെപ്പററി സംസാരിക്കുമ്പോൾ, അതിനാസ്പദമായ, ആധാരമായ നിയമത്തിലെ ബന്ധപ്പെട്ടകാര്യങ്ങളും പറയേണ്ടിവരും. നിലവിലുള്ള നിയമത്തിലെ ചില വകുപ്പുകൾ ദുരുദ്ദേശത്തോടുകൂടി, കല്പിച്ചുകൂട്ടി മാററുകയും അതുമൂലം കുടിയാന്മാരായ, കുടികിടപ്പുകാരായ, വിഭാഗത്തിന് ദോഷം വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നതിനെ എടുത്തു പറയുകയാണ്. അപ്പോൾ നിലവിലുള്ള നിയമത്തിലെ ബന്ധപ്പെട്ടവകുപ്പുകളെപ്പററി സംസാരിക്കേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ ഒരവസരത്തിൽ പറയുകയുണ്ടായി, കാർഷികബന്ധ നിയമത്തിൽ ഇല്ലാത്ത ഒരു വകുപ്പാണല്ലോ അതു് എന്നു്.

ശ്രീ. മാലേത്തു ഗോപിനാഥ പിള്ള : മാഡം, ഒരു പായിൻറ് ആഫ് ആർഡർ. 'ദുരുദ്ദേശത്തോടുകൂടി' ഒരു നിയമം ഉണ്ടാക്കാൻ ശ്രമിച്ചു എന്നു പറയുന്നതു് ശരിയാണോ ? ഒരു പാർട്ടിയുടെ പേരിലുള്ള ആരോപണമല്ലേ അതു്?

ഡെപ്യൂട്ടി സ്പീക്കർ : ദുരുദ്ദേശം എന്ന വാക്ക്, മെമ്പർ ദുരുദ്ദേശത്തോടുകൂടി പ്രയോഗിച്ചതല്ല ; ആവേശത്തിനിടയിൽ വന്നുപോയതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ കാര്യത്തിൽ ആവേശത്തിൻെറ പ്രശ്നമില്ല. പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ് ; ഇനിയും പറയേണ്ടിവരികയും ചെയ്യും. മന്ത്രിതന്നെ വാദിച്ചിട്ടുള്ളതാണ് ; കാർഷികബന്ധ നിയമത്തിൽ ഇല്ലാത്ത പ്രൊവിഷൻസ് ഇതിൽ എന്തിനു ചേർക്കണമെന്നു്. 1960—ലെ കാർഷികബന്ധനിയമത്തിലുള്ള ബന്ധപ്പെട്ട വകുപ്പിൽ നിന്നു്, ഒരു ഭാഗം എടുത്തുകളയാനുള്ളതാണ് എൻെറ ഭേദഗതി. നിലവിലുള്ള നിയമത്തിൻെറ കാര്യം പറഞ്ഞു് ഇതിനെ എതിർക്കുന്ന നിയമശകലങ്ങൾ, കൃഷിക്കാർക്കു് ആനുകൂല്യങ്ങൾ നൽകുന്നവ ഇതിൽ എടുത്തതു് ന്യായമല്ല. നിലവിലുള്ള നിയമത്തിലെ ചില വകുപ്പുകൾ, വള്ളി, പുള്ളി, വിസർഗ്ഗം വിടാതെ ഇവിടെ, ഭേദഗതി അവതരിപ്പിച്ചതു് തള്ളിപ്പോയ അനുഭവം നമുക്കുണ്ടല്ലൊ. നിലവിലുള്ള നിയമത്തെപ്പിടിച്ചാണ് നില്ക്കുന്നതെങ്കിൽ, മേൽ പറഞ്ഞ ഭേദഗതികൾ തള്ളിക്കളയുമായിരുന്നില്ല. ഈ ഭേദഗതിയുടെ കാര്യം വരുമ്പോൾ മാത്രം നിലവിലുള്ള നിയമത്തിൽ കയറിപ്പിടിക്കുന്നതു് ഉചിതമല്ല. നിലവിലുള്ള നിയമത്തിൻെറ പ്രവർത്തനത്തിൽ കണ്ടിട്ടുള്ള ഒരു പോരായ്മ നീക്കണമെന്നുള്ളതാണിവിടെ പ്രശ്നം.

അതിനു് അനുഗുണമായ ഒരു വ്യത്യാസം വരുത്തണം; അങ്ങിനെ ഭേദഗതി ചെയ്യണം. കാർഷികപരിഷ്കാരമെന്നുള്ള നിലയ്ക്കു ഇന്നു് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഒന്നും കൈവിട്ടുകളയുവാൻ പാടില്ല. നിയമപരമായിട്ടുള്ള വൈഷമ്യങ്ങളും വൈകല്യങ്ങളും കഴിയുന്നതും തീർക്കുവാനും ശ്രമിക്കണം. ആ നിലപാടിൽ നിന്നുകൊണ്ടുതന്നെയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. നിയമം നടപ്പാക്കിക്കഴിഞ്ഞതിനുശേഷം ഇവിടെ നേരിട്ട വൈഷമ്യങ്ങളെ പരിഗണിച്ച് കുടികിടപ്പുകാർക്കും ഉടമക്കാർക്കും കിട്ടിക്കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ അവർക്കു അനുഭവിക്കുവാൻ സൗകര്യമുണ്ടാക്കുന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നതു്. ഞാൻ ഇതു പറയുന്നതു് നിയ്യചനത്തിൻെറ ആദ്യത്തെ പാരായിൽ വരുത്തേണ്ട ഭേദഗതിയെ സംബന്ധിച്ചാണ്. ശ്രീമാൻ ടി. കെ. രാമകൃഷ്ണൻെറ 96-ാം നമ്പർ ഭേദഗതിക്കു് ഇവിടെ അവതരണാനുമതി ലഭിച്ചതിൻെറ ഫലമായി എൻെറ 99-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടില്ല. 96-ാം നമ്പർ ഭേദഗതിയോടു ഒത്തു നിൽക്കുന്നതാണ് എൻെറ 99—ാംനമ്പർ ഭേദഗതിയും. 99-ാം നമ്പർ ഭേദഗതിവഴി ഞാൻ ആവശ്യപ്പെടുന്നതു് സെക്ഷൻ 2, സബ് സെക്ഷൻ 25 എന്നതിലെ രണ്ടാമത്തെ പ്രൊവൈസോ എടുത്തുകളയണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

"Provided further that a person shall not be deemed to be a kudikidappukaran എന്നു തുടങ്ങി any law then in force എന്നു വരെയുള്ള ഭാഗമാണ് പ്രൊവൈസൊ."

കുടികിടപ്പുകാരനെ ഒഴിപ്പിക്കാനുള്ള ഉപാധികൾ, ഈ ബില്ലിൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കുവാനുള്ള പ്രൊവിഷൻസ് ഇതിനു മാത്രം ബാധകമല്ലാതാക്കുന്നതെന്തിനു്? പ്ലാൻറേഷനിൽ നിന്നോ, മില്ലിൽ നിന്നോ, ഫാക്ടറിയിൽ നിന്നോ ഒഴിപ്പിക്കാൻ ഈ ബില്ലിലെ മററു വകുപ്പുകൾ നൽകുന്ന അധികാരം ഉപയോഗിച്ചുകൂടേ? അങ്ങനെ ഒഴിപ്പിക്കുമ്പോൾ അവർക്കു് ചില അവകാശങ്ങൾ അനുവദിക്കുന്നുണ്ടു്. ഏററവും ചെറിയ ഭൂവുടമകൾ പോലും തങ്ങളുടെ സ്ഥലത്തു കുടികിടപ്പുകാരായിട്ടുള്ളവരെ ഒഴിപ്പിക്കുമ്പോൾ നൽകേണ്ട പ്രതിഫലം തോട്ടക്കാരും ഫാക്ടറി ഉടമകളും നൽകേണ്ടതില്ല എന്നു വയ്ക്കുന്നതെന്തിനാണു് ? കുടികിടപ്പിന്റെ സ്ഥലം, അതു എവിടെയായാലും കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്, സമമാണു്. എന്നാൽ പ്ലാൻറേഷൻ, ഫാക്ടറി, വർക്കുഷാപ്പ് ഇതുപോലുള്ള സ്ഥലങ്ങളിൽ കുടികിടപ്പുകാരനു് യാതൊരവകാശവും ഇല്ല എന്നു് വിധിക്കുന്നതു് നീതിയല്ല. തോട്ടം ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും ഇക്കാര്യത്തിൽ പ്രത്യേക പരിഗണന എന്തിനു് കൊടുക്കണം ? അത്തരം സ്ഥലങ്ങളിൽ കുടികിടക്കുന്നവരോടു് ഇങ്ങിനെ ഒരനീതികാണിക്കാനെന്തു കാര്യം ? ഇതു് മാററേണ്ടതു് ആവശ്യമാണു്.

Shri P. T. Chacko : Madam, Several militant speeches were made for the deletion of this sub-clause. Smt. Gouri made a speech. I don't know why the same thing is repeated.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഒരു വിശദീകരണം നൽകുകയാണു്. പ്ലാൻറേഷൻ ഉള്ളതുകൊണ്ടു് മററു ലേബർ ലാൻഡുകൂടി ചേർക്കണമെന്നുള്ളതാണു എന്റെ ഭേദഗതി. ശ്രീമാൻ ഗോപാലൻ പറയുന്നതു് പ്ലാൻറേഷനേയോ ഫാക്ടറിയേയോ ഈ റൈററിൽ നിന്നും ഒഴിവാക്കുവാൻ പാടില്ല എന്നാണു്. രണ്ടും രണ്ടു ഭേദഗതികളാണു്.

ഡപ്യൂട്ടി സ്പീക്കർ : ശ്രീമാൻ ടി. കെ. രാമകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിലും അതിന്റെ വിശദീകരണത്തിലും ഇതേപ്പററി ധാരാളം സംസാരിച്ചിട്ടുള്ളതുകൊണ്ടു് ശ്രീമാൻ ഗോപാലന്റെ പ്രസംഗം ഒന്നു ചുരുക്കാവുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ചുരുക്കുവാൻ യാതൊരു പ്രയാസവുമില്ല. ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു വ്യക്തമായ ഒരു ഉദ്ദേശത്തോടുകൂടിയാണു്. കുടികിടപ്പുകാരനു അവന്റെ അവകാശം സംരക്ഷിച്ചുകിട്ടുന്നതിലേക്കു എന്റെ ഈ ഭേദഗതി മന്ത്രി അംഗീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണു്. അതു മനസ്സിലാക്കുന്നതിനാണു് ഞാൻ ഇത്രവളരെ വിശദീകരണം നൽകുന്നതു്. ഇതു കുറെ ആളുകളുടെ അവകാശത്തെ ബാധിക്കുന്നതാണു്. ഇന്നയിന്ന അവകാശങ്ങളാണു് അനുഭവിക്കേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം തോട്ടം ഉടമകളുടേയും ഫാക്ടറി ഉടമകളുടേയും പരിശുദ്ധി കാര്യമല്ല. ഒരു ഫാക്ടറിയോടൊപ്പം, അല്ലെങ്കിൽ പ്ലാൻറേഷനോടൊപ്പം അവിടെ പ്രവർത്തിക്കുന്ന ആളുകൾ, പണിയെടുക്കുന്ന ആളുകൾ മനുഷ്യരല്ല, കൃമികീടങ്ങളാണെന്നു അംഗീകരിക്കുവാൻ ഞാൻ തയാറല്ല. എന്നുമാത്രവുമല്ല, ഇതിൽ എന്താണു് നീതി എന്നാണു ഞാൻ ചോദിക്കുന്നതു്. ചില ഉപാധികൾ വയ്ക്കും. നിങ്ങളുടെ സ്ഥലത്താണു് കുടികിടപ്പുകാരനുള്ളതെങ്കിൽ നിങ്ങൾ ഇന്നതും ഇന്നതുമൊക്കെ ചെയ്യേണ്ടതുണ്ടു്. ആ വകുപ്പുകൾ തോട്ടം ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും ബാധകമാക്കിക്കൂടേ ? അതുപോലുള്ള കാര്യങ്ങൾ ഇവർക്കു ചെയ്യാൻ പററില്ല എന്നാണോ ? വളരെ കാര്യമായ സിദ്ധിയുള്ളവരാണോ ഇവർ ? അതോ ഉത്തമമായ സേവനം മനുഷ്യസമുദായത്തിനു നിർവ്വഹിച്ചിട്ടുള്ളവരാണോ ഇവർ? അല്ലേ

LIBRARY ARCHIVES Kerala Legislative Assembly

ഇവക്ക് വല്ല കഴിവുകേടുമുണ്ടോ ? എന്താണ് കാരണം ? ഇതാണ് പരിഗണിക്കേണ്ടതു്. വളരെ ചുരുക്കമാണ് എന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ പ്രൊവൈസോ എടുത്തുകളയുമെങ്കിൽ ഫാക്ടറിയിലായാലും പ്ലാന്റേഷനിലായാലും കുടിപാർക്കുന്ന ആളുകൾക്കു് യാതൊരു വൈഷമ്യവും അതുകൊണ്ടു് ഉണ്ടാകാനില്ല. മറിച്ചു ഈ ആക്ററിലുള്ള മററു പ്രൊവിഷൻസ് വച്ചു് കുടികിടപ്പുകാരെ ഒഴിപ്പിക്കാം, മാററി താമസിപ്പിക്കാം. അവക്കു കിട്ടുന്ന അവകാശം, മറെറാരു വകുപ്പിൽ കൊടുത്തു കഴിഞ്ഞിട്ടുള്ള അവകാശം ഫാക്ടറികളിലും തോട്ടങ്ങളിലും മില്ലുകളിലും പാർക്കുന്ന വരിൽനിന്നും എടുത്തുകളയുന്നതു അന്യായമാണു്; അനാവശ്യമാണു്. ആ പരിതഃസ്ഥിതിയിൽ ഈ കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽ രണ്ടാമത്തെ പ്രൊവൈസോ എടുത്തു കളയേണ്ടതു് അത്യാവശ്യമാണു്. പ്രത്യേകിച്ചും കുടികിടപ്പുകാരന്റെ അവകാശസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം നിയമസഭയ്ക്കു നിയമനിർമ്മാതാക്കൾക്കു വളരെ വലിയ ഒരു വാദം ഉണ്ടു്. കാരണം ഇതിനു മുമ്പുള്ള കാലം മുതൽക്കേ എത്രയോ കൊല്ലം മുതൽക്കേതന്നെ മനുഷ്യസ്നേഹപരമായ കാരണങ്ങളാൽ പ്രചോദിതമായിട്ടു് ഉണ്ടായിട്ടുള്ള കാലോചിതമായ അഭിവൃദ്ധി കൊണ്ടുവരികയാണ വേണ്ടതു്. സംരക്ഷണം നൽകുകയാണ വേണ്ടതു്. കുടികിടപ്പുകാരനു നൽകുന്ന കൺഫർ ചെയ്തിട്ടുള്ള റൈററ് അവർ നൽകുന്നുണ്ടോ, ഉണ്ടെങ്കിൽ അതിൽ വല്ല പുഴക്കുത്തുമുണ്ടോ, കഴിവുകേടുണ്ടോ, തകരാർ ഉണ്ടോ എന്നെല്ലാം പരിശോധിച്ചു് അതു തീക്കുവാൻ ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും ഇന്നു് ഈ കുടികിടപ്പുകാരനു കൊടുത്തിട്ടുള്ള നിർവ്വചനത്തിൽ മാററം വരുത്തണം. അങ്ങനെ മാററം വരുത്തുന്ന അവസരത്തിൽ കുടികിടപ്പുകാരനു് 'ഡിസ് എബിലിററീസ്' ഉണ്ടാക്കുന്ന ആദ്യത്തെ പാരായിലെ ഭാഗം എടുത്തുകളഞ്ഞു ഒരു പ്രദേശത്തെ ആളുകൾ കേവലം കൃമികീടങ്ങളായി പരിഗണിക്കാതെ അവരെ മനുഷ്യരായി ഗണിക്കുവാൻ എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മാഡം, ഞാൻ എന്റെ മൂന്നു ഭേദഗതികളും അവതരിപ്പിക്കുന്നുണ്ടു്. കുടികിടപ്പുകാരന്റെ definition-ൽ ചില ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടു് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ സംസാരിച്ച ഘട്ടത്തിൽ ബഹു: മന്ത്രി ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ ഏതേതു വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്തിയാൽ ഇതു് അംഗീകരിക്കാമെന്നു ചോദിക്കുകയുണ്ടായി. എന്നാൽ മററുചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം അതൊന്നും പറഞ്ഞിട്ടില്ലതാനും. ഇന്നു് പുതിയ ഒരു നിയമം കൊണ്ടുവന്നിരിക്കുകയാണു്. അഗ്രേറിയൻ റിലേഷൻസ് ആക്ട് 1957-ൽ അവതരിപ്പിച്ചതാണു്. അതു അവതരിപ്പിച്ചുകഴിഞ്ഞിട്ടു് ഇപ്പോൾ ആറു വർഷം കഴിഞ്ഞിരിക്കുകയാണു്. അങ്ങനെ ഈ സന്ദർഭത്തിൽ ഒരു പുതിയ ബിൽ കൊണ്ടുവരാൻ തയ്യാറായ സ്ഥിതിക്കു് കണിശമായിട്ടും, ഇപ്പോഴത്തെ പുതിയ സാഹചര്യങ്ങൾകൂടി കണക്കിലെടുക്കേണ്ടതാണു്. അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ നാനൂറു രൂപയാണു് hut-നു് വെച്ചിരുന്നതു്. എന്നാൽ ഇന്നു് അതേ രീതിയിലുള്ള ഒരു ഹട്ടു് ഉണ്ടാക്കുന്നതിന്റെ വില കൂടിയിട്ടുണ്ടു്. ഇന്നു് എല്ലാ മെററീരിയൽസിന്റേയും വില കൂടിയിട്ടുണ്ടു്. അങ്ങനെ വില കൂടിയിരിക്കുന്ന സ്ഥിതിക്കു് അനുസരണമായ ഒരു വില ഇതിൽ പറഞ്ഞേ തീരു. അതുകൊണ്ടാണു് എന്റെ ഭേദഗതിയിൽ ഹട്ടിന്റെ വില എഴുന്നൂറു രൂപയെങ്കിലും ആക്കണമെന്നു പറഞ്ഞിരിക്കുന്നതു്. മറെറാന്നു് ഫിക്സ്ചെയ്ത റെന്റു് അന്നു് നാലു രൂപയായിരുന്നെങ്കിൽ ഇന്നു് അഞ്ചു രൂപയെങ്കിലും ആക്കണമെന്നാണു്. ഹട്ടിന്റെ വില ആയിരം രൂപ ആക്കണമെന്നുള്ള ഭേദഗതിയും ചില മെമ്പറന്മാർ കൊടുത്തിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി അതു അംഗീകരിക്കാൻ തയ്യാറാകുകയാണെങ്കിൽ ഞാൻ എന്റെ ഈ ഭേദഗതി പ്രസ് ചെയ്യേണ്ട കാര്യമില്ല. അഗ്രേറിയൻ റിലേഷൻസ് ആക്ട് പാസാക്കിയപ്പോൾ ഉണ്ടായിരുന്നതിനേക്കാളും വ്യത്യസ്തമായ സാഹചര്യമാണു് ഇപ്പോഴുള്ളതു്. ഈ നിയമം അംഗീകരിക്കുമ്പോൾ ആ സാഹചര്യംകൂടി കണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

ക്കിലെടുത്തുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. അല്ലെങ്കിൽ ഒരു കാര്യം ചെയ്താൽ മതിയായിരുന്നു. അഗ്രേറിയൻ റിലേഷൻസ് ആക്ട് അതേപടി കൊണ്ടുവന്നാൽ മതിയായിരുന്നു. എന്നാൽ ഗവണ്മെന്റ് അതിനു തയാറുമല്ല. അങ്ങനെ തയാറല്ലെന്നു പറഞ്ഞുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ ഇന്നത്തെ സാഹചര്യം കണക്കിലെടുക്കാൻ സാധ്യമില്ലെന്നു പറയുന്നതിൽ ന്യായമുണ്ടെന്നു തോന്നുന്നില്ല. ഹട്ടിനു നാനൂറു രൂപ വെച്ച അഗ്രേറിയൻ റിലേഷൻസ് ആക്ട് പാസാക്കിയതിനുശേഷം ഹൈക്കോടതിയിൽ കുടികിടപ്പുകാരന്റെ നിർവ്വചനത്തിന്റെ ഫലമായി ഒട്ടനവധി കേസുകൾ ഉണ്ടായിട്ടുണ്ട്. ആ കേസുകളുടെ കാര്യം ഈ അവസരത്തിൽ കണക്കിലെടുക്കാതിരിക്കുന്നതു ശരിയാണോ? ഈ അടുത്ത ദിവസം തിരുവനന്തപുരത്ത് ഇതിനെസംബന്ധിച്ച് ഒരു വിധിയുണ്ടായി. ഹട്ടിന്റെ വിലയെ സംബന്ധിച്ചിടത്തോളം മുൻസിഫ് കോടതിയിൽ ഒരു കേസുവന്നു. അതിനു 400 രൂപയിൽ അല്പം താഴെ വില അനുവദിച്ചുകൊണ്ട് കോടതിയുടെ അസസ്മെന്റുണ്ടായി. അതിനെ സംബന്ധിച്ച് ഉടമ ഡിസ്ട്രിക്ട് കോടതിയിൽ പരാതി കൊടുത്തു. ഡിസ്ട്രിക്ട് കോടതിയും മുൻസിഫ് കോടതിയുടെ വിധി ശരിവെച്ചു. അതും കഴിഞ്ഞിട്ട് ഹൈക്കോടതിയിൽ അതിനെ സംബന്ധിച്ച് കേസുകൊടുത്തു. അപ്പോൾ ഹൈക്കോടതിയുടെ വിധിയിൽ ഹട്ടിന്റെ വില മാത്രം കണക്കാക്കിയാൽ പോരായെന്നും അതിന്റെ കൂടെ ആവശ്യമായ ലാൻഡിന്റെ വിലകൂടി കണക്കാക്കണമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ കൂട്ടിയപ്പോൾ വില നാനൂറു രൂപയിൽ കൂടുതലായി. തൽഫലമായി കുടികിടപ്പുകാരൻ കുടികിടപ്പുകാരനല്ലാതായിത്തീർന്നു. ഇപ്പോൾ അവതരിപ്പിച്ച ബില്ലിലുള്ള വ്യവസ്ഥകളനുസരിച്ചാണെങ്കിലും നാനൂറു രൂപയിൽ കൂടുകയാണെങ്കിൽ കുടിയാനല്ലാതായി വരും. ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി ഡെഫിനിഷനിൽ അംഗീകരിക്കാതെ, ഇന്നുള്ള ഡെഫിനിഷൻതന്നെ അംഗീകരിച്ചാൽ നിലവിലുള്ള കുടികിടപ്പുകാരൻ കുടികിടപ്പുകാരനല്ലാതായിത്തീരും. അതു പാടില്ല. പരമാവധി കുടികിടപ്പുകാരനു ആനുകൂല്യം കിട്ടത്തക്കവിധത്തിൽ ഈ ഡെഫിനിഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. അതുകൊണ്ടാണ് ഹട്ടിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം എഴുനൂറു രൂപയാക്കണമെന്നും റെന്റിനെ സംബന്ധിച്ചിടത്തോളം അഞ്ചു രൂപായാക്കണമെന്നും ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളത്. ഈ ഭേദഗതികൾ മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. മറ്റൊന്ന് dwelling house ന്റെ കൂടെ ലാൻഡിനോ മറ്റെന്തെങ്കിലുമോ കെട്ടിയാൽ അതിന്റെ വിലകൂടി കണക്കാക്കാൻ പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഹൈക്കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ ഇതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. അതുകൊണ്ട ഹട്ടിന്റെ വില കണക്കാക്കുമ്പോൾ പുതിയതായി എന്തെങ്കിലും കെട്ടിയതിന്റെ വിലകൂടി കണക്കാക്കാൻ പാടില്ല. അതുകൊണ്ട് എന്റെ ഈ രണ്ടു ഭേദഗതികളും സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടു പറയുവാനുള്ളത്.

ശ്രീ. മാലേത്ത് ഗോപിനാഥപിള്ള: മാഡം, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 35-ാമത്തെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. 35-ാമത്തെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന കാര്യം 1957 ഏപ്രിൽ 11-ാം തീയതി എന്നുള്ളത് മാറ്റിയിട്ട് 1963 സെപ്തംബർ 18-ാം തീയതി എന്നാക്കണമെന്നാണ്. ഈ പുതിയ ബിൽ പബ്ലിഷ് ചെയ്തത് ഈ വർഷം സെപ്തംബർ 15-ാം തീയതിയാണ്. ഇതു നിയമസഭയിൽ അവതരിപ്പിച്ചത് സെപ്തംബർ 20-ാം തീയതിയാണ്. പിന്നെ 18-ാം തീയതിയെന്നുള്ളതിന്റെ സവിശേഷത എന്താണെന്ന് എനിക്കു മനസിലാകുന്നില്ല. ഏതായാലും ഇതിൽ കൊടുത്തിരിക്കുന്ന തീയതി മാറ്റുന്നതിനു ഞാൻ എതിരാണ്. കമ്മ്യൂണിസ്റ്റു മന്ത്രിസഭയുടെ കാലത്ത് ഇവിടെ അവതരിപ്പിച്ചിരുന്ന ബില്ലിൽ കുടികിടപ്പുകാരനു നിർവ്വചനം കൊടുത്ത അവസരത്തിൽ "who has been permitted with or without an obligation to pay rent by an "owner of land

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോഴം ഉടമസ്ഥന്മാർ കുടികിടപ്പുകാരന് കൊടുക്കുന്ന കുടികിടപ്പവകാശം മാത്രമേ അംഗീകരിക്കുവാൻ പാടുള്ളു എന്നുള്ള വിധത്തിലാണ് 1957–ൽ ശ്രീമതി ഗൗരി മന്ത്രിയായിരുന്ന കാലത്തു് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചതു്. അതു കഴിഞ്ഞിട്ട് സെലക്ട് കമ്മിററി റിപ്പോർട്ടിന്റെ ഘട്ടത്തിൽ ഓണർ എന്നുള്ളതിന്റെ വ്യാപ്തി "by a person in lawful possession" എന്നാക്കി വിപുലീകരിക്കുകയാണുണ്ടായതു്.

ശ്രീമതി കെ. ആർ. ഗൗരി: പ്രത്യേകമായ ബുദ്ധിമുട്ടുകൾ വന്നിട്ടുള്ളതിൽ മാററം വരുത്താൻ അന്നത്തെ ഗവണ്മെന്റ് തയാറായിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാമല്ലോ ?

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : അതു് വളരെ നേരത്തേ മനസ്സിലാക്കിയിട്ടുണ്ട്. പല കാര്യങ്ങളോടും ഇണങ്ങിപ്പോകുന്ന ഒരു മന്ത്രിസഭയായിരുന്നു അതെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ഓണർ എന്നുള്ളതു് മാററിയിട്ട് ലാഫുൾ പൊസഷൻ എന്നാക്കിയാൽ വളരെയധികം വൈഷമ്യമുണ്ടാകുമെന്നുള്ളതു് നിയമസഭക്കകത്തും പുറത്തും ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി 1957 ഏപ്രിൽ 11–ാം തീയതി വരെ എന്നാക്കി ചുരുക്കുകയാണുണ്ടായതു്. അതായതു് 1961 ഫെബ്രുവരിമാസം 15-ാം തീയതിവരെ നിലനിന്നിരുന്ന ബില്ലിൽ ഉൾപ്പെടുന്ന ഒരു തീയതിയാണ്. അതു് അന്നത്തെ മന്ത്രിയായിരുന്ന ശ്രീമതി ഗൗരി സമ്മതിക്കുകയും ചെയ്തു.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ സമ്മതിച്ചതല്ല. ഞാൻ സമ്മതിക്കാത്തതിനെ എന്റെ സമ്മതം ആണെന്നു പറയരുതു്.

ശ്രീ മാലേത്തു് ഗോപിനാഥപിള്ള : ഏതായാലും 1957–നു ശേഷം മോർട്ട്ഗേജി കൊടുത്തിട്ടുള്ള കുടികിടപ്പുകളെല്ലാം അംഗീകരിക്കുന്ന ഘട്ടം ഉണ്ടാകുകയാണെങ്കിൽ അതു് വളരെ അനീതിയായിരിക്കും. കുടികിടപ്പുകാരനോട് എന്തെങ്കിലും അനുകമ്പ കുറവുകൊണ്ടല്ല ഞാനിതു പറയുന്നതു്. 1963 ജനുവരി മാസത്തിൽ കൊടുത്ത ഒരു മോർട്ട്ഗേജിലെ മോർട്ട്ഗേജി ഉടമസ്ഥന്റെ അവകാശം പരാജയപ്പെടുത്തുന്നതിനുവേണ്ടി അനിയന്ത്രിതമായി കുടികിടപ്പുകാരെ വസ്തുവിൽ പാർപ്പിക്കാൻ തുടങ്ങിയാൽ അതു് വലിയ അനീതിയായിരിക്കും. അതുകൊണ്ട് യാതൊരു കാരണവശാലും 1957 ഏപ്രിൽ 11 എന്നുള്ള തീയതി മാററരുതെന്നാണ് എനിക്കു പറയുവാനുള്ളതു്.

Shri K. Chandrasekharan : Madam Dy. Speaker, I rise to oppose the amendments moved by hon. Mr. T. A. Thomman. Mr. Thomman has suggested that the value of the house and the rental value of the house may be fixed with reference to the date of construction. I should think that this will open the flood-gates of litigation; and not only that it will be disastrous from the point of view of the kudikidappukaran himself, because it will not be possible for him to prove in a court of law the expenses he has incurred at the time the house was constructed nor will there be any evidence with regard to the rental value at that time. Therefore, the only amendment acceptable is the one that has already been adopted in the provisions of this clause. The value of the house and the rental value may be fixed with reference to the present date and not with reference to the past date.

The hon. Member Shri Thomman suggested that with reference to the first part of the clause he must have, as elsewhere a land on which a house is capable of being put up. That again is absolutely impossible of proof in practice. We cannot adopt a middle way. We

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

have either to accept the principle that the kudikidappukaran is one who does not own any land elsewhere, or, we have to accept the other principle that whether he has land or not elsewhere, if the present hut or homestead, the cost thereof or the rental value thereof is less in value today than what has been stipulated. Certainly that alone can be accepted; no half way measure is possible in this matter. I therefore oppose the two amendments moved by Shri T. A. Thomman.

Shri P. T. Chacko: Despite the fact that the debate took a great deal of the time of the House, the points that have been really raised are only two or three. Therefore, I am only referring to those two or three points which have been raised in this House. There was a view that the first proviso should be deleted. Deleting the first proviso would mean bringing in new difficulties and Mr. Gopinatha Pillai has pointed out one such instance. But, Madam, Smt. Gouri and Shri P. S. Srinivasan have pointed out that the latter portion of the proviso, that is, "who was not entitled to fixity of tenure under any law then in force", should be deleted from the proviso. They said that if that portion remains in the proviso it would cause hardship to the kudikidappukaran. I am also inclined to believe that such contingencies might arise. The question would be whether the tenant was entitled to fixity at that time. We are now giving fixity of tenure to a large number and classes of tenants. So a kudikidappukaran who is given a land with the permission of a tenant who now gets fixity, may not get the right if this portion of the proviso is there. Due to my regard for the marathan speech which Smt. Gouri made if she had made it clear that her amendment relates to that proviso I would have accepted her amendment No. 348. Unfortunately she has not done so. Therefore I am accepting an identical amendment No. 349 by Shri P. S. Srinivasan. That would make matters clearer.

Then, another point that was raised is that unless a reference is made regarding the time at which the valuation of the hut or the rent of the hut should be taken into account, new difficulties would arise in the courts of law. The point is conceded, Madam. But the question then would be, what should be the time which should be referred to in the section. Mr. T. A. Thomman was of the view that because of various factors, the time should be that of the construction of the hut. But my friend, Mr. Chandrasekharan has opposed those amendments on the ground that it may be difficult for a kudikidappukaran to prove the value of the hut at the time it was constructed. But Madam, if the rent is only below Rs. 4 and if the value of the hut is below Rs. 400, this question would not arise. It would arise only in very few cases. It may therefore be better to give another opportunity for the tenant, especially in view of the fact that under the provisions of this Bill, the kudikidappukaran is given a new right, a right to repair, improve and rebuild his hut. He is also given the right, if he so desired, to put up a new building within the plinth area in place of his own hut. Therefore, it is necessary that a time should be specified and I am inclined to accept the amendments moved by Shri T. A. Thomman, that is amendment Nos. 267 and 270.

Then, Madam, another important thing is that a consequential amendment to Explanation III is necessary. I may be permitted to

LIBRARY ARCHIVES Kerala Legislative Assembly

move an oral amendment to Explanation III, which is purely a consequential amendment—consequential amendment to amendment Nos. 267 and 270 of Shri T. A. Thomman. The same idea should be included in the Explanation also. This is the consequential amendment. Instead of the words 'he has at the time of the redemption no homestead or land, either as owner or as tenant in possession, to erect a homestead', the following words may be substituted:

> 'he has at the time of redemption neither a homestead nor any land either as owner or as tenant in possession on which he could erect a homestead;'

This amendment is necessary because if a kudikidappukaran has acquired some rights in land which is not suitable for habitation, it is very hard to make a provision to the effect that the owner can evict him. The land should be one where a hut or a homestead could be erected. The purpose is served by these two amendments of Shri T. A. Thomman and the oral amendment which I have now moved.

The third point that was raised is regarding the easement rights. Smt. Gouri wanted to define what an 'easement' is, in this clause and she has given a definition here. I must say Madam, that the definition given has only restricted the rights of the kudikidappukaran. If Smt. Gouri would just go through Section 4 of the Indian Easement Act, she would know that "easement" as defined in the Indian Easement Act, includes many more rights than the rights enumerated by her in the amendment. Madam, I do not want to read out the entire section but I want to read at least the Explanation just to show that more rights are included in the definition of the word 'easement' in the Indian Easement Act, than the rights which have been enumerated by Smt. Gouri.

> "*Explanation*: In the first and second clauses of this Section, the expression 'land' includes also things permanently attached to the earth: the expression 'beneficial enjoyment' includes also possible convenience, remote advantage, and even a more amenity; and the expression 'to do something' includes removal and appropriation by the dominant owner for the beneficial enjoyment of the dominent heritage, of any part of the soil of the servient heritage or anything growing or subsisting thereon."

I may be permitted to read two or three illustrations also.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഭേദഗതിയിൽ ഇൻഡ്യൻ ഈസ്മെൻറു ആക്റ്റുപ്രകാരം നിലവിലുള്ള ഈസ്മെൻറു് "and includes" എന്നാണു് പറഞ്ഞിരിക്കുന്നതു്. അതു് ഒന്നും കുറയ്ക്കുന്നില്ല.

Shri P. T. Chacko: All these and other advantages—conveniences and amenities—have been included in the definition. So, no addition is necessary.

Madam, I would just read two or three illustrations also:

Illustration: (a) 'A' as the owner of a certain house, has a right of way thither over his neighbour B's land for purposes connected with the beneficial enjoyment of the House. This is an easement.

2/154/V

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

(b) 'A', as the owner of a certain house, has the right to go on his neighbour B's land, and to take water for the purpose of his household out of a spring therein. This is an easement.

(c) 'A', as the owner of a certain house, has the right to conduct water from B's stream to supply the fountains in the garden attached to the house. This is an easement.

(d) 'A', as the owner of a certain house and farm, has the right to graze a certain number of his own cattle on B's field, or to take, for the purpose of being used in the home, by himself, his family guests, lodgers and servants, water or fish out of C's tank, or timber out of D's wood, or to use, for the purpose of manuring his land, the leaves which have fallen from the trees on E's land. These are easements.

Therefore, it is clear that the dominant owner, in this case the kudikidappukaran, is vested with much more rights under the definition than enumerated or included in the amendment of Smt. Gouri.

Madam, I don't want to say anything more. I request the House to accept the amendments which I have referred to and reject all other amendments moved.

Amendment No. 32 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 33 moved by Smt. K. R. Gouri was put and lost.

Amendment No. 34 moved by Smt. K. R. Gouri was put and lost.

Amendment No. 35 moved by Smt. K. R. Gouri was put and lost.

Amendment No. 36 moved by Smt. K. R. Gouri was put and lost.

Amendment No. 37 moved by Smt. K. R. Gouri was put and lost.

Amendment No. 38 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 39 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 191 moved by Smt. K. R. Gouri was put and lost.

Amendment No. 293 moved by Smt. K. R. Gouri was put and lost.

Amendment No. 346 moved by Smt. K. R. Gouri was put and lost.

Amendment No. 348 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 350 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 356 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 357 moved by Smt. K. R. Gouri was put and lost.

Shri E. P. Gopalan: I demand a poll.

A poll was taken, when the House divided as follows:

LIBRARY ARCHIVES Kerala Legislative Assembly

Ayes—34

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, P. Balachandra Menon
6 ,, C. K. Balakrishnan
7 ,, N. E. Balaram
8 ,, K. Bhargavan
9 ,, K. Chandrasekharan
10 ,, E. P. Gopalan
11 ,, N. Gopala Kurup
12 Smt. K. R. Gouri
13 Shri K. V. John
14 ,, Joseph Chazhikattu
15 ,, O. Koran
16 ,, K. Krishnan
17 ,, M. Krishnan
18 ,, R. Krishnan
19 ,, K. Krishna Pillai
20 Shri S. Kumaran
21 ,, P. K. Kunjachan
22 ,, P. V. Kunhunni Nayar
23 ,, P. K. Narayanan Nambiar
24 ,, T. C. Narayanan Nambiar
25 ,, P. Narayanan Thampi
26 ,, K. V. Narayanan
27 ,, N. Neelakantaru Pandarathil
28 ,, P. C. Raghavan Nair
29 ,, A. K. Ramankutty
30 ,, T. K. Ramakrishnan
31 ,, P. Ravindran
32 ,, E. M. Sankaran Namboodiripad
33 ,, P. S. Srinivasan
34 ,, R. Sugathan

Noes—58

1 Shri P. K. Abdulkadir
2. ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, T. O. Bava
10 ,, N. Bhaskaran Nair
11 Dr. K. M. Chacko
12 Shri P. Chacko
13 ,, P. T. Chacko
14 ,, G. Chandrasekhara Pillai
15 ,, P. C. Cherian
16 ,, K. A. Damodara Menon
17 ,, T. A. Dharmaraja Iyer
18 ,, P. R. Francis
19 ,, K. M. George
20 ,, P. Gopalan
21 ,, Malethu Gopinatha Pillai
22 ,, M. P. Govindan Nair
23 ,, Vayala Idicula
24 ,, A. L. Jacob
25 ,, C. G. Janardhanan
26 ,, Thomas John
27 ,, George Joseph Podipara
28 ,, P. S. Karthikeyan
29 ,, K. G. Karunakara Menon
30 Shri K. Kochukuttan
31 ,, T. Krishnan
32 ,, P. R. Krishnan
33 ,, N. S. Krishna Pillai
34 ,, P. Kumaran
35 ,, K. Kunhambu
36 ,, C. Kunhikrishnan Nair
37 ,, M. Kunhikannan Nambiar
38 ,, N. Kunjuraman
39 Smt. Kusumam
40 ,, Leela Damodara Menon
41 Shri P. Madhavan
42 ,, V. Madura
48 ,, M. M. Mathai
44 ,, C. A. Mathew
45 ,, T. Murugesan
46 ,, K. Narayana Kurup
47 ,, M. Narayana Kurup
48 ,, E. P. Poulose
49 ,, A. A. Rahim
50 ,, R. Raghava Menon
51 ,, M. Ravindranath
52 Smt. O. T. Sarada Krishnan
53 ,, K. R. Saraswathi Amma
54. Shri Shamsuddin
55 ,, T. A. Thomman
56 ,, P. P. Ummer Koya
57 ,, K. R. Vijayan
58 ,, K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

Neutrals—5

1 Shri Hamidali Shemnad
2 ,, K. Hassan Gani
3 ,, C. M. Kutty
4 ,, Mohsin Bin Ahamed
5 ,, K. Moideenkutty Haji

Deputy Speaker :

For the amendment	34
Against the amendment	58
Neutrals	5

The amendment is lost.

Amendment No. 95, moved by Shri P. S. Karthikeyan was by leave withdrawn.

Amendment No. 104, moved by Shri P. S. Karthikeyan was by leave withdrawn.

Amendment No. 96, moved by Shri T. K. Ramakrishnan was put and lost.

Shri E. P. Gopalan: Sir, I demand a Poll.

A Poll was taken when the House divided as follows:—

Ayes—34

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, P. Balachandra Menon
6 ,, C. K. Balakrishnan
7 ,, N. E. Balaram
8 ,, K. Bhargavan
9 ,, K. Chandrasekharan
10 ,, E. P. Gopalan
11 ,, N. Gopala Kurup
12 Smt. K. R. Gouri
13 Shri K. V. John
14 ,, Joseph Chazhikattu
15 ,, O. Koran
16 ,, K. Krishnan
17 ,, M. Krishnan
18 ,, R. Krishnan
19 ,, K. Krishna Pillai
20 Shri S. Kumaran
21 ,, P. K. Kunjachan
22 ,, P. V. Kunhunni Nayar
23 ,, P. K. Narayanan Nambiar
24 ,, T. C. Narayanan Nambiar
25 ,, P. Narayanan Thampi
25 ,, K. V. Narayanan
27 ,, N. Neelakantaru Pandarathil
28 ,, P. C. Raghavan Nair
29 ,, A. K. Ramankutty
30 ,, T. K. Ramakrishnan
31 ,, P. Ravindran
32 ,, E. M. Sankaran Namboodiripnd
33 ,, P. S. Srinivasan
34 ,, R. Sugathan

LIBRARY ARCHIVES Kerala Legislative Assembly

Noes—58

1 Shri Abdulkadir
2 „ K. C. Abraham
3 „ M. C. Abraham
4 „ K. T. Achuthan
5 „ M. A. Antony
6 „ K. K. Balakrishnan
7 „ P. C. Balakrishnan Nambiar
8 „ R. Balakrishna Pillai
9 „ T. O. Bava
10 „ N. Bhaskaran Nair
11 Dr. K. M. Chacko
12 Shri P. Chacko
13 „ P. T. Chacko
14 „ G. Chandrasekhara Pillai
15 „ P. C. Cheriyan
16 „ K. A. Damodara Menon
17 „ T. A. Dharmaraja Iyer
18 „ P. R. Francis
19 „ K. M. George
20 „ P. Gopalan
21 „ Malethu Gopinatha Pillai
22 „ M. P. Govindan Nair
23 „ Vayala Idicula
24 „ A. L. Jacob
25 „ C. G. Janardhanan
26 „ Thomas John
27 „ George Joseph Podipara
28 „ P. S. Karthikeyan
29 Shri K. G. Karunakara Menon
30 „ K. Kochukuttan
31 „ T. Krishnan
32 „ P. R. Krishnan
33 „ N. S. Krishna Pillai
34 „ P. Kumaran
35 „ K. Kunhambu
36 „ C. Kunhikrishnan Nair
37 „ M. Kunhikannan Nambiar
38 „ N. Kunjuraman
39 Smt. Kusumam
40 „ Leela Damodara Menon
41 Shri P. Madhavan
42 „ V. Madura
43 „ M. M. Mathai
44 „ C. A. Mathew
45 „ T. Murugesan
46 „ K. Narayana Kurup
47 „ M. Narayana Kurup
48 „ E. P. Poulose
49 „ A. A. Rahim
50 „ R. Raghava Menon
51 „ M. Ravindranath
52 Smt. O. T. Sarada Krishnan
53 „ K. R. Saraswathi Amma
54 Shri Shamsuddin
55 „ T. A. Thomman
56 „ P. P. Ummer Koya
57 „ K. R. Vijayan
58 „ K. K. Viswanathan

Neutrals—5

1 Shri Hamid Ali Shemnad
2 „ K. Hassan Gani
3 „ K. Moideenkutty Haji
4 „ C. M. Kutty
5 „ Mohsin Bin Ahmed

Deputy Speaker: For the amendment 34
Against the amendment 58
Neutrals 5
The amendment is lost.

Amendment No. 292, moved by Shri T. K. Ramakrishnan was put and lost.

Amendment No. 294, moved by Shri T. K. Ramakrishnan was put and lost.

Amendment No. 299, moved by Shri T. K. Ramakrishnan was put and lost.

Amendment No. 103, moved by Shri O. Koran was put and lost.

Shri O. Koran: Sir, I demand a Poll.

A Poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly

Ayes—34

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, P. Balachandra Menon
6 ,, C. K. Balakrishnan
7 ,, N. E. Balaram
8 ,, K. Bhargavan
9 ,, K. Chandrasekhara Pillai
10 ,, E. P. Gopalan
11 ,, N. Gopala Kurup
12 Smt. K. R. Gouri
13 Shri K. V. John
14 ,, Joseph Chazhikattu
15 ,, O. Koran
16 ,, K. Krishnan
17 ,, M. Krishnan
18 ,, R. Krishnan
19 ,, K. Krishna Pillai
20 Shri S. Kumaran
21 ,, P. K. Kunjachan
22 ,, P. V. Kuchunni Nayar
23 ,, P. K. Narayanan Nambiar
24 ,, T. C. Narayanan Nambiar
25 ,, P. Narayanan Thampi
26 ,, K. V. Narayanan
27 ,, N. Neelakantaru Pandarathil
28 ,, P. C. Raghavan Nair
29 ,, A. K. Ramankutty
30 ,, T. K. Ramakrishnan
31 ,, P. Ravindran
32 ,, E. M. Sankaran Namboodiripad
33 ,, P. S. Srinivasan
34 ,, R. Sugathan

Noes—58

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan
8 ,, R. Balakrishna Pillai
9 ,, T. O. Bava
10 ,, N. Bhaskaran Nair
11 Dr. K. M. Chacko
12 Shri P. Chacko
13 ,, P. T. Chacko
14 ,, G. Chandrasekhara Pillai
15 ,, P. C. Cherian
16 ,, K. A. Damodara Menon
17 ,, T. A. Dharmaraja Iyer
18 ,, P. R. Francis
19 ,, K. M. George
20 ,, P. Gopalan
21 ,, Malethu Gopinatha Pillai
22 ,, M. P. Govindan Nair
23 ,, Vayala Idicula
24 ,, A. L. Jacob
25 ,, C. G. Janardhanan
26 ,, Thomas John
27 Shri George Joseph Podipara
28 ,, P. S. Karthikeyan
29 ,, K. G. Karunakara Menon
30 ,, K. Kochukuttan
31 ,, T. Krishnan
32 ,, P. R. Krishnan
33 ,, N. S. Krishna Pillai
34 ,, P. Kumaran
35 ,, K. Kunhambu
36 ,, C. Kunhikrishnan Nair
37 ,, M. Kunhikannan Nambiar
38 ,, N. Kunjuraman
39 Smt. Kusumam
40 ,, Leela Damodara Menon
41 Shri P. Madhavan
42 ,, V. Madura
43 ,, M. M. Mathai
44 ,, C. A. Mathew
45 ,, T. Murugesan
46 ,, K. Narayana Kurup
47 ,, M. Narayana Kurup
48 ,, E. P. Poulose
49 ,, A. A. Rahim
50 ,, R. Raghava Menon

LIBRARY ARCHIVES Kerala Legislative Assembly

51	Shri M. Ravindranath	55	Shri T. A. Thomman
52	Smt. O. T. Sarada Krishnan	56	„ P. P. Ummer Koya
53	„ K. R. Saraswathi Amma	57	„ K. R. Vijayan
54	Shri Shamsuddin	58	„ K. K. Viswanathan

Neutrals—5

1 Shri Hamid Ali Shemnad
2 „ K. Hassan Gani
3 „ K. Moideenkutty Haji
4 „ C. M. Kutty
5 „ Mohsin Bin Ahmed.

Deputy Speaker: For the amendment 34
Against the amendment 58
Neukrals 5

The amendment is lost.

Amendment No. 267 moved by Shri T. A. Thomman was put and carried. viz, 'In clause 2(25) for the opening paragraph, the following shall be substituted (25) 'Kudikidappukaran' means a person who has neither a homestead nor any land either as owner or as tenant in possession on which he could erect a homestead and....'

Amendment No. 270 moved by Shri T. A. Thomman was put and carried, viz. 'In sub clause (25), for Explanation I, the following explanation shall be substituted; namely.

Explanation I: For the purpose of this clause; 'hut' means any dwelling house which was constructed at a cost not exceeding four hundred rupees, or could have, at the time of construction, yielded a monthly rent of four rupees''.

The oral amendment moved by the hon. Minister for Home Affairs was put and carried viz, 'In explanation III to sub-clause (25), for the words 'he has at the time of the redemption no homestead or land, either as owner or as tenant in possession, to erect a homestead', the following words shall be substituted:—

> he has at the time of the redemption neither a homestead nor any land either as owner or as tenant in possession on which he could erect a homestead;

Amendment No. 268, moved by Shri P. S. Sreenivasan, was putl and lost.

Amendment No. 297, moved by Shri P. S. Sreenivasan, was by leave withdrawn.

Amendment Nos. 347 and 354 moved by Shri P. S. Sreenivasan were put and lost.

Amendment No. 349, moved by Shri P. S. Sreenivasan viz : 'In sub-clause (25) in the first proviso for the words 'who was not entitled to fixity of tenure under any law then in force; the words 'from whom the land in which the Kudikidappu is situate is liable to be resumed' shall be substituted was put and carried.

Amendment No. 295 moved by Shri N. Gopala Kurup was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 296 moved by Shri N. Gopala Kurup was put and lost.

Amendment No. 298 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 322 moved by Shri E. P. Gopalan was put and lost.

Amendment No. 351, moved by Shri P. K. Kunjachan was put and lost.

Amendment No. 352, moved by Shri P. K. Kunjachan was put and lost.

CLAUSE 2 (26)

Shri K. Chandrasekharan: Sir, I am not moving my amendment No. 105.

Shri R. Krishnan: Sir, I move:

'301. In clause 2 (26), add as follows:

'and includes a Tharikuthukaran in Palghat District'.

സർ, പാലക്കാട്ടു ജില്ലയിൽ കുടിയിരുപ്പുകാരം കൊടുക്കുന്നതു് അതിർത്തിക്കു പുറവും തറികാം കുത്തി അടയാളപ്പെടുത്തിയിട്ടാണു്. ഒരു കുടിയിരുപ്പുകാരനു് അവന്റെ കുടിയിരിപ്പിനോടു ബന്ധിച്ചുകിടക്കുന്ന പറമ്പിൽ വസ്തു ഉടമ തറിക്കുത്തവകാശം കൊടുക്കുന്നുണ്ടു്. അങ്ങനെ കൊടുത്തിട്ടുള്ളതു് രേഖാമൂലമായിരിക്കുകയുമില്ല. എന്നാൽ ഈ സെക്‌ഷൻ 26-ൽ ഉള്ള 'കുടിയിരുപ്പ്' നിർവചനത്തിന്റെ പേരിൽ ഒരു കുടിയിരുപ്പുകാരനെ എങ്ങനെ ആ സ്ഥലത്തു നിന്നും മാററാൻ പാടില്ലയോ, അതുപോലെതന്നെ തറിക്കുത്തുകാരനെയും മാററാൻ പാടില്ലെന്നാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. രേഖാമൂലമല്ലെങ്കിലും വളരെ വർഷങ്ങളായി തറിക്കുത്തുകാരൻ സ്ഥലം കൈവശംവച്ചു് പുരകെട്ടി അനുഭവിച്ചുവരികയാണു്. ഉടമസ്ഥനു ചുരുങ്ങിയ പാട്ടം കൊടുക്കുന്നുണ്ടാവും. ആ നിലയ്ക്കു് അവന്റെ അവകാശത്തിനും സംരക്ഷണം നൽകേണ്ടതു് ഏററവും ആവശ്യമാണു്. വെറും പാട്ടക്കാരന്റെ ഡഫനിഷനിൽ തറിക്കുത്തുകാരൻ എന്നുകാണുന്നു. കർഷക ബന്ധ നിയമത്തിലും അങ്ങനെയാണു്. പക്ഷെ തറിക്കുത്തുകാരൻ യഥാർത്ഥത്തിൽ കുടിയിരുപ്പുകാരനാണു്. അതിനാൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri P. T. Chacko: I do not accept the amendment, i. e. amendment No. 301.

Shri K. Krishnan: Sir, I press my amendment.

Amendment No. 301, moved by Shri R. Krishnan, was put and lost.

CLAUSE 2 (27)

Deputy Speaker: Amendment No. 106 may be moved by Shri K. Chandrasekharan. Amendment Nos. 194 by Shri P. Ramunni Kurup and 195 by Shri O. Koran are the same as amendment No. 106. Amendment No. 358 by Smt. K. R. Gouri is also the same as amendment No. 106.

Shri K. Chandrasekharan: Madam, I move my amendment No. 106.

"In clause 25, delete sub-clause (27).

Of course, it has already been brought to the notice of this House that this section is completely opposed to the idea of land reforms be-

LIBRARY ARCHIVES Kerala Legislative Assembly

cause of the special privileges that are given only to the Kuttanad area and we have also alternatively indicated that the expansion of this privilege is of a very intensive nature. This sub-clause 27 has immediate resemblance to Clause 79 (I) (j) and also Schedule I of the Bill. Clause 79 (I) (j) refers to the Kayal Padasekharan of Kuttanad area specified in Schedule IV. Schedule I refers to Kuttanad area and Schedule IV deals with Kayal Padasekharam.

I submit Sir, that while the Kuttanad area has been defined, the Kayal Pattasekharam has not been defined. The proposal to include the Padasekharam in the Bill is a most arbitrary and unwarranted proposal.

The entire scheme of the benefits already conferred on the Kuttanad area as defined in this sub-clause is absolutely opposed to the very scheme and purpose of Land Reforms.

<u>ശ്രീ. ടി. എ. തൊമ്മൻ:</u> ക്ലാസ് പത്തനുസരിച്ച് കുട്ടനാട്ട് ഏരിയായിലെ ലൈസൻസിക്ക് ടെനൻസി റൈറ്റ് കൊടുക്കണമെന്നു പറയുന്നുണ്ട്. അങ്ങനെയിരിക്കെ, കുട്ടനാട്ട് ഏരിയാക്ക് ഒരു ഡെഫനിഷൻ ആവശ്യമില്ലേ? ഇതു് പഴയനിയമത്തിലുണ്ടായിരുന്നതാണ്.

<u>ശ്രീ. കെ. ചന്ദ്രശേഖരൻ:</u> അതു് കുട്ടനാട്ട് താലൂക്കിനു മാത്രം മതി.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> 358–ാമത്തെ ഭേദഗതി ഞാൻ വായിക്കാം.

In clause 2, delete sub-clause 27.

എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്, ഈ ബില്ലിലെ ക്ലാസ് 2 (27) എടുത്തു കളയണമെന്നാണ്. കുട്ടനാട്ട് ഏരിയായിലെ ലൈസൻസികളെ സംബന്ധിച്ചിടത്തോളം ബില്ലിൽ പറഞ്ഞിരിക്കുന്നതു് Licensee in Kuttanad area will be deemed as Tenants എന്നാണ്. ഈ വകുപ്പു മുമ്പുണ്ടായിരുന്നതല്ലേ എന്നു ശ്രീ. തൊമ്മൻ ചോദിക്കുകയും ചെയ്തു. മുമ്പിലത്തെ കർഷക ബന്ധബില്ലിൽ കുട്ടനാട്ട് ഏരിയാ എന്നല്ലാ, കുട്ടനാട്ട താലൂക്ക് എന്നാണ് എഴുതിച്ചേർത്തിരിക്കുന്നതു്. സർ, വളരെ കൂടുതൽ വസ്തുക്കൾ മിക്കവാറും നിലങ്ങൾ കൈവശമുള്ള ജന്മിമാർ അവരുടെ നിലങ്ങൾ ആർക്കെങ്കിലും പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ സ്ഥിരാവകാശം കിട്ടാതിരിക്കുവാൻ ചെയ്യുന്ന വിദ്യകളിലൊന്നാണ് ഈ ലൈസൻസി ഏർപ്പാട്. ഇതു് ആദ്യം പ്രകടമായിക്കണ്ടതു് കുട്ടനാട്ട താലൂക്കിലാണ്. ആയതിനാലാണ് കുട്ടനാട്ട area–യിലെ ലൈസൻസികൾ യഥാർത്ഥത്തിൽ Land lordആണെന്നു കാർഷികബന്ധനിയമത്തിൽ വന്നതു്. എന്നാൽ ലൈസൻസിക്ക് ലീസ്ഹോൾഡ് നടപടി ഇന്നു് കൊടുക്കുന്നുവെങ്കിൽ അതു കുട്ടനാട്ട ഏരിയായായിൽ മാത്രം ഒതുക്കിനിറുത്തുന്നതു് ശരിയല്ല. നമ്മുടെ State-ന്റെ പല ഭാഗത്തും യഥാർത്ഥ ലാൻഡ് ലാർഡിനെ ലൈസൻസികളായി നാമകരണം ഇപ്പോൾ ചെയ്തിട്ടുണ്ട്. പാലക്കാട്ട ഡിസ്ട്രിക്റ്റിലാണെങ്കിൽ നെൽപാടങ്ങൾ മുൻപു പാട്ടമായിരുന്നതു് ഇന്നു license എന്നപേരായിട്ടുണ്ട്. അവിടെയും ലൈസൻസികൾ ഇന്നു ധാരാളമുണ്ട്. അങ്ങനെ അവിടെയുള്ള ലൈസൻസികളെ കൂടി ലീസ്ഹോൾഡറായിട്ട് കണക്കാക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ വിധത്തിലുള്ള ഏർപ്പാട്ഇന്നു Trichur District-ലും വളരെ വിപുലമായി ഉണ്ടാകാൻ തുടങ്ങിയിട്ടുണ്ട്. മന്ത്രിയുടെ അഭിപ്രായം ഒരുപക്ഷെ എന്റെ അഭിപ്രായത്തിനെതിരായിരിക്കും. യഥാർത്ഥ Lease holder–ന്റെ അവകാശം License എന്ന പേരിൽ മാറ്റിയവർക്കു് tenancy right കൊടുക്കാനാണെങ്കിൽ Licenses-നു Tenancy കൊടുക്കുന്ന ഇടപാട് കുട്ടനാട്ട് ഏറിയായായിൽ മാത്രം ഒതുക്കിനിർത്തിയിട്ട് യാതൊരു ഫലവുമില്ല. State-ന്റെ വിവിധ ഭാഗങ്ങളിൽ ഈ ഏർപ്പാടുണ്ട്. പാലക്കാട്ട് ഉണ്ട്, കുട്ടനാട്ടിലുണ്ട്. Trichur ഉണ്ട്. വേറെ സ്ഥലത്തുണ്ടോ എന്നെനിക്കറിയില്ല. ഏതായാലും Clause 2 sub-clause (27) ആവശ്യമില്ല, അതു് എടുത്തുകളയണമെന്നഭ്യർത്ഥിക്കുന്നു.

2/154/V.

LIBRARY ARCHIVES Kerala Legislative Assembly

Minister for Home Affairs **(Shri P. T. Chacko)** : I cannot accept any of the amendments. I can say that what Shri Chandrasekharan has stated is not the correct position. This has nothing to do with the Kayal Padasekharam. Padasekharams are themselves enumerated in Schedule I v. The idea is to give the fixity and tenant's rights to the licensees in Kuttanad area. The fact is this, Madam. The Agrariain Relations Bill contained a clause to the effect that licensees in Kuttanad should be given the rights of tenants. That was accepted by the Legislatures. Now in the Act, the provision was only regarding Kuttanad Taluk. But Kuttanad is not Kuttanad Taluk Kuttanad is the Kuttanad area. There were licensees in the Kuttanad taluk. There were even at that time licensees in other places in the Kuttanad area. Everywhere in the Kuttanad area, these fields coming under the Punja Special Officer, licensees were cultivating lands and it was found necessary at that time that they should be conferred the rights of tenants. Therefore the definition is given. It is necessary.

Shri K. Chandrasekharan: I press my amendment.

Amendment No. 106 moved by Shri K. Chandrasekharan was put and lost.

Shri O. Koaran : I demand a poll.

A poll was taken when the House divided as follows:

AYES 39

1	Shri C. Achutha Menon	22	Shri S. Kumaran
2	,, P. C. Adichan	23	,, P. K. Kunjachan
3	,, K. O. Aisha Bai	24	,, P. V. Kunhunni Nayar
4	,, K. Anirudhan	25	,, C. M. Kutty
5	,, P. Balachandra Menon	26	,, Mohasin Bin Ahmed
6	,, C. K. Balakrishnan	27	,, P. K. Narayanan Nambiar
7	,, N. E. Balaram	28	,, T. C. Narayanan Nambiar
8	,, K. Bhargavan	29	,, P. Narayanan Thampi
9	,, K. Chandrasekharan	30	,, K. V. Narayanan
10	,, E. P. Gopalan	31	,, N. Neelakantaru Pandarathil
11	,, N. Gopala Kurup		
12	Smt. K. R. Gouri	32	,, P. C. Raghavan Nair
13	Shri Hamid Ali Shemnad	33	,, A. K. Ramankutty
14	,, K. Hassan Gani	34	,, T. K. Ramakrishnan
15	,, K. V. John	35	,, P. Ravindran
16	,, Joseph Chazhikattu	36	,, E. M. Sankaran Namboodiripad
17	,, O. Koran		
18	,, K. Krishnan	37	,, P. S. Srinivasan
19	,, M. Krishnan	38	,, R. Sugathan
20	,, R. Krishnan	39	,, P. Viswambharan
21	,, K. Krishna Pillai		

LIBRARY ARCHIVES Kerala Legislative Assembly

NOES 56

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, P. C. Balakrishnan Nambiar
7 ,, R. Balakrishna Pillai
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, P. T. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, P. R. Francis
17 ,, K. M. George
18 ,, P. Gopalan
19 ,, Malethu Gopinatha Pillai
20 ,, M. P. Govindan Nair
21 ,, Vayala Idicula
22 ,, A. L. Jacob
23 ,, C. G. Janardhanan
24 ,, Thomas John
25 ,, George Joseph Podipara
26 ,, P. S. Karthikeyan
27 ,, K. G. Karunakara Menon
28 Shri K. Kochukuttan
29 ,, T. Krishnan
30 ,, P R. Krishnan
31 ,, N. S. Krishna Pillai
32 ,, P. Kumaran
33 ,, K. Kunhambu
34 ,, C. Kunhikrishnan Nair
35 ,, M. Kunhikannan Nambiar
36 ,, N. Kunjuraman
37 Smt. Kusumam
38 ,, Leela Damodara Menon
39 Shri P. Madhavan
40 ,, V. Madura
41 ,, M. M. Mathai
42 ,, C. A. Mathew
43 ,, T. Murugesan
44 ,, K. Narayana Kurup
45 ,, M. Narayana Kurup
46 ,, E. P. Poulose
47 ,, A. A Rahim.
48 ,, R. Raghava Menon
49 ,, M. Ravindranath
50 Smt. O. T. Sarada Krishnan
51 ,, K. R. Saraswathi Amma
52 Shri Shamsuddin
53 ,, T. A. Thomman
54 ,, P. P. Ummer Koya
55 ,, K. R. Vijayan
56 ,, K. K. Viswanathan

Neutrals : Nil

Deputy Speaker :
For the amendment : 39
Against the amendment 56
Neutrals : Nil.

The amendment is lost.

Clause 2 (28)

Shri T A Thomman : Madam, I move amendment No. 271

12 Noon] In Sub clause (28), the following shall be added at the end:—

"but shall not include a usufructuary mortgage as defined in the Transfer of Property Act, 1882". That is, usufructuary mortgage should be exempted from the definition of 'kuzhikanam' കാണം. കുഴിക്കാണത്തിന്റെ നിർവചനത്തിൽ ഈ വ്യവസ്ഥ ഉണ്ട്. അതുപോലെയുള്ള ഒരു വ്യവസ്ഥ കുഴിക്കാണത്തിന്റെ നിർവചനത്തിലും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : Madam, I accept the amendment moved by Shri T. A. Thomman.

Shri Maleth Gopinatha Pillai : Madam, I am not moving my amendment.

[Mr. Speaker in the Chair]

ശ്രീമതി കെ. ആർ. ഗൗരി: കുഴിക്കാണത്തെ സംബന്ധിച്ച് ശ്രീ. തൊമ്മൻ കൊണ്ടുവന്ന ഭേദഗതി അംഗീകരിച്ചാൽ ബുദ്ധിമുട്ടാണ്. കുഴിക്കാണം deed വസ്തുക്കളെ ദേഹണ്ഡത്തോടുകൂടി ആദായം അനുഭവിക്കുന്നതിനു കൊടുക്കുന്ന ഇടപാടാണ്.

ഇന്നലെ ഇതുപോലെ കാണം കുഴിക്കാണത്തിന്റെ പുതിയഭേദഗതി ഞാൻ എതിർത്തതാണ്. Analogous മാർട്ടുഗേജിന്റെ കാര്യം പറഞ്ഞപ്പോഴും ഇതു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ വിധത്തിൽ ടെനൻസിയെ നാം നോക്കുന്നതു ശരിയല്ല. പഴയ കാലത്തെ മലബാർ ടെനൻസിയിലും കാർഷികബന്ധ നിയമത്തിലും അംഗീകരിച്ച വ്യാഖ്യാനമാണ് ബില്ലിലുള്ളതു്. അങ്ങനെ എല്ലാം അങ്ങനെ മാററുന്നതു ശരിയല്ല. ഇതു എൻജോയിന്റു അല്ലെങ്കിൽ Tenancy-യെ ആകുകയില്ല. Tenancy അവകാശം പല വിധത്തിൽ നഷ്ടപ്പെടുകയാണ് ഈ ഭേദഗതി അംഗീകരിച്ചാൽ വരാൻ പോകുന്നതു്.

The amendment No. 271 moved by Shri T. A. Thomman was put and carried.

CLAUSE 2 (30)

Smt. K. R. Gouri: Sir, I move amendment No. 40.

In clause 2, substitute sub-clause (30) as follows:

"(30) 'A land owner means owner of the land comprised in a holding and includes:

(i) A trustee in respect thereof

(ii) Land holder holding Sreepandaravaka lands on pattom, otti, jenmom, kudijenmon, dhanom or any other tenures.

(iii) a land holder holding Sreepadam lands on Sreepadam pattam or other favourable tenures.

(iv) A kudian as defined in the Travancore Jenmi kudian Act of 1071 and a kanom tenant as defined in the Kanom Tenancy Act, 1955 but doss not include a Jenmi as defined in the said Acts."

Shri P. T. Chacko: Sir, the same category has been included in 'owner' and land owner is also 'owner'. Does Smt. Gouri want to repeat it?

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതിൽ Land owner-ന്റെ definition ആണു ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതാണെങ്കിൽ ലാൻഡ് ഓണറിന്റെ ഡെഫനിഷൻ പ്രത്യേകം ആവശ്യമില്ല. എന്റെ അഭിപ്രായത്തിൽ ലാൻഡ് ഓണർ എന്നുള്ളതിന്റെ ഡെഫനിഷനാണ് ആവശ്യം. ഇവയെല്ലാം ലാൻഡ് ഓണറാണ് ഒഴിപ്പിക്കുന്നത് എങ്കിൽ വസ്തുവിൽ ഉള്ള അവകാശം വയ്ക്കുന്നതു ലാൻഡ് ഓണക്കാണ്.

ഈ നിയമത്തിൽ ഒഴിപ്പിക്കാൻ അവകാശം കൊടുക്കുന്നതു് Land owner-ക്കാണ്. അതുപോലെ മററവകാശങ്ങളും; Detailed ആയി Land owner ആരാണെന്ന് നമ്മൾ വ്യഖ്യാനം കൊടുക്കണം. Owner fictitious ആയിട്ടുള്ള ഒരാളാകാൻ പാടില്ല. Land owner ചിലപ്പോൾ യഥാർത്ഥത്തിൽ owner ആയിരിക്കയില്ല. കുടിയാനായിരിക്കും. എങ്കിലും ഈ നിയമപ്രകാരം owner ആകുകയാണ്. ഉദാ: A kanam Tenant as defined in Jenmi Kudian Regulation

LIBRARY ARCHIVES Kerala Legislative Assembly

Act of 1071. നിയമപ്രകാരം absolute proprietorship ഇല്ലായിരിക്കാം. അതുകൊണ്ടു് ലാൻഡ് ഓണറിന്റെ Comprehensive ആയി ഒരു ഡെഫനിഷൻ വേണമെന്നാണു് ഞാൻ പറയുന്നതു്.

Shri P. T. Chacko: The definition of owner is given here. In the definition o' 'owner' a 'trustee' is also included A 'Kudian' as defined in the Travancore Jenmi Kudian Act. is an 'owner'. There is another definition for 'land owner'. 'Land owner' means the owner of the land and includes certain other categories also. It is not necessary to repeat or to enumerate the same in the term 'landowner' because landowner means an 'owner' and all owners including trustees and Kudiyans are landowners. So I oppose the amendments.

Smt. K. R. Gouri: Then, who is entitled to resume that? land owner or the owner?

Shri P. T. Chacko: All the owners are landowners.

Amendment No. 40 moved by Smt. K. R. Gouri was put and lost.

CLAUSE 2 (33).

Mr. Speaker: The following amendments may be moved:

Amendment No. 107 by Shri K. Chandrasekharan.

Smt. K. R. Gouri: Sir I move my amendment.

In clause 2 (33), add an explanation after the clause as follows:

Explanation:—Notwithstanding anything in the Indian Evidence Act, 1872 or in any other law for the time being in force a person though he is described as an agent or servant in a document evidencing the contract for the cultivation of any nilam may plead, adduce evidence and prove that he is a licensee'.

സർ, ഇതു ലൈസൻസി എന്നുള്ള നിലയിൽ...............

ശ്രീ. ടി. എ. തൊമ്മൻ: ഒരു ചോദ്യം. ക്ലാസ് 12 (3)—ൽ ഇതുതന്നെ പറഞ്ഞിട്ടുണ്ടു്. Notwithstanding anything in the Indian Evidence Act, or in any other law for the time being in force, a person deseribed as an agent or servant in a document evidencing the contract for the cultivation of any nilam, may prove that he is a licensee' എന്നുണ്ടു്. അതു എവിഡൻസ് ആക്ററിൽ അങ്ങനെ പ്രൂവ് ചെയ്യാം എന്നുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ആധാരത്തിൽ എന്തു വ്യവസ്ഥ എഴുതി വച്ചിരുന്നാലും ആ ലൈസൻസിക്കു അതു പ്രൂവ് ചെയ്യാനുള്ള അവകാശം കൊടുക്കുന്ന ഒരു വകുപ്പാണു്. അതു പ്രത്യേകമായിട്ടു ചേർത്തിരുന്നതുമാണു്. ഈ ആധാരത്തിൽ എന്തു വ്യവസ്ഥ എഴുതിയാലും ഒരു ചീട്ടോ അല്ലെങ്കിൽ മററെന്തെങ്കിലും ഒന്നു് എഴുതിവെച്ചിട്ടുണ്ടെങ്കിൽ അയാളം എന്റെ നടത്തിപ്പുകാരനാണു് എന്നു എഴുതുകയും വിത്തു്, വളം, അദ്ധ്വാനം ഒക്കെ കൊടുത്തു കൃഷി ചെയ്യിക്കയും ചെയ്യുന്ന ലൈസൻസി എന്നുള്ള പുതിയ സമ്പ്രദായത്തിലുള്ളതാണു്.

Shri P. T. Chacko: But the same is included in Clause 12(3). Should it be repeated?

ശ്രീമതി കെ. ആർ. ഗൗരി: ക്ലാസ് 12 (3) 'deemed tenants' നെ സംബന്ധിച്ചാണു്. ഞാനിതു പറയുന്നതു മുമ്പുണ്ടായിരുന്ന നിയമത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഒരു ഉപവകുപ്പായിട്ട് എഴുതിച്ചേർത്തിരുന്നതാണ്. അന്നു മററു വിധത്തിൽ എഴുതുന്നതിനുള്ള അവകാശമുണ്ടായിരുന്നു. ആ അവകാശം ഇങ്ങോട്ടു മാററി എന്നുള്ളതല്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: മുമ്പു 12-ാം വകുപ്പിൽ ഉപവകുപ്പ് (3) ഇല്ലായിരുന്നു. അതു ഒന്നു ഇങ്ങോട്ടു മാററിവച്ചു എന്നേയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ലൈസൻസി എന്നതിൻെറ definition-ൽ Licensee means any person who is in occupation....... അതുപോലെ ഉണ്ടായിരുന്നു. മുമ്പു ഫിക്സിററി കൊടുക്കുന്നതായിട്ടുള്ള ആ ക്ലാസ്സിൽ.... .. ..

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതുതന്നെ 12(3)-ൽ പറഞ്ഞിട്ടുണ്ടല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: ഇതു സ്പെസിഫിക്കായിട്ടു പറയുന്നതിനു വേണ്ടീട്ടാണ്. ഭേദഗതി ഞാൻ സ്സപ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: 12 (3)-ൽ അതേ ഭേദഗതിതന്നെ ഉള്ളതുകൊണ്ടു് പ്രത്യേകമായിട്ടു ഞാൻ മൂവ് ചെയ്യുന്നില്ല.

ശ്രീമതി ഗൗരിഅമ്മയും അതു മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Amendment No. 41, moved by Smt. K. R. Gouri was by leave withdrawn.

Mr. Speaker: Amendment Nos. 108, 109, and 110 may be moved by Shri R. Krishnan, and Shri T. A. Thomman may move amendment No. 272.

Shri R. Krishnan: Sir, I move my amendments:

108. In clause 2 (37), after the words 'maintenance charges' insert the words 'the cost of harvesting'.

109. In clause 2 (37), add the following explanation:

Explanation:—In ascertaining the 'next income' the normal produce the yield of the second crop shall be deemed to be half of that of the principal crop which shall be deemed to be the first crop.

110. In clause 2, after sub-clause (37), add the following proviso:

Provided that the 'net income' of any nilam irrigated with water for the first time after the commencement of the tenancy in respect of that nilam from an irrigation work constructed, repaired or maintained wholly at the cost of the Government or a local authority or by the tenant shall be determined as if the nilam had not been so irrigated.

സർ, എൻെറ ഭേദഗതി, next income കണക്കാക്കുമ്പോൾ ഈ ക്ലാസ്സിൽ പറഞ്ഞിട്ടുള്ളതു കൃഷിച്ചെലവും മററു മെയിൻറനൻസിനുള്ളചെലവും എന്നാണ്. എന്നാൽ harvesting-നുള്ള ചെലവു ഇതിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. അതിനുള്ള ചെലവ് ഒരു ചെറിയ ചെലവു അല്ല. പല ഭാഗത്തും പല രീതിയിലുള്ള കൊയ്ത്തുകൂലി കൊടുത്തുവരുന്നുണ്ടു്. അതു ആറിലൊന്നു മുതൽ പന്ത്രണ്ടിലൊന്നുവരെ കൊടുത്തുവരുന്നുണ്ടു്. അപ്പോൾ അതൊരു വലിയ ചെലവാണ്. അതുകൂടി ഈ നെററു ഇൻകം കണക്കാക്കുമ്പോൾ കണക്കാക്കണമെന്നുള്ളതാണ് എൻെറ 108-ാം നമ്പർ ഭേദഗതി.

109-ാമത്തെ ഭേദഗതി മുഖ്യവിളവിൻെറ നേർ പകുതിയായിരിക്കണം. രണ്ടാമത്തെ വിളവ് എന്നാണ്. ഇതിനെ സംബന്ധിച്ചു ഇന്നലെ വാദപ്രതിവാദം നടന്നു. ഗ്രോസ് പ്രാഡിയൂസിൻെറ കാര്യത്തിൽ അതു മന്ത്രി അംഗീകരിച്ചില്ല. ഇവിടെ എങ്കിലും അതു അനുവദിക്കണമെന്നുള്ളതാണ് ഞാൻ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

110-ാമത്തെ ഭേദഗതി, ഇറിഗേഷൻ സൗകര്യങ്ങൾ ഗവണ്മെൻറിൻെറ ചെലവിലോ ലോക്കൽ അതോറിട്ടിയുടെ ചെലവിലോ കുടിയാൻെറ ചെലവിലോ നടത്തുകയാണെന്നുണ്ടെങ്കിൽ അതിനു മുമ്പുണ്ടായിരുന്ന വിളവാണ് അററാദായം കണക്കാക്കാൻ സ്വീകരിക്കേണ്ടതു് എന്നാണ്, അതാണ് എൻെറ 110-ാമത്തെ ഭേദഗതി. അതേ സംബന്ധിച്ചു ഇന്നലെ വേണ്ടിടത്തോളം ഭേദഗതികൾ അവതരിപ്പിച്ചിട്ടും അംഗീകരിച്ചില്ല. അങ്ങനെ അംഗീകരിക്കുന്നതു കുറേക്കൂടി സൗകര്യപ്രദമായിരിക്കും എന്നുള്ളതുകൊണ്ടാണ്.

Shri T. A. Thomman: I move amendment No. 272·

In sub clause (37), in line 3, for the words "maintenance charges" substitute the words, charges for maintaining fruit trees, timber trees or other useful trees and plants'.

മെയിൻറനൻസ് ചാർജസ് എന്താണെന്നുള്ളതു് കുറച്ചു വ്യക്തമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയാണിതു്.

ശ്രീ. കെ. ചന്ദ്രശേഖരൻ: 'any property' എന്നു പറയുന്നതുകൊണ്ടു നിലവുമാകാം.

ശ്രീമതി കെ. ആർ. ഗൗരി: 'cultivation expenses' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് ശ്രീ. കൃഷ്ണൻെറ ഭേദഗതി ആവശ്യമാണെന്നു തോന്നുന്നില്ല.

Shri P. T. Chacko: I accept the amendment moved by Shri T. A. Thomman. My impression is that 'cultivation expenses include the cost of harvesting instead of maintenance charges.

Amendment No. 108 moved by Shri R. Krishnan, was, by leave, withdrawn.

Amendment No, 109 and 119 moved by Shri R. Krishnan, were put and lost.

Amendment No. 272 moved by Shri T. A. Thomman was put and carried.

(New Sub Clause 39)

Smt. K. R. Gouri: I move:

In clause 2, after sub-clause 38, add a new sub-clause (39) and renumber.

"(39) Normal produce: Normal produce in respect of any land means the produce which would be raised if the rainfall and the seasons were of normal character:

Provided that the normal produce of any nilam irrigated with water for the first time after the commencement of the tenancy in respect of that nilam from an irrigation work constructed, repaired or maintained wholly at the cost of the Government or a local authority or a co-operative society or by a tenant shall be determined as if the nilam had not been so irrigated:

Provided further that in the case of double crop nilam, account shall be taken as though only a single paddy crop which shall be the principal been raised on the land if it had been converted from single crop into double crop nilam at the tenant's expense and as though two paddy crops have been raised on the lands, if they have been so converted at the landlord's expense.

Explanation:—In ascertaining the normal produce in areas where the Malabar Tenancy Act, 1929 was applicable the yield of the second crop shall be deemed to be of that of the principal crop which shall be deemed to be the first crop".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : Normal produce—ൽ...........

ശ്രീ. ടി. എ. തൊമ്മൻ : സബ്ബ്ക്ലാസ് 16—ൽ ഒരു നിർവ്വചനം അംഗീകരിച്ചിട്ടുണ്ട്. അതിന്റെ explanation ആയി നാർമൽ പ്രൊഡ്യൂസിന്റെ നിർവ്വചനം കൊടുത്തിട്ടുണ്ട്. അതു് നേരത്തെ അംഗീകരിച്ചു. പിന്നെ പുതുതായി നിർവ്വചനം കൊണ്ടുവരേണ്ട ആവശ്യമില്ല. അതുകൊണ്ടു ഈ ഭേദഗതി ആർഡറിലല്ലെന്നാണ് എനിക്കു അറിയിക്കാനുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : അതു ശരിയല്ല. ക്ലാസ് രണ്ടു വോട്ടുചെയ്തു പാസ്സാക്കിയിട്ടില്ല. ചില നിർവ്വചനങ്ങൾ അംഗീകരിച്ചിട്ടുണ്ടെന്നേയുള്ളു. ഇതു് പ്രത്യേകമായി കൊണ്ടുവരുന്നതാണ്. ഞാൻ ഇതിനെപ്പററി കൂടുതലായി സംസാരിക്കുന്നില്ല. മലബാർ ടെനൻസി നിയമത്തിലും മററും നാർമൽ പ്രൊഡ്യൂസ് എന്താണെന്നു് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഇതു് സബ്ബ്ക്ലാസ് 39 ആയി വരുന്നതുകൊണ്ടു് ആപത്തൊന്നുമില്ല. അതുകൊണ്ടു് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : ക്ലാസ്സ് 16—ൽ നാർമൽ പ്രൊഡ്യൂസ് എന്താണെന്നു് പറഞ്ഞിട്ടുണ്ടു്. ആ ക്ലാസ്സ് എടുത്തപ്പോൾ ഭേദഗതി കൊണ്ടുവരാമായിരുന്നു. അതു പാസ്സായിക്കഴിഞ്ഞു. ഇങ്ങനെയായാൽ കഴിഞ്ഞ എല്ലാ സബ്ബ്ക്ലാസ്സുകളെ സംബന്ധിച്ചും വീണ്ടും ഭേദഗതി കൊണ്ടുവരാം. ക്ലാസ്സ് 2 മുഴവനേ ഇനി വോട്ടിനിടണമെന്നുള്ളതു ശരിയാണ്. എന്നാലും ഇപ്പോൾ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നതു ശരിയല്ല. ഈ ഭേദഗതി ആർഡറിലല്ല.

ശ്രീ. ഈ. പി. ഗോപാലൻ : ക്ലാസ്സ് 16 gross produce—നെ സംബന്ധിക്കുന്നതാണ്, അതിൽ നാർമൽ പ്രൊഡ്യൂസും വരുന്നുണ്ടെന്നു സമ്മതിക്കാം. എന്നാലും ഒരു പ്രത്യേക സബ്ബ്സെക്ഷൻ കൊടുത്തു് അതിന്റെ വിശദീകരണം നൽകുന്നതു് നല്ലതാണെന്നു വിചാരിക്കുന്നതിൽ യാതൊരു തരക്കേടുമില്ല. ഇന്നലെ നാർമൽ പ്രൊഡ്യൂസ് ഡിഫൈൻ ചെയ്യുവെന്നു പറയുന്നതു് അത്ര ശരിയല്ല. അതിനുള്ള ഡെഫനിഷനാണ് ഇന്നലെ സ്വീകരിച്ചതെങ്കിൽ സാങ്കേതികമായി ഒരു തടസ്സം ഉന്നയിക്കാം. പക്ഷെ അങ്ങനെ ഉണ്ടായിട്ടില്ല. ഗ്രാസ് പ്രൊഡ്യൂസിന്റെ നിർവ്വചനത്തിൽപോലും വല്ല വ്യത്യാസവും വരുത്തണമെങ്കിൽ സെക്ഷൻ 2 വോട്ടിനു ഇട്ടുകഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടു് വരുത്താവുന്നതാണ്.

Mr. Speaker : It implies that normal produce has been defined here. Specifically it has not been defined, that is the argument. To me it appears that the ordinary purpose will be served by this. But I am not a competent authority to decide it. The house may decide. Anyhow, I put the amendment to vote.

The amendment No. 42, moved by Smt. K. R. Gouri, was put and lost.

Shri R. Krishnan : I move Amendment No. 302 in clause 2(38), after the word 'paddy' add as follows: "or the land fit for the cultivation of paddy".

നെൽകൃഷിചെയ്യാൻ പററിയ സ്ഥലമെന്നു കൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

Shri P. T. Chacko : I don't accept that. The definition given is clear.

Amendment No. 302 moved by Shri R. Krishnan, was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Clause. 2 (41)

Shri T. A. Thomman : I move Amendment No. 273. In clause 2(4) delete the words "and includes land so used and known as pallimanayal, myal, petta, njal, njattadi or banabettu"

ഇതിന്റെ idea വളരെ വ്യക്തമാണ്. പല സ്ഥലത്തും പല പേരുകൾ പറയുന്നുണ്ട്. ആ പേരുകളെല്ലാം പറയാൻപോലും വിഷമമുള്ളതാണ്. അതുകൊണ്ടാണ് ഞാനിങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നത്.

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. പറയാൻ പ്രയാസമുള്ള പേരുകളാണെങ്കിൽ അതിനു യാതൊരു നിവൃത്തിയുമില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യാണ് നെല്ലുണ്ടാക്കുന്നത്. അതുകൊണ്ട് ആ പ്രത്യേക സ്ഥലങ്ങളുടെ പേരുതന്നെ പറയണം. പാട്ടം നിജപ്പെടുത്തുക തുടങ്ങിയ വകുപ്പുകൾ ഉപയോഗപ്പെടണമെങ്കിൽ അതുൾപ്പെടുത്തണം.

ശ്രീമതി കെ. ആർ. ഗൗരി : ആ ഭേദഗതിയെ ഞാനും എതിർക്കുകയാണ്. ക്ലാസിൽ ഓരോ സ്ഥലങ്ങളുടേയും പേരുപറഞ്ഞിട്ടുണ്ട്. അതു മാററി ഈ ഭേദഗതി സ്വീകരിച്ചാൽ കൂടുതൽ അവ്യക്തതയാണുണ്ടാകുന്നത്.

Shri P. T. Chacko : I oppose the amendment.

Shri R. Krishnan : I move Amendment No. 303. In clause 2 (41) in the second line, after the wo d "paddy" and before the word "and" insert "or single crop paddy land".

ഇറിഗേഷൻ സൗകര്യമില്ലാത്തിടത്ത് ഒരു പൂവിൽമാത്രം കൃഷിചെയ്യുന്ന പൊററ പള്ളിയാൽ നിലങ്ങളുണ്ട്. അതിനെ ഉദ്ദേശിച്ചാണ് ഒരുപ്പൂനിലമെന്നുകൂടി ചേർക്കണമെന്നു ആവശ്യപ്പെടുന്നത്.

Shri P. T. Chacko : I oppose the amendment. The intention is to bring in some single crop lands under it.

Amendment No. 273, moved by Shri T. A. Thoman, was by leave, withdrawn.

Amendment No. 303, moved by Shri R. Krishnan, was, by leave, withdrawn.

Clause 2 (44)

Mr. Speaker : The following amendments may be moved :
Amendments Nos. 43, 44, 45, 111 and 120 by Smt. K. R. Gouri,
Amendments 112 and 360 by Shri Joseph Chazhikkatt,
Amendments 113 and 114 by Shri K. Bhargavan,
Amendment 115 Shri P. C. Raghavan Nair, and
Amendment No. 118 by Shri N. E. Balaram.

The other amendments, 116 by Shri T. K. Ramakrishnan and 117 by Shri T. C. Narayanan Nambiar, are the same as 115. 119 by Shri E. P. Gopalan and 118 by Shri N. E. Balaram are the same.

Smt. K. R. Gouri : I move :

(43) In clause 2, redraft sub-clase (44) as follows :

(44) (1) 'Plantation' means any land used principally for growing tea, coffee, rubber or cardamom, or such other kind of special crops as may be specified by the Government by notification in the Gazette and includes land used for the purpose of or ancillary to the cultivation of such crops, or the preparation of the same for the market.

(2) A draft of the notification made under 44 (1) shall be laid before the Legislative Assembly for a period of fourteen days, and the

2/154/V.

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

Legislative Assembly may approve the draft with or without modification or disapprove the draft during the period in which it is so laid. On the approval of the draft by the Legislative Assembly the Government shall publish the notification as approved in the Gazette. If the Legislative Assembly does not-

(i) approve with or without modification, or
(ii) disapprove,

the said draft during the period aforesaid, it shall be lawful for the Government to publish the modification in the Gazette in terms of the draft.

(44) In clause 2, re-draft sub-clause (44) as follows:

"(44) 'plantation' means any land used principally for growing tea, coffee, rubber, or cardamom, having an exent of more than thirty acres, and employing more than twenty-five workers, and includes lands, used for the purpose of or ancillary to, the cultivation of such crops or the preparation of the same for the market".

45. In clause 2, re-draft sub-clause (44) as follows:

44. 'plantation' means any land used principally for growing tea, coffee, rubber or cardamom and includes lands used for the purpose of or ancillary to the cultivation of such crops or the preparation of the same for the market.

111. In clause 2, redraft sub-clause (44) as follows :

(44) 'plantation' means any land used principally for the cultivation of tea, coffee, rubber, cardamom or cinnamon and includes—

(a) lands used by such person for any purpose ancillary to the cultivation of such crops or for the preparation of the same for the market;

(b) land contiguous to or in the vicinity or within the boundaries of the area cultivated with such crops and in the possession of the person who is cultivating the plantation at the time of the commencement of this Act, not exceeding twenty per cent of the areas so cultivated and reserved by such person and fit for the expansion of such cultivation;

(c) agricultural lands, interspersed within the boundaries of the area, cultivated by such person with such crops, not exceeding such extent as may be determined by the Land Board as necessary for the protection and efficient management of such cultivation.

Explanation I : Lands used for the construction of office buildings, godowns, factories, quarters for women's hospitals, schools and playgrounds, shall be deemed to be lands used for the purposes of sub-clause (a)

Explanation II : If any question arises as to whether any land is in the vicinity or within the boundaries of the area cultivated for the purposes of sub-section (b) or whether it is reserved and fit for the expansion of cultivation, it shall be determined by the Land Board."

120. In clause 2(44), add a new explanation, after the present explanation which may be numbered as I.

Explanation II : If any question arises as to whether any land is in the vicinity or within the boundaries of the area cultivated for the purposes of sub-clause (b) or whether it is reserved and fit for the xpansion of cultivation it shall be determined by the Land Board.

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Chazikkat : I move :

112. In clause 2(44), after 'cinnamon' add "cocoanut trees".

360. In clause 2(44), delete 'or' after "cardamom" and add after 'cinnamon' the words 'cocoanut, arecanut and pepper'.

Shri K. Bhargavan : I move :

113. In clause 2(44), add the following after the word 'cinnamon'—

"and is above the ceiling area in extent."

114. In clause 2(44)(b), omit the words 'in the vicinity of'.

Shri P. C. Raghavan Nair : I move :

115. In clause 2(44), delete (b) and (c).

Shri N. E. Balaram : I move :

118. In clause 2(44) delete sub-clause (c).

ഞാൻ ഈ വകുപ്പിനു് മൂന്നു ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. വേറെ വളരെ മെമ്പറന്മാരും ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: 'പ്ലാന്റേഷ'ന്റെ നിർവ്വചനം കാർഷികബന്ധനിയമത്തിൽ ആദ്യം പാസാക്കിയ അവസരത്തിലും, ഈ നിയമത്തിലുള്ളതുമായി വളരെ അന്തരമുണ്ടു്. Plantation-ന്റെ വികസനത്തിനു ഹാനി വരികയുമരുതു്, Plantation എന്ന പേരു് ഉപയോഗിച്ചു് ആ നിയമത്തിലെ ഉള്ളടക്കത്തെ പരാജയപ്പെടുത്തുകയും അരുതു്. കാർഷികബന്ധനിയമത്തിൽ അങ്ങനെയായിരുന്നു ചെയ്തിരുന്നതു്. കാർഷികബന്ധനിയമം ആദ്യം പാസായ അവസരത്തിൽ ഉണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായിട്ടാണു്, രണ്ടാമതു് കാർഷികബന്ധനിയമം pl ntation-ന്റെ ഭേദഗതി നിർദ്ദേശങ്ങളോടു് തിരിയെ വന്നു് ചർച്ചചെയ്തു വ്യാഖ്യാനമംഗീകരിച്ചതു് അതിനെക്കാൾ വിപുലമായ വിധത്തിൽ ഈ നിയമത്തിലെ വകുപ്പുകൾ ദുരുപയോഗപ്പെടുത്തത്തക്കവിധത്തിലാണു് plantation-ന്റെ വ്യാഖ്യാനവും അതിനു ബന്ധമായ മററു വകുപ്പുകളും പുതിയ നിയമത്തിൽ.

സർ, പ്ലാന്റേഷൻ നിലനിൽക്കേണ്ടതു് നമ്മുടെ നാട്ടിലെ വളരെയധികം തൊഴിലാളികളുടെ രക്ഷയ്ക്കു് ആവശ്യമാണു്. കൃഷിയുണ്ടെങ്കിലും വളരെയധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു വ്യവസായമായിട്ടാണു് planta:ion-നെ കണക്കാക്കുന്നതു്. അതുപോലെതന്നെ നമുക്കു കൂടുതൽ ഡാളർ സമ്പാദിച്ചുതരുന്ന ഒരു പ്രത്യേക വ്യവസായമെന്ന നിലയിലും അതിനെ plantation-നു് പ്രത്യേക സ്ഥാനം കൊടുത്തു് ceiling-ന്റെ പരിധിയിൽനിന്നു് ഒഴിവാക്കിയിരിക്കുകയാണു്. പക്ഷേ, അതേസമയത്തു് നാം ഒരു കാര്യം പരിഗണിക്കേണ്ടതായിട്ടുണ്ടു്. കാർഷികനിയമങ്ങൾ പാസ്സാക്കുമ്പോൾ, അതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ പരാജയപ്പെടുത്തുന്ന വിധത്തിലുള്ള വ്യാഖ്യാനങ്ങൾ ഏതു വകുപ്പിനായാലും കൊടുക്കുന്നതു് ശരിയല്ല. പ്ലാന്റേഷനെ സംബന്ധിച്ചായാലും, കായൽനിലങ്ങളെ സംബന്ധിച്ചായാലും വ്യാഖ്യാനം നൽകുമ്പോൾ, അതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്ന തരത്തിൽ ഒരിക്കലും ഡഫനിഷൻ നൽകാൻ പാടില്ല. ഈ വീക്ഷണഗതിയിൽക്കൂടി നോക്കിയാൽ plantation-നു് പ്രസിഡണ്ടിന്റെ നിർദ്ദേശപ്രകാരം കൊണ്ടുവന്ന ഭേദഗതികളുമായും ഇന്നത്തെ നിയമത്തിൽ പ്ലാന്റേഷനു നൽകിയിരിക്കുന്ന വ്യാഖ്യാനവും വിപുലമായ വിധത്തിൽ കാർഷികപരിഷ്കരണങ്ങളുടെ മൂലതത്വങ്ങളെത്തന്നെ പരാജയപ്പെടുത്തുന്നില്ലേ എന്നു നാം പരിശോധിക്കണം. പ്ലാന്റേഷൻ നിർവ്വചനത്തെ സംബന്ധിച്ചു്, പഴയ കാർഷികബന്ധനിയമം ചർച്ച ചെയ്തപ്പോഴും, അതുകഴിഞ്ഞു് ഭേദഗതി വന്നു്, ചർച്ച നടത്തിയപ്പോഴും ഈ വകുപ്പുകളെ സംബന്ധിച്ചു് വളരെയേറെ എതിർപ്പുകൾ ഞങ്ങളുടെ ഭാഗത്തുനിന്നു വന്നിട്ടുണ്ടു്. അതു് p'anta'ion വികസിപ്പിക്കരുതു് എന്ന ഉദ്ദേശത്തിലല്ലായിരുന്നു. Ce.ling-ന്റെ പരാജയപ്പെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

തക്കവിധത്തിലും, സ്ഥിരത കിട്ടാൻ അർഹതയുള്ള കുടിയാന്റെ അവകാശത്തെ നശിപ്പിക്കത്തക്കവിധത്തിലും, തീരെ പാവപ്പെട്ട കുടികിടപ്പുകാരെക്കൂടി നശിപ്പിച്ചും, പ്രത്യേക കാർഷികമുതലാളിത്വം അനായാസേന വളത്തുന്നതിനുള്ള പ്രവണതയിലുള്ള വ്യാഖ്യാനമാണ് നാം എത്തുകന്നതു്. ഇന്നത്തെ definition ഞാൻ വായിക്കാം:

'Plantat on' means any land used by a person principally for the cultivation of tea, coffee, cocoa, rubber, cardamom or cinnamon (hereinafter in this clause referred to as 'plantation crops') and includes:

(a) land used by the said person for any purpose ancillary to the cultivation of plantation crops or for the preparation of the same for the market;

(b) land contiguous to, or in the vicinity of, or within the boundaries of, the area cultivated with plantation crops, not exceeding twen y per cent of the area so cultiva ed and reserved by the said person and fit for the expanst on of such cultivation;

(c) aigrcultural lands interspersed within the boundaries of the area cultivated by the said person with plantation crops, not exceeding such extent as may be determined by the Land Board as necessary for the protection and efficient management of such cultivation.

Explanation: Lands used for the construction of office buildings, godowns, factories, quarte s for workmen, hospitals, schools and playground shall be deemed to be land used for the purposes of the sub clause (a).

ഇനി 1959 June 10-നു ഈ നിയമസഭ പാസ്സാക്കിയ നിയമത്തിലെ പ്ലാന്റേഷന്റെ ഡെഫനിഷൻകൂടി വായിക്കാം:

'plantation' means any land used principally for growing tea, coffee. rubber or cardamom or such other kind of special crops as may be specified by the Government, by notification in the Gazette, and includes lands used for the purpose of, or ancilla y to, the cultivation of such crops, or the preparation of the same for the market.

ഇതു കഴിഞ്ഞതിനുശേഷം ceiling chapter-ൽ plantation exempt ചെയ്യു അവസരത്തിൽ ഇങ്ങനെ ഒരു വകുപ്പുകൂടി ചേർത്തിരുന്നു.

Notwithstanding anything contained in subsection (1) (a) it shall be lawful for any family or adult unmarried person to own or hold any plantation exceeding the ceiling area if it is a plantation at the commencement of this section and also

(1) an extent of land not more than twenty percent of land lying contiguous to such plantation and

and in the exemption clause 57 it was stated:

"The Government may subject to the provisions of sub section (3) if they are satisfied that it is necessary to do so in public interest on account of any special use to which any land is put or on account of any land being bonafide required for the purpose of conversion into plantation by notification in the Gazette exempt such land from the provisions of this chapter subject to such restrictions and conditions as they may deem fit to impose."

LIBRARY ARCHIVES Kerala Legislative Assembly

അതായത് ഉള്ള plantation ന് പുറമെ 20 ശതമാനം ഭൂമി plantation ന് വേണ്ടി റിസർവ്വ്ചെയ്യണമെന്നും, ഭാവിയിൽ ഗവൺമെൻറിന്റെ നോട്ടിഫിക്കേഷൻമൂലം ഏതെങ്കിലുംഭൂമി പ്ലാൻറേഷനായി convert ചെയ്യണമെന്ന് പൊതുതാൽപ്പര്യത്തെ ഉദ്ദേശിച്ച് തീരുമാനിച്ചാൽ ചെയ്യാമെന്നു ഉള്ള വ്യവസ്ഥ plantation ന്റെ വികസനത്തെ തടസ്സപ്പെടുത്താതെ ceiling provision തോല്പിക്കാതിരിക്കാൻ ഏർപ്പെടുത്തിയവകുപ്പുകളാണ്. അതുപോലെ കാർഷികബന്ധനിയമം ചർച്ച ചെയ്ത അവസരത്തിൽ, പ്ലാൻറേഷനുള്ളിൽ താമസിക്കുന്ന കുടികിടപ്പുകാർക്ക് ഉണ്ടായിരുന്ന കുടികിടപ്പവകാശം നഷ്ടപ്പെടുന്നവിധത്തിൽ വകുപ്പ് ചേർത്തിരുന്നില്ല. plantation ഉള്ളിൽ കൃഷിഭൂമി കൃഷിചെയ്യുന്ന കുടിയാന് ഉണ്ടായിരുന്നഅവകാശങ്ങൾ നഷ്ടപ്പെട്ടു പോകത്തക്കവിധത്തിൽ വകുപ്പൊന്നും അതിൽ ഇല്ലായിരുന്നു. ഇന്നത്തെ പ്ലാൻറേഷന്റെ വ്യാഖ്യാനത്തിൽ, agricultural lands interspersed within the plantation എന്നു ചേർത്തിരിക്കുന്നതുകൊണ്ട് ആ ഭൂമിക്ക് fixity കിട്ടുകയില്ല. ഒരു പ്ലാൻററക്ക് അങ്ങനെ അവകാശപ്പെടുന്ന ഭൂമിയിൽ കുടിയാന് അവകാശം സ്ഥാപിക്കാൻ സാധിക്കുകയില്ല. 30 ഏക്കറിനു താഴെയുള്ള plantation ന് മാത്രമാണ് fixity നിയമത്തിൽ കൊടുത്തിരിക്കുന്നത്. ഈ agricultural lands ലുള്ളവരേയും 20 ശതമാനം ഭൂമി rescue ചെയ്യാൻ പറഞ്ഞിരിക്കുന്നത് plantation വ്യാഖ്യാനത്തിൽ വരുത്തിയതിനാൽ ആ ഭൂമിയിലുള്ളവർക്കും കുടിയാന്മാരാണെങ്കിൽ fixity ഇല്ല. ഇന്നു plantation കിഴക്കെ area യിലാണ്. അതു ക്രമേണ പടിഞ്ഞാറൻ പ്രദേശത്തേക്കും വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. പണമുള്ളകൃഷിക്കാർ, പ്ലാൻറേഷന്റെ വ്യാഖ്യാനങ്ങളുടെ തണലിൽ പുതിയ പ്ലാൻറേഷൻ ആരംഭിക്കാൻ നോക്കും. ഏതെങ്കിലും ഭൂ ഉടമ, അവരുടെ കൈവശത്തിരിക്കുന്നഭൂമി, വേറൊരാളിന് വിററാൽ, അതു പ്ലാൻറേഷനായി കൺവർട്ടു ചെയ്യുകയാണെങ്കിൽ, അതിനുള്ളിൽ താമസിക്കുന്ന കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ ഈ വ്യാഖ്യാനം കൊണ്ടു സാധിക്കും. പാലക്കാട്ടു ഡിസ്ട്രിക്ററിൽ മലയാളം പ്ലാൻറേഷൻ നടത്തുന്ന ഭാഗങ്ങളിൽ പരിശോധിച്ചാൽ, യഥാർത്ഥപ്ലാൻറേഷൻ നടത്തുന്ന ഭൂമികളുള്ളിൽ വളരെയധികംസ്ഥലത്തു മററും കൃഷിചെയ്തു താമസിക്കുന്ന കുടിയാന്മാരെ കാണാം. തോട്ടംതൊഴിലാളികൾ നിലങ്ങളിൽ കൃഷിചെയ്തു വളരെക്കാലമായി താമസിച്ചു വരികയാണ്. ആ ഭൂമി കൈവശംവച്ചു കൃഷിചെയ്യുന്നതിനുള്ള അവകാശം മുൻപിലത്തെ നിയമത്തിൽ അവർക്ക് കൊടുത്തിരുന്നു. ഇന്നത്തെ പ്ലാൻറേഷൻ വ്യാഖ്യാനം വരുമ്പോൾ ഈ അവകാശം അവർക്ക് നഷ്ടപ്പെടുന്നതാണ്. മലനാടുകളിൽ തേയിലകൃഷി നടത്തുന്നുണ്ട്. മൂവായിരം അടി മുകളിലാണു സാധാരണ തേയില കൃഷി ചെയ്യുന്നത്. ചില പ്രദേശങ്ങൾ പ്രത്യേകിച്ച്, കുഴികളായിട്ടുണ്ടായിരുന്നു. അവിടെ തോട്ടമുടമ തോട്ടത്തിന്റെ ആവശ്യത്തിന് വിറകു വൃക്ഷങ്ങൾ പിടിപ്പിക്കും. നിലമായ പ്രദേശങ്ങൾ തൊഴിലാളികൾക്കു കൃഷിക്കുകൊടുക്കും. അവർ അതു ശരിയാക്കി കൃഷിക്കു ഉപയോഗിക്കും. തോട്ടങ്ങളിലടുത്ത ഭൂമികൾ ജന്മിയുടെടുത്തു വാങ്ങി മററു കൃഷികൾ നടത്തുന്ന വരുണ്ട് ഇന്നു ഒരു ജന്മിയുടേതാണെങ്കിൽ നാളെ തോട്ടമുടമസ്ഥ് ജന്മം വിററാൽ തോട്ടത്തിന് അടുത്ത പ്രദേശമെന്ന നിലയിൽ തോട്ടത്തിന്റെ വ്യാഖ്യാനത്തിൽ വരും. അവരുടെ fixity യും പോകും. നമ്മുടെ നാട്ടിലെ ഭൂമിയുടെ ദൗർലഭ്യം നിമിത്തം പലരും മലനാടു കളിൽപോയി, അത്തരം ഭൂമികൾ വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കി കൈവശപ്പെടുത്തിയിട്ടുണ്ട്. പ്ലാൻറേഷനുകളുടെയിടയിൽ, മൂന്നും നാലും മൈൽസ്ഥലം ഇങ്ങനെ ഒഴിഞ്ഞുകിടപ്പുണ്ടായിരിക്കും. അവിടെ കുടികയറി താമസിച്ചിട്ടുള്ളവരെ ഇന്നത്തെ ഡെഫനിഷൻ അനുസരിച്ച് ഒഴിപ്പിക്കാൻ സാധിക്കും. പ്ലാൻറർമാരിൽ ഇന്നു രണ്ടുവിഭാഗക്കാരുണ്ട്. യഥാർത്ഥത്തിൽ പ്ലാൻറേഷൻ നടത്തുന്നവരും, കുറേ ഭൂമിമാത്രം പ്ലാൻറേഷന് ഉപയോഗിച്ചിട്ട് മററസ്ഥലം നിലംകൃഷിക്കുപയോഗിക്കുന്നവരും ഉണ്ട്. ഒരാൾ,തന്റെ ഭൂമിയുടെ ജന്മം ഒരു പ്ലാൻററക്ക് കൊടുത്താൽ, പ്ലാൻറേഷൻ ആവശ്യം എന്നുള്ള നിലയിൽ ആ ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അധികാരം ഇന്നു കൊടുത്തിരിക്കുകയാണ്. ഒരു കാര്യം ഈ അവസരത്തിൽ സമ്മതിക്കുന്നു. നമ്മുടെ നാട്ടിൽ പ്ലാൻറേഷൻ വികസനം ആവശ്യമാണ്. പക്ഷേ, പ്ലാൻറേഷന്റെ പേരിൽ, ഈ രാജ്യത്തു വളരെയധികം ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

ചില പ്രത്യേക ആൾക്കാർ കൈവശം വെയ്ക്കാൻ ഇടയാകുന്ന ഒരു പരിതഃസ്ഥിതി വരാൻ പാടില്ല. ഞാൻ ഇതു പറയാൻ കാരണം, പുതിയ നിയമത്തിലെ പ്ലാന്റേഷൻ ഡെഫനിഷൻ അനുസരിച്ച് അതിനുള്ള സൗകര്യം കൂടുതലായി ലഭിക്കുന്നു എന്നുള്ളതാണ്. പ്രത്യേകം ചിലർക്കു കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ അവസരം നൽകുന്നവിധത്തിലാണ് പുതിയ ഡെഫനിഷൻ. പ്ലാന്റേഷന്റെ വികസനത്തെ തടസ്സപ്പെടുത്താതെ, കുടികിടപ്പുകാർക്കും, കുടിയാനും, ദോഷംവരാത്തവിധത്തിലുള്ള വകുപ്പുകൾ ഇതിൽ കൊള്ളിക്കേണ്ടതാണ്. ഇന്നാണെങ്കിൽ, പ്ലാന്റേഷൻ വികസിപ്പിക്കാനെന്ന വ്യാജേന കൂടുതൽഭൂമി കൈവശം വയ്ക്കാൻ ചിലക്ക് സൗകര്യം നൽകുന്ന ഒരു ഡെഫനിഷനാണ് ഇതിൽ ചേർത്തിരിക്കുന്നതു്. ഈ നിയമത്തിൽ, പ്ലാന്റേഷനെസംബന്ധിച്ച വ്യാഖ്യാനം നൽകുമ്പോൾ, ഈ നിയമത്തിന്റെ ഉദ്ദേശവും, ലക്ഷ്യവും പരാജയപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെല്ലാം വിഭാഗക്കാർക്ക് ഇന്നു് ആനുകൂല്യം നൽകിയിട്ടുണ്ടോ, അവരുടെ ആനുകൂല്യങ്ങൾ എടുത്തുകളയുന്ന തരത്തിലായിരിക്കരുതു് പുതിയ നിയമത്തിലെ വകുപ്പുകൾ. വലതുകൈകൊണ്ടു കൊടുത്തതു്, ഇടതു കൈയ്കൊണ്ടു തിരിച്ചെടുക്കുന്ന നയം കാര്യത്തിൽ സ്വീകരിക്കാൻ പാടില്ല. ഇന്നു പ്ലാന്റേഷനു കൊടുത്തിരിക്കുന്ന ഡെഫനിഷന്റെ വ്യാപ്തി ചുരുക്കണം. ആ ഉദ്ദേശത്തോടുകൂടി ഞാൻ പല ഭേദഗതികളും അവതരിപ്പിച്ചിട്ടുണ്ടു്. ഞാൻ എന്റെ ഭേദഗതികളെപ്പറ്റി സംസാരിക്കാം. ആദ്യത്തെ ഭേദഗതിയിൽ, tea, coffee, rubber, or cardamom........

എന്നു പറഞ്ഞിരിക്കുന്നതിൽ, സിനാമൺ കൃഷിചെയ്യുന്നതത്രെമാത്രം സ്ഥലത്താണെന്നുള്ളതിനു വ്യക്തമായ മറുപടി മന്ത്രിക്കുപോലും പറയാൻ സാധിക്കാതിരുന്നതുകൊണ്ട് അതിന്റെ പേരു പ്രത്യേകം പറയേണ്ട കാര്യമില്ല. കഴിഞ്ഞ നിയമത്തിൽ ഒരു വ്യവസ്ഥയുണ്ടായിരുന്നു, ഏതെങ്കിലും plantation നു ഭൂമി വേണമെന്നു തോന്നിയാൽ പൊതുതാൽപര്യത്തെ പരിഗണിച്ച് പ്രത്യേകതരത്തിലുള്ള പ്ലാന്റേഷനു് വേണ്ടഭൂമി ഒരു നോട്ടിഫിക്കേഷൻ മൂലം 'ഒഴിവാക്കി, plantation ആക്കി എന്നു്. ആ വകുപ്പ് അന്നു് എഴുതി ചേർത്തപ്പോൾ അപ്പുറത്തിരിക്കുന്നവരുടെ ഇന്നത്തെ മന്ത്രിയടക്കമുള്ളവരുടെ ധർമ്മരോഷം ഞാനോർത്തുപോകുന്നു. അതു കമ്മ്യൂണിസ്റ്റുകാർക്കു താൽപര്യമുള്ള ആരെയോ സംരക്ഷിക്കാൻ വേണ്ടിയാണ് എന്നു്. ആ വകുപ്പ് ഇന്നു കൂടുതൽ വ്യാപ്തിയോടുകൂടി Dairy farms വേണ്ടിയും Cattle breeding centre നുവേണ്ടിയും ഒഴിപ്പിച്ചിടാമെന്നു് 79 (3) ൽ ചേർത്തിട്ടുണ്ടു്. ഞങ്ങളിന്നാക്ഷേപിക്കുന്നില്ല Congress കാർക്കു വേണ്ടിയാണെന്നു്. പക്ഷേ ആ വകുപ്പ് ഇത്രയും Exemption വച്ചിട്ടു് ഇന്നു ആവശ്യമില്ലാതായിട്ടുണ്ടു്. നിയമത്തിന്റെ ഉദ്ദേശലക്ഷ്യത്തെ എടുത്തുകളഞ്ഞാൽത്തന്നെ പരാജയപ്പെടുത്തുന്ന തരത്തിലുള്ള വ്യാഖ്യാനങ്ങൾ ഉണ്ടാകാതിരിക്കാൻ അതു സഹായകമായിരുന്നു. അതിനുവേണ്ടിയാണ് എന്റെ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. പക്ഷേ, ഞാൻ എഴുതി കൊടുത്തതിൽ എങ്ങനെയോ ഒരു പിശകു പറ്റിയിട്ടുണ്ടു്. 'നോട്ടിഫിക്കേഷൻ' എന്നു വേണ്ടതിനു്, 'മോഡിഫിക്കേഷൻ' എന്നു തെറ്റായി ഇതിൽ എഴുതി ചേർത്തിരിക്കുന്നതു് തിരുത്തി 'നോട്ടിഫിക്കേഷൻ' എന്നുതന്നെയാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ആദ്യഭേദഗതിയുടെ ഉദ്ദേശ്യം plantation എന്ന വ്യാഖ്യാനം കാർഷികബന്ധനിയമം 1959 June 10-ാംനു- പാസാക്കിയപ്പോൾ ആ നിയമത്തിലുണ്ടായിരുന്ന വ്യാഖ്യാനം ഇന്നത്തെ നിയമത്തിൽ ചേർക്കണമെന്നാണു്. പ്രധാനമായിട്ടും കുടിയാനുള്ള അവകാശം നഷ്ടപ്പെടരുതു്. എന്നാൽ പ്ലാന്റേഷൻ ആവശ്യമായ വിധത്തിൽ വർദ്ധിപ്പിക്കാൻ ഉതകത്തക്ക വിധത്തിൽ ceiling chapter-ൽ അധികഭൂമി വെയ്ക്കണമെന്നാണു് plantation -ന്റെ വ്യാഖ്യാനം. Agricultured land-നെക്കൂടി ബാധിച്ചാൽ അവരുടെ rent എന്തായിരിക്കണമെന്നു് മന്ത്രിസഭ ആലോചിച്ചിട്ടുണ്ടോ ? പഴയ കാർഷിക ബന്ധനിയമം 16-ാം വകുപ്പു പ്രകാരം plantation-ന്റെ final list ഇങ്ങനെയാണു്:

"Provided that in the case of land used principally for the cultivation of tea, coffee, rubber or cardamom or such other kind of special crops as may be specified by Government by notification in the Gazette, or used for any purpose ancillary to the cultivation of such crops or for the preparation of the same for the market, the contract rent shall be deemed to be the fair rent."

അതുപോലെ പുതുതായി ഗവണ്മെന്റിനു് exemption കൊടുക്കാൻ അധികാരപ്പെട്ട ഭൂമിയിൽ മുഖ്യമന്ത്രി dairy farms & cattle breeding centres കൂടി പറഞ്ഞിരിക്കുന്നു. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ private മേഖലയിൽ Dairy farms-ഓ Cattle breeding centres-ഓ ഒന്നുംതന്നെ വിഭാവന ചെയ്തിട്ടില്ല. ഒരു വ്യക്തിപോലും അതിനു വിപുലമായ വിധത്തിൽ ഒരുക്കങ്ങളും നടത്തുന്നതായി അറിയുന്നില്ല. Government Norwegian Co-operation-നോടുകൂടി നടത്താനുദ്ദേശിക്കുന്നതാണെങ്കിൽ Government ഭൂമിയായതുകൊണ്ടു് ഈ നിയമത്തിൽ കൊണ്ടുവരണം. വലിയ തോതിൽ ഭൂമി plantation-ൽ ഉപയോഗിക്കാതിരിക്കുന്ന ഏതെങ്കിലും തോട്ടമുടമയുടെ പക്കൽനിന്നു ഭൂമിയെടുക്കാതിരിക്കാൻ ഉപയോഗിക്കുന്ന വകുപ്പെന്നേ ഇതിനെ കണക്കാക്കാനുള്ളു. ഈ നിയമം നിങ്ങൾക്കു ഭൂരിപക്ഷമുള്ളതുകൊണ്ടു് പാസാക്കിയേക്കാം. പാസാക്കിയാലും ഉദ്ദേശ്യലക്ഷ്യത്തിനു വിപരീതമല്ല എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്റെ രണ്ടാമത്തെ ഭേദഗതി:

"Plantation means any land used principally for growing tea, coffee, rubber or cardamom, having an extent of more than thirty acres, and employing more than twenty-five workers, and includes land used for the purpose of or ancillary to the cultivation of such crops or the preparation of the same for the market."

ഈ വ്യാഖ്യാനം Plantation Labour Act-ൽനിന്നെടുത്തതാണു്. Plantation ceiling-ൽനിന്നു ഒഴിവാക്കാൻ പ്രധാന കാരണം കൃഷിക്കുള്ള മൂലധനമുടക്കുകൊണ്ടല്ല, വളരെ തൊഴിലാളികൾക്കു് തൊഴിൽ നൽകുന്നു എന്നതുകൊണ്ടാണു്. Plantation വെട്ടിമുറിച്ചാൽ തൊഴിലാളിക്കു് തൊഴിലാനുകൂല്യങ്ങൾ നഷ്ടപ്പെടും. Plantation നിയമത്തിൽ ഉൾപ്പെടാതെ വരും. അതാണു് പ്രധാനമായി ceiling-ൽനിന്നു് exempt ചെയ്യുതു്. പണം invest ചെയ്ത plantation-നെപ്പോലെ കൃഷിചെയ്യുന്ന ഒരു കൃഷിയാണു് കമുകുകൃഷി. Plantation-ൽ കമുകുകൃഷിയും ഉൾപ്പെടുത്തണമെന്നു് കോടതി വിധിച്ചു. ഞങ്ങൾ കോടതിവിധി മാനിക്കുന്നില്ല. കാരണം plantation-നെ exempt ചെയ്യുതു് മൂലധനമുടക്കിന്റെ പേരിലല്ല. തൊഴിൽ സൗകര്യത്തിന്റെ പേരിലാണു്. ഞാൻ ആദ്യം കൊടുത്ത വ്യാഖ്യാനം അംഗീകരിക്കുന്നില്ല എങ്കിൽ രണ്ടാമതു കൊടുത്ത വ്യാഖ്യാനം അംഗീകരിച്ചാലും മതി. അതു് Central Government അംഗീകരിച്ച പ്ലാന്റേഷൻ ലേബർ ആക്ററിൽനിന്നു് എടുത്തിട്ടുള്ള വ്യവസ്ഥയാണു്. മുപ്പതു ഏക്കറിൽ കൂടുതലും 25 ജോലിക്കാരിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

കുറയാതെ ജോലി ചെയ്യുന്നതുമായ ഒന്നാണ് plantation എന്നാണ് ഞാൻ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആ വിധത്തിൽ ചേർക്കുകയോ മറേറാ ചെയ്യണം.

കാർഷികബന്ധനിയമത്തിൽ പാസാക്കിയിട്ടുള്ള പ്ലാന്റേഷന്റെ വ്യാഖ്യാനം ഞാൻ വായിക്കാം. ഇന്നത്തെ ഈ നിർവ്വചനവുമായിട്ട് അല്പം ചില വ്യത്യാസങ്ങൾ അതിലും വരുത്തിയിട്ടുണ്ട്. പ്രത്യേകമായി ചില crop-കൾ കൂട്ടിച്ചേർത്തു. കൊക്കൊ, cinamon എന്നിവയും, അതിനുപുറമെ Agricultural lands, whether it is required for plantation, or whether any land is within the vicinity or boundary of the plantation എന്ന Land Board-നു് തീരുമാനിക്കാനുണ്ടായിരുന്ന അവകാശങ്ങളും

'Plantation' means any land used by a person principally for the cultivation of tea, coffee, rubber or cardamom or such other kind of special എന്നു തുടങ്ങി lands used for the construction of office buildings, godowns, factories, quarters for workmen, hospitals, schools and play-grounds shall be deemed to be lands used for the purposes of sub-clause (a) പിന്നെ If any question arises as to whether any land is in the vicinity or within the boundaries.....or whether it is reserved and fit for the expansion of cultivation, it shall be determined by the Land Board.

ഇന്നത്തെ നിർവ്വചനത്തിൽ അതു് എടുത്തുകളഞ്ഞിരിക്കുകയാണ്. ലാൻഡു് ബോർഡു് തീരുമാനിക്കുന്നതിനു കൊടുത്തിരിക്കുന്ന അവകാശം ഇന്നത്തെ വ്യാഖ്യാനത്തിൽനിന്നും എടുത്തു കളഞ്ഞിരിക്കുകയാണ്.

ശ്രീ. പി. ടി. ചാക്കോ: എടുത്തു കളഞ്ഞിട്ടില്ല. 98 (4) അതാണ്.

ശ്രീമതി കെ. ആർ. ഗൗരി : നിർവ്വചനം ഇവിടെ കൊടുക്കുക. അതു കഴിഞ്ഞിട്ട് മറെറാരിടത്തു് Board-ന്റെ അധികാരത്തിൽ ഇതു ചേർക്കാനും കാരണമെന്തു്? തർക്കമില്ല എങ്കിൽ Planter തീരുമാനിക്കട്ടെ. ഇതെല്ലാം ആവശ്യമാണോ എന്നില്ലേ?

> "Section 98 deals with the 'powers of the Land Board and the Land Tribunal.' Section 98 (4) is this: "If for the purposes of sub-clause (b) of clause (44) of section 2, any question arises as to whether any land is in the vicinity or within the boundaries of the area cultivated with the crops referred to in the said sub-clause, or whether it is reserved and fit for the expansion of such cultivation, the question shall be decided by the Land Board, and the decision of the Land Board shall be final."

തർക്കമുണ്ടായിട്ടില്ല എങ്കിൽ Board തീരുമാനിക്കേണ്ടിവരുന്നില്ല. ഈ വകുപ്പ് ഒരു വശത്തുനിന്നു മറേറ വശത്തു മാററിയാൽ മുൻപു് നിന്നിരുന്ന സ്ഥലത്താണിരുന്നതെങ്കിൽ Agricultural Lands, Board തീരുമാനിക്കുന്നതു മാത്രമെ plantation-ന്റെ നിർവ്വചനത്തിൽ വരുമായിരുന്നുള്ളു. അങ്ങനെ വകുപ്പിന്റെ സ്ഥലം മാററി Planter-ക്ക് ഒരാനുകൂല്യം കൂടിയിരിക്കട്ടെ ഇല്ലേ?

ശ്രീ. പി. ടി. ചാക്കോ: 98 (4)-ൽ ഇതു ചേർത്തുപോയതുകൊണ്ട് എന്താണു് അപകടം? അതാണു് അപ്രോപ്രിയേററു് എന്നു തോന്നിയതുകൊണ്ടു് അങ്ങനെ ചെയ്തതാണ്. അതിൽ എന്താണൊരു വൈഷമ്യം?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഉന്നയിച്ചിട്ടുള്ള വാദം നിങ്ങൾ മുമ്പു വരുത്തിയിട്ടുള്ള ഭേദഗതികളിലേതാണ്? നിങ്ങൾതന്നെ അന്നു അങ്ങനെ ചേർത്തു് ഇന്നു് ഇപ്പോൾ പ്ലാന്റേഷന്റെ വ്യാഖ്യാനത്തിൽ വേണ്ട എന്നു വയ്ക്കുന്നതു് എന്തിനുവേണ്ടിയാണ്? ബോർഡിന്റെ അധികാരങ്ങൾ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്താണ് പ്രിസ്ക്രൈബ് ചെയ്യേണ്ടതെന്നുള്ളതിനെപ്പററി മന്ത്രിക്ക് മനസ്സിലായിട്ടുണ്ട്. ബോർഡിനു് എന്താണ് അധികാരമുള്ളതെന്നു ആ വാക്കിന്റെ നിർവ്വചനത്തിൽ ഉൾക്കൊള്ളിക്കുന്നതിന്റേയും അതു മറെറാരിടത്തു പറയുന്നതും തമ്മിലുള്ള വ്യത്യാസം മന്ത്രിക്കു മനസ്സിലായിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. തക്കമുണ്ടെങ്കിലേ ഉപയോഗിക്കുകയുള്ളു. മനസ്സിലായിക്കാണുമല്ലൊ.

Shri P. T. Chacko: It was thought that including the same in Section 98 (4) would be more appropriate, as it was not a part of the definition. Whether anybody in authority should be prescribed for deciding this matter was considered and that authority is the Land Board. Therefore naturally it goes to the section dealing with the powers of the Land Board. We thought it was more appropriate.

ശ്രീമതി കെ. ആർ. ഗൗരി: ഏതായാലും എന്റെ അഭിപ്രായത്തിൽ നിർവ്വചന clause-ൽ തന്നെ വരേണ്ടതാണ്. അല്ലെങ്കിൽ Board-ന്റെ powers ലേക്കു് മാററിയാൽ അതു് Board-ൽ തക്കം ചെന്നാലെ അംഗീകരിക്കുകയുള്ളു. അല്ലെങ്കിൽ ആ Agricultural lands മുഴുവനും Planter-ക്കു് ആവശ്യമാണെന്നു പറഞ്ഞുവക്കുവാൻ അധികാരം കിട്ടും. ആ വിധത്തിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ അനുവാദമുണ്ട്.

രണ്ടാമത്തെ എന്റെ ഭേദഗതി ഞാൻ കൊണ്ടുവന്നിരിക്കുന്നതു് പ്ലാന്റേഷനിൽ മുമ്പുള്ള വ്യാഖ്യാനം അനുസരിച്ചു് നിങ്ങൾ കൊടുത്തിരുന്ന അവകാശം നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടിയാണ്. പുതിയ വ്യാഖ്യാനംവച്ചു നോക്കുകയാണെങ്കിൽ ഞാൻ ഇന്നു കൊടുത്തിരിക്കുന്ന വ്യാഖ്യാനത്തിൽനിന്നും ഒരു വ്യത്യാസമുണ്ട്.

> "Lands contiguous to or in the vicinity of or within the boundaries of the area cultivated with such crops and in the possession of the person who is cultivating...."

ഇതു് 20% of the land ഈ നിയമം നടപ്പിൽ വരുമ്പോൾ Planter-ന്റെ കൈവശത്തിലുള്ളതായിരിക്കണം Reserve ചെയ്യാൻ അധികാരം കൊടുക്കേണ്ടതു് എന്നാണ് ഉദ്ദേശം. കാരണം ഞാൻ മുമ്പു പറഞ്ഞതുപോലെ പ്ലാന്റർക്കു് ഇന്നു് അന്യന്റെ ഉടമയിലിരിക്കുന്ന ഭൂമിയുടെ ജന്മം വാങ്ങിയാൽ വേറെ കുടിയാൻ ആ ഭൂമിയിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽപോലും ആ കൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ ജന്മാവകാശം വാങ്ങിയതു് തോട്ടത്തിനു് അടുത്തു് എന്ന നിലയിൽ plantation-ൽ വരും. കുടിയാനു് അവകാശപ്പെട്ട fields പോകയും ചെയ്യും. അതുകൊണ്ടാണ്

> 'In the possession of the person who is cultivating the plantation and 'at the time of the commencement of this Act.'

എന്നു വ്യക്തമായിട്ടുകൂടി എഴുതിച്ചേർക്കണമെന്നു് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഇതു് അംഗീകരിച്ചില്ല എങ്കിൽ കിഴക്കൻ പ്രദേശങ്ങളിൽ plantation-ന്റെ അടുത്തു കിടക്കുന്ന ഭൂമി ജന്മിമാർക്കു് transfer ചെയ്തു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

കുടിയാന്റെ കൈവശം ഉള്ള ഭൂമിയിൽ അവർ കൃഷി ചെയ്യുകയാണെങ്കിൽ അവരുടെ അവകാശസ്ഥിരത നഷ്ടപ്പെട്ടുപോകുകയും ചെയ്യും. ഞാൻ അവതരിപ്പിക്കുന്ന ഈ ഭേദഗതി അംഗീകരിച്ചാൽ ഒരു ബുദ്ധിമുട്ടും plantation-ന്റെ വികസനത്തിനുണ്ടാകുകയില്ല. പക്ഷെ പാവപ്പെട്ട കുടിയാന്റെ സ്ഥിരത നഷ്ടപ്പെടാതിരിക്കുകയും ചെയ്യും. അതംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ വകുപ്പ് അപ്പടി നിർത്തിയും തൊഴിലാളികൾ അവർക്കു കിട്ടേണ്ടതായ ഏതെങ്കിലും ഒരു അവകാശത്തിന്റേയോ മറ്റോ പേരിൽ പണിമുടക്കോ മറ്റോ നടത്തുകയാണെങ്കിൽ പ്ലാന്റേഷനു ആവശ്യമെന്ന പേരിൽ അവർ കൃഷിചെയ്യുന്ന സ്ഥലം അവരിൽനിന്നു് ഒഴിപ്പിക്കുവാൻ അവകാശം നൽകുന്നുണ്ടു്.

> "(a) land contiguous to, or in the vicinity of, or within the boundaries of, the area cultivated with plantation crops...."

അങ്ങനെ വല്ലാതെ പ്ലാന്ററുടെ കൈവശം ഉള്ള ഭൂമിയെ മാത്രം ബാധിക്കണം. ആ വിധത്തിൽ ഇതു ഉൾപ്പെടുത്തിക്കൊണ്ടു് കുടിയാന്റെ അവകാശം സംരക്ഷിക്കുകയും അതുപോലെ പ്ലാന്റേഷന്റെ സീലിംഗ് പ്രയോജനപ്പെടത്തക്ക വിധത്തിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

Mr. Speaker: Shri. Joseph Chazhikattu can speak to-morrow, The House will now adjourn and meet again to-morrow at 8 A. M.

The House adjourned at 1 P. M. to meet again at 8 A. M. on Thursday, the 7th November 1963.

LIBRARY ARCHIVES Kerala Legislative Assembly